32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 13, 2024 | Vol. XXXII No. 50 | Periodicals Postage Paid




# മാർ ജോർജ് കൂവക്കാട്ട് കർദ്ദിനാളായി അഭിഷിക്തനായി

വത്തിക്കാൻ സിറ്റി: ഭാരതസഭയ്ക്ക് കൃപയുടെ നിറവായി ചങ്ങനാശേരി അതിരൂപതാംഗം ആർച്ച്ബിഷപ് മാർ ജോർജ് ജേക്കബ് കൂവക്കാട്ട് കർദ്ദിനാൾ സംഘത്തിന്റെ ഭാഗമായി. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പ്രാർത്ഥനാ ചൈതന്യം നിറഞ്ഞ അന്തരീക്ഷത്തിൽ ഭാരതത്തിനു മുഴുവൻ അഭിമാനമായി ആർച്ച് ബിഷപ് മാർ ജോർജ് ജേക്കബ് കൂവക്കാട്ട് കർദ്ദിനാൾ സ്ഥാനമേറ്റു. ഭാരത കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർക്കപ്പെട്ട നിമിഷം. വൈദികനായിരിക്കെ നേരിട്ട് കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുന്ന ഭാരതത്തിലെ ആദ്യത്തെയാളായി മാർ ജോർജ് കൂവക്കാട്ട്.


ഡിസംബർ ഏഴിന് മൂന്നരയോടെ (ഇന്ത്യൻ സമയം രാത്രി എട്ടിന്) ആണ് ചടങ്ങുകൾ തുടങ്ങിയത്. കർദ്ദിനാളുമാർക്കുള്ള ഉപദേശരൂപേണയുള്ള പ്രസംഗം ഫ്രാൻസിസ് മാർപാപ്പ നിർവഹിച്ച ശേഷമാണ് പ്രധാന ചടങ്ങുകൾ ആരംഭിച്ചത്. പ്രാദേശികസമയം വൈകുന്നേരം നാലോടെ നിയുക്ത കർദ്ദിനാൾമാർ പ്രദക്ഷിണമായി അൾത്താരയിലെത്തി.



വത്തിക്കാനിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ് മാർ ജോർജ് ജേക്കബ് കൂവക്കാട്ടിനെ ഫ്രാൻസിസ് മാർപാപ്പ സ്ഥാനചിഹ്നങ്ങൾ അണിയിക്കുന്നു.

തുടർന്നു ചടങ്ങിനു തുടക്കമായി മാർപാപ്പ പ്രാർഥന നടത്തി. വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടുചേർന്ന് സഭാശുശ്രൂഷ നിർവഹിക്കാൻ ഏതാനും സഹോദരങ്ങളെ കർദിനാൾ തിരുസംഘത്തിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നതായി മാർപാപ്പ അറിയിച്ചു. തുടർന്ന് സുവിശേഷവായന നടന്നു. ദൈവമഹത്വത്തിനും സഭയുടെ പുകഴ്ചയ്ക്കുമായി

(ശേഷം 30-ാം പേജിൽ)





# ARACKAL VACATION HOME

UZHAVOOR, KOTTAYAM, KERALA



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING: USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM






32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പാർലമെന്റിൽ പ്രതിഷേധം
8 അസമിൽ ബീഫ് നിരോധിച്ചു
12 ബാങ്കിംഗ് ഭേദഗതി ലോക്സഭ പാസാക്കി
13 സിഎംഎ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ്
21 സിഎംഎയുടെ ക്രിസ്മസ്–പുതുവത്സരാഘോഷങ്ങൾ

# സിറിയയിൽ വിമതസഖ്യം അധികാരം പിടിച്ചു

ഡമാസ്കസ്: പശ്ചിമേഷ്യയൊന്നാകെ സംഘർഷഭരിതമായിരിക്കെ, സിറിയയിൽ അപ്രതീക്ഷിത ഭരണ അട്ടിമറി. ഹയാത്ത് തഹ്രീർ അൽ ശാം സംഘടന നേതൃത്വം നൽകുന്ന വിമതസഖ്യം അധികാരം പിടിച്ചു. പ്രസിഡണ്ട് ബഷാർ അൽ അസദ് രാജ്യം വിട്ടു. അധികാരക്കൈമാറ്റത്തിനു തയാറാണെന്നും വിമതരുമായി സഹകരിക്കുമെന്നും തലസ്ഥാനമായ ഡമാസ്കസിൽ തുടരുന്ന പ്രധാനമന്ത്രി മുഹമ്മദ് ഗാസി ജലാലി അറിയിച്ചു. ഭരണ കൈമാറ്റം പൂർത്തിയാകുംവരെ സർക്കാർ വിഭാഗങ്ങൾ പ്രധാനമന്ത്രിയുടെ മേൽനോട്ടത്തിൽ തുടരുമെന്നു ഹയാത്ത് തഹ്രീർ അൽ ശാം (എച്ച്ടിഎസ്) തലവൻ അബു മുഹമ്മദ് അൽ ജുലാനി പ്രഖ്യാപിച്ചു. അസദ് ഭരണത്തിന്റെ അന്ത്യം ആഘോഷിച്ച് തെരുവിലിറങ്ങിയ



ജനം അസദിന്റെ സ്വകാര്യവസതിയിൽ ഇരച്ചുകയറി സാധനങ്ങൾ കൊള്ളയടിച്ചു. സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയ വിമതസേന ഡമാസ്കസിൽ കർഫ്യൂ പ്രഖ്യാപിച്ചു.

ഇറാൻ, റഷ്യൻ പിന്തുണയോടെയാണ് സിറിയൻ സർക്കാർ സേന വിമതരെ പ്രതിരോധിച്ചിരുന്നത്. മുന്നോട്ടുള്ള കാലം സിറിയൻ ജനതയുടെ ഉത്തരവാദിത്തമാണെന്നും വിദേശ ഇടപെടൽ അരുതെന്നും അസദ് പുറത്തായതിനു പിന്നാലെ ഇറാൻ പ്രതികരിച്ചു.

വിമതർ ഡമാസ്കസ് പിടിച്ചതോടെ ഇറാൻ എംബസിക്കു നേരെ ആക്രമണം നടന്നു.

നവംബർ 27-ന് തുടങ്ങി ശരവേഗത്തിൽ മുന്നേറിയ വിമതസേന ഒരാഴ്ചയ്ക്കുള്ളിൽ അലപ്പോ, ഹമ, ഹുംസ് പ്രവിശ്യകൾ പിടിച്ച് കളമുറപ്പിച്ച ശേഷം തെക്കൻ മേഖലകളുടെ നിയന്ത്രണം ഏറ്റെടുത്ത് ഡമാസ്കസിൽ പ്രവേശിക്കുകയായിരുന്നു.

അസദിനെ പുറത്താക്കാനുള്ള പോരാട്ട ഘട്ടം പൂർത്തിയാക്കി സിറിയയെ ഏകീകരിക്കാനുള്ള പുതിയ പോരാട്ടത്തിലാണെന്നു വിമതസഖ്യം പ്രഖ്യാപിച്ചു.

സിറിയയിൽ തീവ്രവാദിസംഘമായ ഹയാത് തഹ്രീർ അൽ-ഷാം (എച്ച്ടിഎസ്) വിമതർ അധികാരം പിടിച്ചെടുത്തതിനെത്തുടർന്ന് പ്രസിഡണ്ട് ബഷർ അൽ അസാദും കുടുംബവും മോസ്കോയിൽ അഭയംതേടി. അസദിനും കുടുംബത്തിനും റഷ്യ അഭയം നൽകിയെന്ന് റഷ്യൻ വാർത്താ ഏജൻസി ടാസ് സ്ഥിരീകരിച്ചു.

വിമതരുമായി തങ്ങൾ കൂടി ഇടപെട്ട് നടത്തിയ ചർച്ചയെത്തുടർന്നാണ് ബഷർ അൽ അസാദ് രാജ്യം വിട്ടതെന്ന് നേരത്തെ റഷ്യ അറിയിച്ചിരുന്നു. എച്ച്ടിഎസ് ആരംഭിച്ച വലിയ തോതിലുള്ള ആക്രമണത്തിന്റെ ഒടുവിൽ സിറിയൻ തലസ്ഥാനം അതിവേഗം പിടിച്ചെടുക്കുകയായിരുന്നു.

അതിനിടെ, സിറിയയിൽ വ്യോമാക്രമണം നടത്തി ഇസ്രയേൽ. വിമതസേന (ശേഷം 12-ാം പേജിൽ)

## ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ധാക്കയിൽ

ധാക്ക: ബംഗ്ലാദേശിൽ ഹിന്ദു ന്യൂനപക്ഷത്തിനെതിരെ നടക്കുന്ന അക്രമങ്ങളിൽ ഇന്ത്യയുടെ ആശങ്ക അറിയിക്കാൻ ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ധാക്കയിലെത്തി. ബംഗ്ലാദേശിൽ മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിൽ ഇടക്കാല സർക്കാർ അധികാരമേറ്റതി



നു പിന്നാലെയുള്ള ആദ്യ ഔദ്യോഗിക സന്ദർശനമാണിത്. ബംഗ്ലാദേശി വിദേശകാര്യ സെക്രട്ടറി ജഷിം ഉദിനുമായി വിക്രം മിശ്രി ചർച്ച നടത്തും. ഓഗസ്റ്റ് 8-ന് ഇടക്കാല സർക്കാർ ചുമതലയേറ്റശേഷം ബംഗ്ലാദേശ് (ശേഷം 30-ാം പേജിൽ)

## വയനാട് പുനരധിവാസം സർക്കാരിന് കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: വയനാട് ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കണക്കുകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിനും ദുരന്തനിവാരണ അഥോറിറ്റിക്കും ഹൈക്കോടതിയുടെ രൂക്ഷവിമർശനം.

ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി കേന്ദ്രത്തോട് സഹായം ആവശ്യപ്പെടുമ്പോൾ കൃത്യമായ കണക്ക് വേണമെന്ന് സംസ്ഥാന സർക്കാരിനോട് കോടതി നിർദേശിച്ചു.

ദുരന്ത നിവാരണ അഥോറിറ്റി ഫണ്ട് കൈമാറാൻ മാസങ്ങൾ താമസിച്ചതെന്താണെന്നു ചോദിച്ച ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാരും സി.പി. മുഹമ്മദ് നിയാസും അടങ്ങിയ ഡിവിഷൻ ബെഞ്ച് ഓഡിറ്റിംഗ് പോലും കൃത്യമല്ലല്ലോയെന്നും കുറ്റപ്പെടുത്തി. ആരെയാണ് വിഡ്ഢികളാക്കാൻ ശ്രമിക്കുന്നതെന്നും കോടതി ചോദിച്ചു.


677 കോടി രൂപയിൽ നിന്ന് എത്ര രൂപ ചൂരൽമല-മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ചെലവഴിക്കാൻ കഴിയുമെന്ന് അറിയില്ലെങ്കിൽ പിന്നെ എങ്ങനെ പണമില്ലെന്നു പറയും.

കേന്ദ്രവും സംസ്ഥാനവും പരസ്പരം ആരോപണം ഉന്നയിക്കുന്നതിനു പകരം കണക്ക് കൃത്യമായി തയ്യാറാക്കൂ. 677 കോടി രൂപയിൽ നിന്ന് എത്ര രൂപ മറ്റു നിർമാണപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളതാണെന്നു വ്യക്തമായി പറയണം. (ശേഷം 12-ാം പേജിൽ)

### പാത്രിയർക്കീസ് ബാവ ശ്ലൈഹീക സന്ദർശനം നടത്തി

## ജോസഫ് മാർ ഗ്രിഗോറിയോസ് പുതിയ ശ്രേഷ്ഠ കാതോലിക്കാ ബാവാ

കൊച്ചി: ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാ



ജോസഫ് മാർ ഗ്രിഗോറിയോസ്

വ ഇന്ത്യയിലെ അഞ്ചാം ശ്ലൈഹീക സന്ദർശനത്തിനു കൊച്ചിയിലെത്തി. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ 40-ാം ഓർമ്മദിന ശുശ്രൂഷകൾ നിർവഹിക്കാനാണ് പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ സന്ദർശനം.

കേരള സർക്കാരിന്റെ അതിഥിയായെത്തിയ ബാവായെ മലങ്കര സഭയിലെ മെത്രാപ്പോലീത്തമാരും സഭാ ഭാരവാഹികളും ചേർന്നു സ്വീകരിച്ചു. ശ്രേഷ്ഠ ബാവയുടെ 40-ാം ഓർമ്മദിനമായ ഡിസംബർ എട്ടിന് രാവിലെ 7.30 ന് ബാവയുടെ മുഖ്യ കാർമികത്വത്തിൽ കുർബാന നടത്തി. തുടർന്നു നടന്ന ശ്രേഷ്ഠ ബാവയുടെ അനുസ്മരണ യോഗത്തിൽ പാത്രിയർക്കീസ് ബാവ മുഖ്യപ്രഭാഷണം നടത്തി.

യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പൊലീത്ത ജോസഫ് മാർ ഗ്രിഗോറിയോസ് സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായാകും. സ്ഥാനാരോഹണ തീയതിയും സ്ഥലവും പിന്നീടു തീരുമാനിക്കും.

ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ കാലം ചെയ്തതിനെത്തുടർന്ന് ഒഴിവുവന്ന കാതോലിക്കാ സ്ഥാനത്തേക്കു ജോസഫ് മാർ ഗ്രിഗോറിയോസിനെ വാഴിക്കണമെന്നു സഭാ സമിതികളായ എ



കാലം ചെയ്ത ശ്രേഷ്ഠ ബാവയുടെ കബറിങ്കൽ പാത്രിയർക്കീസ് ബാവ ധൂപപ്രാർത്ഥന നടത്തുന്നു

പ്പിസ്കോപ്പൽ സിനഡ്, മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി എന്നിവ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായോട് അഭ്യർത്ഥിച്ചിരുന്നു.

(ശേഷം 30-ാം പേജിൽ)

# ഭാരതീയ വായുയാൻ വിധേയക് ബിൽ പാസാക്കി; പാർലമെന്റിൽ പ്രതിഷേധം

ന്യൂഡൽഹി: സ്വകാര്യ വിമാനക്കമ്പനികൾ യാത്രക്കാരെ കൊള്ളയടിച്ച് വൻനിരക്ക് ഈടാക്കുന്നതിനെതിരെയും പുതിയ ബില്ലുകളുടെ പേരുകൾ ഹിന്ദിവത്കരിക്കുന്നതിനെതിരെയും പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം. ഇതിനിടയിൽ, 90 വർഷം പഴക്കമുള്ള വിമാന നിയമത്തിനു (എയർക്രാഫ്റ്റ് ആക്ട്) പകരമുള്ള ഭാരതീയ വായുയാൻ വിധേയക് ബിൽ രാജ്യസഭ പാസാക്കി. ലോക്സഭ ഈ ബിൽ നേരത്തേ പാസാക്കിയിരുന്നു.

വിമാനങ്ങളുടെ നിർമാണം, രൂപകല്പന, അറ്റകുറ്റപ്പണി, കൈവശാവകാശം, ഉപയോഗം, പ്രവർത്തനം കയറ്റിറക്കുമതി തുടങ്ങിയ വിവിധ കാര്യങ്ങളിൽ ആത്മനിർഭരത കൊണ്ടുവരാനുതകുന്ന രീതിയിൽ പരിഷ്കരിച്ചതാണ് പുതിയ ബിൽ. ലോക്സഭ പാസാക്കിയ ബിൽ രാജ്യസഭ ശബ്ദവോട്ടോടെ പാസാക്കി. നേരത്തേ 21 തവണ നിയമം ഭേദഗതി ചെയ്തിരുന്നു. രാഷ്ട്രപതി ഒപ്പിട്ട് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടെ നിയമമാകും. തോന്നുംപടിയുള്ള വിമാനടിക്കറ്റ് നിരക്കു വർധന അനുവദിക്കില്ലെന്ന് വ്യോമയാന മന്ത്രി കെ. രാംമോഹൻ നായിഡു പറഞ്ഞു. നിരക്കുകളിലെ മാറ്റം 24 മണിക്കൂർ സിവിൽ ഏവിയേഷൻ അതോറിറ്റിയെ അറിയിച്ചാൽ മതിയെന്ന വ്യവസ്ഥ മാറും.

വിമാനനിരക്ക് നിയന്ത്രണം അന്താരാഷ്ട്രതലത്തിൽത്തന്നെ ഇല്ലാതാക്കിയതാണെന്ന് വ്യോമയാനമന്ത്രി പറഞ്ഞു. വിമാനനിരക്കിന്റെ 45 ശതമാനം ഇന്ധനത്തിനാണ് പോകുന്നത്. സംസ്ഥാന സർക്കാരുകൾ വാറ്റ് നിരക്ക് കൂട്ടുന്നത് ടിക്കറ്റ് നിരക്ക് വർധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. പല സംസ്ഥാനങ്ങളും വാറ്റ് നാലു ശതമാനത്തിൽ താഴ്ത്തിയെങ്കിലും പശ്ചിമ ബംഗാൾ, ഡൽഹി, തമിഴ്നാട് സർക്കാരുകൾ കുറയ്ക്കാത്തത് ടിക്കറ്റ് നിരക്ക് വർധനയ്ക്കിടയാക്കുന്നു. തുടക്കത്തിൽ വരുമാന നഷ്ടം സംസ്ഥാനങ്ങൾക്കുണ്ടാകുമെങ്കിലും വ്യോമയാന മേഖല പുഷ്ടിപ്പെടുന്നതോടെ വരുമാനം കൂടും. വിമാന സർവീസ് കമ്പനികളുടെ വെബ്സൈറ്റിന്റെ ഹോം പേജിൽ ടിക്കറ്റ് നിരക്ക് നൽകണമെന്നത് കർശനമാക്കി.

അഞ്ചിരട്ടി വരെ ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് പാവപ്പെട്ടവരോടുള്ള സംഘടിത കൊള്ളയാണെന്ന് കേരള എംപിമാർ പറഞ്ഞു. പാവപ്പെട്ട ഒരു കുടുംബത്തിന് 36,000 രൂപയ്ക്ക് എടുത്തിരുന്ന വിമാന ടിക്കറ്റിന് 3.64 ലക്ഷം വരെ ഇപ്പോൾ ചെലവ് വരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽനിന്നു ഡൽഹിയിലേക്കും തിരിച്ചുമുള്ള വിമാനക്കൂലിയും അഞ്ചിരട്ടി വരെയാണു കൂട്ടിയതെന്ന് എംപിമാർ ചൂണ്ടിക്കാട്ടി.

# ഡൽഹിയിൽ 44 സ്കൂളുകൾക്ക് ബോംബ് ഭീഷണി

ന്യൂഡൽഹി: ഡൽഹിയിലെ 44 സ്കൂളുകൾക്ക് ബോംബ് ഭീഷണി. ഡിപിഎസ് ആർകെ പുരം, പശ്ചിമ വിഹാറിലെ ജിഡി ഗോയങ്ക എന്നിവയുൾപ്പെടെയുള്ള വിദ്യാലയങ്ങൾക്കാണ് ബോംബ് ഭീഷണി. ഡിസംബർ എട്ടിന് രാത്രി 11.38-നാണ് ഡൽഹി പോലീസിന് ഇ-മെയിലിൽ ഭീഷണിസന്ദേശം ലഭിച്ചത്. ബോംബ് നിർവീര്യമാക്കാൻ 30,000 ഡോളർ (25 ലക്ഷത്തിലേറെ രൂപ) ആവശ്യപ്പെട്ടതായും പോലീസ് പറഞ്ഞു.

ഭീഷണിയെത്തുടർന്ന് സ്കൂളുകൾ അടച്ചു. വിദ്യാർത്ഥികളെ തിരിച്ചയച്ചു. ഫയർഫോഴ്സ്, ഡോഗ് സ്ക്വാഡ്, ബോംബ് ഡിറ്റക്ഷൻ ടീം, പോലീസ് എന്നിവരടക്കം സ്കൂളിലെത്തി തെരച്ചിൽ നടത്തുകയാണ്. കെട്ടിടങ്ങൾക്കുള്ളിൽ ഒന്നിലധികം ബോംബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നാണ് ഇ-മെയിൽ അവകാശപ്പെടുന്നത്. കെട്ടിടങ്ങൾക്കു വൻനാശനഷ്ടം സംഭവിക്കില്ലെങ്കിലും നിരവധി ആളുകൾ മരിക്കാനും അംഗഭംഗം വരുത്താനും സ്ഫോടനങ്ങൾക്കു കഴിയുമെന്ന് ഇ-മെയിലിലുണ്ട്. സംഭവത്തിൽ ഡൽഹി പോലീസ് ഊർജിത അന്വേഷണം ആരംഭിച്ചു.

ഒക്ടോബറിൽ രോഹിണിയിലെ പ്രശാന്ത് വിഹാർ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സിആർപിഎഫ്) സ്കൂളിനു പുറത്ത് സ്ഫോടനം സംഭവിച്ചിരുന്നു. സ്ഫോടനത്തിൽ സ്കൂൾ മതിലിനും സമീപത്തെ കടകൾക്കും വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.

# ശ്രുതിക്ക് വയനാട് കളക്ടറേറ്റിൽ ജോലി നല്കി

കല്പറ്റ: ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ ഉറ്റവരെ നഷ്ടപ്പെട്ട ശ്രുതി സർക്കാർ ജോലിയിൽ പ്രവേശിച്ചു. കല്പറ്റ കളക്ടറേറ്റിലെത്തി എഡിഎം കെ.ദേവകിയുടെ മുമ്പാകെ റവന്യൂ വകുപ്പിൽ ക്ലാർക്കായാണ് ജോലിയിൽ പ്രവേശിച്ചത്. അപകടത്തിൽ പരുക്കേറ്റതിനാൽ ഊന്നുവടിയുടെ സഹായത്തോടെയാണ് കളക്ടറേറ്റിലെത്തിയത്. ജോലിയിൽ പ്രവേശിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ശ്രുതി പ്രതികരിച്ചു. ഈ ഘട്ടത്തിൽ എല്ലാവരോടും നന്ദി പറയുകയാണ് ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുകയാണെന്നും ശ്രുതി പറഞ്ഞു. ചൂരൽമല ഉരുൾപൊട്ടലിൽ മാതാപിതാക്കളെയും സഹോദരിയെയും വീടും നഷ്ടമായ ശ്രുതിക്ക് പ്രതിശ്രുത വരൻ ജെൻസനായിരുന്നു കൂട്ട്. മാസങ്ങൾക്കു മുമ്പു നടന്ന വാഹനാപകടത്തിൽ ജെൻസനെയും ശ്രുതിക്ക് നഷ്ടമായി. സാരമായി പരുക്കേറ്റ ശ്രുതി ഏറെനാൾ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ബന്ധുവിനൊപ്പം കല്പറ്റയിലെ വാടകവീട്ടിൽ താമസിക്കുന്ന ശ്രുതിയുടെ വിവാഹം നടക്കാനിരിക്കെയാണ് പ്രതിശ്രുത വരനും മരിച്ചത്. ശ്രുതിയുടെ താല്പര്യപ്രകാരം വയനാട് കളക്ടറേറ്റിൽ തന്നെ ജോലി നല്കുകയായിരുന്നു. ശ്രുതിക്കു വേണ്ടി സന്നദ്ധ സംഘടന കല്പറ്റയിൽ വീട് നിർമ്മിക്കുന്നുണ്ട്.



# വായ്പയെടുത്തു മുങ്ങിയ മലയാളികൾക്കെതിരെ പോലീസ് അന്വേഷണം

കൊച്ചി: കുവൈറ്റിലെ ബാങ്കുകളിൽനിന്നെടുത്ത കോടികളുടെ വായ്പ തിരിച്ചടയ്ക്കാതെ രാജ്യം വിട്ട മലയാളികളെ പൂട്ടാൻ തീരുമാനിച്ച് ബാങ്കുകൾ. ഇവരിൽനിന്നു കിട്ടാക്കടം തിരിച്ചുപിടിക്കാൻ കുവൈറ്റ് ഗൾഫ് ബാങ്ക് അധികൃതർ കേരളത്തിലെത്തി. തിരുവനന്തപുരം പോലീസ് ആസ്ഥാനത്തു നേരിട്ടെത്തി ഇവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേരളത്തിലുടനീളം പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

നിലവിൽ പത്ത് എഫ്ഐആർ രജിസ്റ്റർ ചെയ്തതിൽ ഒമ്പത് എണ്ണവും എറണാകുളം സ്വദേശികൾക്കെതിരെയാണ്. കോട്ടയം കുമരകം സ്വദേശിക്കെതിരെയും എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പോലീസ് ആസ്ഥാനത്തുനിന്നുള്ള പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ ക്രൈംബ്രാഞ്ചുകൾക്ക് കേസ് കൈമാറും. ദക്ഷിണമേഖല ഐജി അന്വേഷണം ഏകോപിപ്പിക്കും. തട്ടിപ്പ് നടത്തിയവർക്കെതിരെ കടുത്ത ക്രിമിനൽ നിയമനടപടികൾ സ്വീകരിക്കാനാണു ബാങ്കധികൃതർ ഉദ്ദേശിക്കുന്നതെന്ന് ബാങ്കിനു കേരളത്തിൽ നിയമസഹായം നൽകുന്ന ഹൈക്കോടതി അഭിഭാഷകൻ തോമസ് ജെ. ആനക്കല്ലുങ്കൽ പറഞ്ഞു.

കേരളത്തിൽനിന്നു മാത്രം 1425-ഓളം പേർ കുവൈറ്റിൽ തട്ടിപ്പ് നടത്തി ഇവിടേക്കു വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 2019-20 കാലഘട്ടത്തിലാണ് തട്ടിപ്പുകൾ ഏറെയും നടത്തിയിട്ടുള്ളത്. ആദ്യം ബാങ്കിൽനിന്നു ചെറിയ തുക വായ്പയെടുത്ത് ഇതു കൃത്യമായി തിരിച്ചടച്ച് ക്രെഡിറ്റ് സ്കോർ ഉയർത്തിയശേഷം വലിയ തുക വായ്പയെടുത്ത് മുങ്ങുകയായിരുന്നു.

കുവൈറ്റിനുപുറമേ യുഎഇയും സൗദി അറേബ്യയും ഖത്തറും ഒമാനും ഉൾപ്പെടെ മിക്ക ഗൾഫ് രാജ്യങ്ങളിലുമുള്ള ബാങ്കുകൾ മുമ്പുണ്ടാകാത്തവിധം കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ വായ്പാത്തട്ടിപ്പിനിരയായിട്ടുണ്ട്. സ്വത്ത് ജപ്തി ചെയ്തു കുടിശികത്തുക ഈടാക്കുന്നതിന് പുറമെ പ്രതികൾക്ക് ഏഴു വർഷം വരെ തടവുശിക്ഷ നൽകാനും വ്യവസ്ഥ ചെയ്യുന്ന വകുപ്പുകൾ കേസുകളിൽ ഉൾപ്പെടുന്നു. ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂരിഭാഗം എഫ്ഐആറിലെയും പ്രതികൾ കുവൈറ്റ് മിനിസ്ട്രി ഓഫ് ഹെൽത്ത് ജീവനക്കാരായിരുന്നവരാണ്.

ഇവരിൽ ചിലർ മാത്രമാണു നിലവിൽ കേരളത്തിലുള്ളതെന്നും മിക്കവരും യൂറോപ്യൻ രാജ്യങ്ങളിലോ യുഎസ്, കാനഡ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലോ ആണെന്നുമാണ് പ്രാഥമിക അന്വേഷണത്തിനുശേഷമുള്ള പോലീസ് നിഗമനം.

# ബെല്ലാരി ആശുപത്രിയിലെ പ്രസവ വാർഡിൽ കൂട്ടമരണം

ബെംഗ്ളൂരു: ബെല്ലാരി സർക്കാർ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ അഞ്ചു സ്ത്രീകൾ മരിച്ചു. ഈ സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് കർണാടക സർക്കാർ. സംഭവത്തിൽ ബംഗാളിലെ പശ്ചിമബംഗാ ഫാർമസ്യൂട്ടിക്കൽസിനെതിരെ അന്വേഷണം നടക്കുന്നുണ്ട്. കർണാടകയിലെ മരുന്നു സംഭരണകേന്ദ്രങ്ങളിലും അന്വേഷണം നടന്നുവരികയാണ്. ആശുപത്രിയിൽ മൂന്നു ദിവസത്തിനിടെ പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ അഞ്ചു പേരാണ് മരിച്ചത്. ഏഴുപേർ ഗുരുതര ആരോഗ്യപ്രശ്നങ്ങളുമായി ചികിത്സയിലാണ്. ഇവരുടെ മരണകാരണം പ്രസവത്തോടനുബന്ധിച്ചു നല്കിയ മരുന്നാണെന്നാണ് നിഗമനം. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം മുഖ്യമന്ത്രി വിളിച്ചിട്ടുണ്ട്. സംഭവം വിവാദമായതോടെ രാജിസന്നദ്ധത അറിയിച്ച് കർണാടക ആരോഗ്യമന്ത്രി ദിനേഷ് ഗുണ്ടു രംഗത്തെത്തി. ഇത് അധികാരത്തിന്റെയോ അഭിമാനത്തിന്റെയോ കാര്യമല്ല, ആളുകളുടെ ജീവനുമായി ബന്ധപ്പെട്ട കാര്യമാണ്. ഇക്കാര്യത്തെ ഗൗരവത്തോടെ കാണുന്നു. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി പറഞ്ഞു. പ്രസവത്തെ തുടർന്നു മരിച്ച അമ്മമാരുടെ കുട്ടികൾ ആരോഗ്യത്തോടെ ഇരിക്കുന്നതായാണ് വിവരം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 50
December 13, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

നന്മയുടെ ഭണ്ഡാഗാരമാണ് ഒരു പുഞ്ചിരിയിൽ അടങ്ങിയിരിക്കുന്നത്.
**മദർ തെരേസ**

ഉത്സാഹത്തോടെ ജോലി തുടങ്ങുക; പാതിജോലി ഉടനെ തീരും.
**ചാണക്യൻ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com



# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സ്മാർട്ടാകാതെ പോകുന്ന പദ്ധതികൾ

അത്യാധുനിക ഐടി കേരളം കെട്ടിപ്പടുക്കാൻ ഏറെ പ്രതീക്ഷയോടെ നമ്മൾവെച്ച ചുവടായിരുന്നു കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി. ദുബായ് ഹോൾഡിങ്സിന്റെ ടീകോം കമ്പനി പ്രധാനപങ്കാളികളായ പദ്ധതി. ലോക ഐടി ഭൂപടത്തിൽ ശ്രദ്ധാകേന്ദ്രമാക്കി കേരളത്തെ മാറ്റാൻപോന്ന ആശയമായിരുന്നു അത്. 2020-ഓടെ 90,000 പേർക്ക് തൊഴിലവസരം നൽകുകയായിരുന്നു ഒരു ലക്ഷ്യം. 13 വർഷം കഴിഞ്ഞിട്ടും പത്തുശതമാനം മാത്രമാണ് പുരോഗതി. പലവട്ടം സർക്കാർ ഇക്കാര്യം ചർച്ചചെയ്തിട്ടും കാര്യമായ ഒരു ഫലവുമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് പ്രധാനപങ്കാളിയായ ടീകോമിനെ നഷ്ടപരിഹാരംനൽകി പദ്ധതിയിൽനിന്നൊഴിവാക്കുന്നത്. യുഎഇയ്ക്കു പുറത്തുള്ള പദ്ധതികളുമായി മുന്നോട്ടുപോകേണ്ടെന്ന നിലപാട് ടീകോം സ്വീകരിച്ചതോടെത്തന്നെ പദ്ധതിക്കായുള്ള പ്രതീക്ഷകൾ അവസാനിച്ചിരുന്നു. ഇനിവേണ്ടത് നിർദിഷ്ടസ്ഥലത്ത് പുതിയ നിക്ഷേപപങ്കാളിയെ എത്രയുംപെട്ടെന്ന് കണ്ടെത്തുക എന്നതാണ്. സ്ഥലത്തോടുചേർന്നുള്ള ഇൻഫോ പാർക്കിന്റെ വികസനസാധ്യതകളും അധികൃതർ കാണേണ്ടതുണ്ട്.

കേരള സർക്കാരിന്റെ സമ്മർദത്തിനൊടുവിലാണ് അവരുടെ പിന്മാറ്റമെന്നാണു പറയുന്നത്. എന്തു കാരണംകൊണ്ടായാലും ഇത്രയും വർഷം പാഴാക്കിയശേഷമുള്ള ടീകോമിന്റെ പിന്മാറ്റം അപലപനീയമാണെന്നതിൽ സംശയമില്ല. അതേസമയം, പദ്ധതിയുമായി മുന്നോട്ടുപോകാൻ അവർക്കു താൽപര്യമില്ലെന്നു സർക്കാരിനു ബോധ്യപ്പെടാൻ ഇത്രയും നിഷ്ക്രിയ വർഷങ്ങൾ വേണ്ടിവന്നതും ദുരൂഹം. പദ്ധതിയുടെ ഓരോ ഘട്ടത്തിലും സർക്കാർ കൃത്യമായ വിലയിരുത്തലും ആവശ്യമായ തിരുത്തൽനടപടികളും നടത്തിയിരുന്നെങ്കിൽ സ്മാർട് സിറ്റി വഴിയാധാരമാകുമായിരുന്നില്ല.

പദ്ധതി പൂർത്തീകരിക്കുന്നതിൽ ടീകോം വീഴ്ച വരുത്തിയാൽ അവരുടെ നിക്ഷേപവും മുടക്കുമുതലും ഉൾപ്പെടെ സർക്കാരിലേക്കു കണ്ടുകെട്ടാമെന്ന കരാർവ്യവസ്ഥ ഒഴിവാക്കിയാണ്, അവർക്കുകൂടി സമ്മതമായ മൂല്യനിർണയരീതിയും നഷ്ടപരിഹാര വ്യവസ്ഥയും സർക്കാർ സ്വീകരിച്ചത്. കരാർപ്രകാരം 2021-ൽ പൂർത്തിയാകേണ്ട പദ്ധതിയിലെ വീഴ്ച ഒരുഘട്ടത്തിലും ചൂണ്ടിക്കാട്ടി നടപടിയെടുക്കാതെ, നഷ്ടപരിഹാരം നൽകി ഒഴിവാകാനുള്ള നീക്കത്തിലെ ദുരൂഹതയും ചൂണ്ടിക്കാണിക്കപ്പെടുന്നു. 2011-ൽ തുടങ്ങിയ പദ്ധതി മുന്നോട്ടുപോകാതിരുന്നതിന്റെ ഒരു കാരണം കോവിഡാണെന്നു പറയാൻപോലും സർക്കാർ മടിക്കുന്നില്ല.

കാക്കനാട് ഇൻഫോ പാർക്കിനോടുചേർന്ന് ഐടി ടൗൺഷിപ്പായിരുന്നു ലക്ഷ്യം. 246 ഏക്കർ സ്ഥലവും വിട്ടുനൽകി. ടീകോമിന്റെ മാതൃകമ്പനിയായ ദുബായ് ഹോൾഡിങ്സിന് 84 ശതമാനവും കേരള സർക്കാരിന് 16 ശതമാനവും ഓഹരിപങ്കാളിത്തമാണുള്ളത്. 2020-ഓടെ സ്മാർട്ട് സിറ്റി നടപ്പാക്കുമെന്നായിരുന്നു പ്രഖ്യാപനം. ഇതിനുമുന്നോടിയായി 2016-ൽ ആദ്യ ഐടി ടവർ ഉദ്ഘാടനം ചെയ്തു. പക്ഷേ, ഇതുവരെ പതിനായിരം പേർക്കുപോലും ജോലിനൽകാൻ കഴിഞ്ഞില്ല. പ്രധാന കമ്പനികളൊന്നും ഇവിടെ വന്നില്ല. കെട്ടിടങ്ങളുടെ പണിപോലും പൂർത്തിയാക്കിയില്ല.

കരാർ ഒപ്പുവെച്ചതിനുശേഷം സ്മാർട്ട് സിറ്റി പദ്ധതിക്ക് എന്തു സംഭവിച്ചു എന്ന് നിരീക്ഷിക്കേണ്ട ബാധ്യത സർക്കാരുകൾക്കുണ്ടായിരുന്നു. 13 വർഷം കഴിഞ്ഞപ്പോഴാണ് പത്തുശതമാനംപോലും പണിനടന്നില്ല എന്നു തിരിച്ചറിയുന്നത്. പത്തുവർഷമായി ദുബായ് ഹോൾഡിങ് കമ്പനി കൊച്ചിയിൽ കാര്യമായ നിക്ഷേപമൊന്നും നടത്തിയിട്ടില്ല. ഓരോഘട്ടത്തിലും പുരോഗതി വിലയിരുത്തുന്നതിൽ നാം പിന്നാക്കംപോയി. 2007-ൽ വ്യവസ്ഥകൾ പുതുക്കുന്ന സമയത്ത് നഷ്ടപരിഹാരത്തെക്കുറിച്ചും കരാറുണ്ടായിരുന്നു. അതുപ്രകാരം പറഞ്ഞസമയത്ത് പണി തീർത്തില്ലെങ്കിൽ നഷ്ടപരിഹാരം നൽകേണ്ടത് നടത്തിപ്പുകമ്പനിയാണ്. അതുകൊണ്ട് ടീകോമിന് നഷ്ടപരിഹാരം നൽകുന്നത് വ്യവസ്ഥകൾക്കെതിരാണെന്ന് പ്രതിപക്ഷം ആരോപിക്കുന്നതിൽ കഴമ്പുണ്ടോ എന്നു പരിശോധിക്കണം.

ടീകോമിനെ ഒഴിവാക്കുന്നതുപോലെയൊരു നിർണായകതീരുമാനം പല മന്ത്രിസഭാതീരുമാനങ്ങളിലൊന്നായി. ഒട്ടും പ്രാധാന്യമില്ലാത്തവിധം മുഖ്യമന്ത്രിയുടെ ഓഫീസ് പുറത്തുവിട്ടതുതന്നെ എന്തോ മറച്ചുവെക്കാനുള്ളതുകൊണ്ടാണെന്ന ആരോപണവുമുണ്ട്. 'സ്മാർട്സിറ്റി: ശിപാർശ അംഗീകരിച്ചു' എന്ന ചെറുതലക്കെട്ടിനുതാഴെയുള്ള നാലു വാചകങ്ങളിൽ രണ്ടെണ്ണം വായിച്ചാൽതന്നെ ഇത്രയും ലാഘവമായാണോ ഈ വലിയ തീരുമാനം കേരളത്തെ അറിയിക്കേണ്ടത് എന്നു തോന്നും.

ഒരു വലിയ സ്വപ്നം തകർന്നെന്നുമാത്രമല്ല, നീണ്ട പതിമ്മൂന്നുവർഷവും കേരളത്തിന് നഷ്ടമായി. വികസനത്തിന്റെ കാര്യത്തിൽ അത് നീണ്ട കാലയളവാണ്. ഇനി കാത്തിരിക്കാൻ സമയമില്ല. സ്മാർട്ട് സിറ്റിക്കായി മാറ്റിവെച്ച ഭൂമി ക്രിയാത്മകമായി ഉപയോഗിക്കണം. ഇൻഫോ പാർക്കിനെ നമ്മുടെ സ്വപ്നസാക്ഷാത്കാരത്തിനായി രൂപാന്തരപ്പെടുത്തുന്നകാര്യം ആലോചിക്കണം.

കൊച്ചി സ്മാർട് സിറ്റി പദ്ധതി സർക്കാർ ഉപേക്ഷിച്ചിട്ടില്ലെന്നു വ്യവസായമന്ത്രി പി. രാജീവ് വ്യക്തമാക്കുന്നുണ്ട്. സ്മാർട് സിറ്റി പദ്ധതിക്കു വിരാമചിഹ്നം വീഴ്ത്താതെ, ബലമുള്ള നിക്ഷേപകരുമായുള്ള കൈകോർക്കലുകളിലൂടെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സർക്കാരിനു കഴിയുമോ എന്നാണ് വീണ്ടുമൊരു വലിയ സ്വപ്നം കാണുംമുൻപു കേരളം ചോദിക്കുന്നത്. ആ ചോദ്യത്തിനുവേണ്ടത് നിശ്ചയദാർഢ്യവും ആത്മാർഥയുമുള്ള മറുപടിയാണെന്നുമാത്രം.

# അട്ടിമറിക്കപ്പെടുന്ന റോഡ് സുരക്ഷ

ഇന്ത്യയിലെ ജനസംഖ്യയുടെ രണ്ടു ശതമാനം മാത്രമുള്ള കേരളത്തിൽ ഇന്ത്യയിലെ ആകെ വാഹനങ്ങളുടെ 4.5 ശതമാനമുണ്ട്. ഇന്ത്യയിലെ ആകെ റോഡ് അപകടങ്ങളുടെ 9.5 ശതമാനവും ഉണ്ടാകുന്നത് കേരളത്തിലാണെന്നാണ് കേന്ദ്രസർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ അപകടറിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.

ഈയിടെ ആലപ്പുഴ കളർകോട് അഞ്ച് എംബിബിഎസ് വിദ്യാർത്ഥികൾ ദാരുണമായിട്ടാണ് റോഡപകടത്തിൽ മരണമടഞ്ഞത്. ഏറെ ദുഃഖിപ്പിക്കുന്നതും അതേപോലെ ചിന്തിപ്പിക്കുന്നതുമായ ദുരന്തമായിപ്പോയി അത്. രാത്രികാല ഡ്രൈവിങ് പ്രത്യേകിച്ചും മഴയത്ത് സുരക്ഷിതമല്ല എന്ന് മുമ്പും സൂചിപ്പിച്ചിട്ടുണ്ട്. തിരക്കു കുറവായത് കൊണ്ട് പലരും രാത്രികാല യാത്രകൾ സുരക്ഷിതമാണെന്നൊക്കെ പറഞ്ഞെന്നിരിക്കും. ഉറങ്ങി ഓടിക്കുന്ന ഡ്രൈവർമാർ, ഓവർ സ്പീഡ്, മദ്യപിച്ച് വാഹനം ഓടിക്കുന്നവർ, റോഡ് നിയമം തെറ്റിക്കുന്നവർ, വൺവേയിൽ തെറ്റായ ദിശയിൽ ഓടിക്കുന്നവർ, ലൈറ്റില്ലാതെ റോഡിൽ നിർത്തിയിട്ടിരിക്കുന്ന ലോറികൾ അങ്ങനെ അനവധി ഭീഷണികൾ അസമയത്ത് ഉണ്ടാകും.



കളർകോട് ദുരന്തത്തിൽ ഹൈഡ്രോപ്ളെയിനിങ് എന്ന പ്രതിഭാസം സംഭവിച്ചതായി തോന്നുന്നു. മഴയിൽ വന്ന കാർ തെന്നിമാറി നിയന്ത്രണം വിട്ട് ബസിന്റെ മുന്നിലേക്ക് പാഞ്ഞ് സൈഡ് ചേർന്ന് വന്നിടിക്കുകയാണുണ്ടായത്. നല്ല ഇരുട്ടും, നല്ല മഴയും അപ്പോഴുണ്ടായിരുന്നു. എന്നാൽ, വാഹനം തെന്നിയത് എങ്ങനെയെന്ന് പറയണമെങ്കിൽ വിശദമായ അന്വേഷണം നടത്തണം. മഴയുള്ളപ്പോൾ മാത്രമല്ല, മഴമാറിയിട്ടും വെള്ളത്തിന്റെ നേരിയ പാളി റോഡിലുണ്ടെങ്കിൽ ഹൈഡ്രോപ്ളെയിനിങ് പ്രതിഭാസത്തിൽ അപകടത്തിലേക്ക് നയിക്കാം. തേഞ്ഞ ടയറിനും റോഡിനുമിടയിൽ ഉള്ള ജലപാളി ഘർഷണത്തെ തടഞ്ഞ് നിർത്തും. ബ്രേക്ക് ചവിട്ടിയാൽ കിട്ടുകയില്ല. ഇതുമൂലം വാഹനത്തിന്റെ നിയന്ത്രണം നഷ്ടമാകും. വലിയ അപകടത്തിലേക്കു നയിക്കുകയും ചെയ്യും.

കേരളത്തിൽ അപകടങ്ങൾ കുറയ്ക്കാൻ സർക്കാരും ഹൈക്കോടതിയും നിർദേശിക്കുന്ന പല പദ്ധതികളും അട്ടിമറിക്കപ്പെടുകയാണ്. എഐ കാമറകൾ വന്നാൽ അപകടങ്ങൾ കുറയുമെന്നു പറയുമ്പോഴും അപകടങ്ങൾ കൂടിയെന്നതാണ് യാഥാർത്ഥ്യം. കാമറകൾ വന്നതോടെ റോഡിൽ പരിശോധന നടത്തേണ്ട മോട്ടോർ വാഹനവകുപ്പിലെ ഉദ്യോഗസ്ഥർ ഓഫീസ് മുറികളിലാണ്.

വാഹനം തടഞ്ഞുനിർത്തി ഡ്രൈവർ മദ്യപിച്ചിട്ടുണ്ടോ ഡ്രൈവർക്ക് ലൈസൻസുണ്ടോ, വാഹനത്തിന് പെർമിറ്റുണ്ടോ, ഇൻഷ്വറൻസുണ്ടോ എന്നൊക്കെ പരിശോധിക്കാൻ കേരളത്തിലെ റോഡുകളിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരില്ല. ഇവരുള്ളത് ടെസ്റ്റിംഗ് ഗ്രൗണ്ടുകളിലും ചെക്ക്പോസ്റ്റുകളിലും ആർടി ഓഫീസുകളിലുമാണ്. തൃശൂർ നാട്ടികയിൽ അഞ്ചുപേരുടെ മരണത്തിനിടയാക്കിയ ലോറി ഓടിച്ചവർക്കു മാഹി മുതൽ നാട്ടിക വരെ മദ്യപിച്ചു വാഹനമോടിക്കാൻ കഴിഞ്ഞതും ഇത്തരത്തിലുള്ള പരിശോധനകൾ ഇല്ലാത്തതിനാലാണ്.

റോഡപകടങ്ങൾ കുറയ്ക്കാൻ 2018-ൽ സേഫ് കേരള സ്ക്വാഡുകളും 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർടി ഓഫീസുകളും നിലവിൽ വന്നിരുന്നു. എന്നാൽ, റോഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽനിന്നു ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലേക്ക് എൻഫോഴ്സ്മെന്റിനെ മാറ്റിയതോടെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ടെസ്റ്റിംഗ് ഗ്രൗണ്ടിലേക്കും ചെക്ക്പോസ്റ്റിലേക്കും മാറ്റി നിയമിക്കുകയായിരുന്നു.

2022-ൽ കേരള ഹൈക്കോടതി, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നൽകപ്പെട്ട കേസിൽ, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ മറ്റു ജോലികൾക്ക് നിയോഗിക്കരുതെന്ന വിധി പുറപ്പെടുവിച്ചിട്ടും ഇപ്പോഴും ഇവർ ടെസ്റ്റിംഗ് ഗ്രൗണ്ടുകളിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുകയാണ്. ചെക്ക്പോസ്റ്റുകൾ ഓൺലൈനായി മാറുകയും കാഷ്‌ലെസാകുകയും കേന്ദ്രസർക്കാർ ചെക്ക്പോസ്റ്റുകൾ നിർത്താൻ 2021-ൽ നിർദേശം നൽകുകയും ചെയ്തിട്ടും എൺപതിലധികം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ചെക്ക്പോസ്റ്റുകളിൽ വെറുതെയിരിക്കുകയാണ്. സ്വതന്ത്ര ചുമതലയുള്ള റോഡ് സേഫ്റ്റി കമ്മീഷണറെ ഏതാനും ആഴ്ച മുമ്പ് നിയമിച്ചെങ്കിലും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ ലഭിക്കാത്തതുകൊണ്ട് അദ്ദേഹത്തിനു പ്രവർത്തിക്കാൻ സാധിക്കുന്നില്ല.

റോഡപകടങ്ങൾ കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികളും ഹൈക്കോടതിയുടെ ഇടപെടലുകളും അട്ടിമറിക്കപ്പെട്ടു. വടക്കാഞ്ചേരി അപകടത്തെത്തുടർന്ന് ഹൈക്കോടതി നിയമിച്ച അമിക്കസ് ക്യൂറി അടിയന്തരമായി നടപ്പാക്കേണ്ട ആറു നിർദേശങ്ങൾ കോടതിയിൽ സമർപ്പിച്ചിരുന്നു. സ്വതന്ത്ര ചുമതലയുള്ള റോഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുക, സേഫ് കേരള സ്ക്വാഡും എൻഫോഴ്സ്മെന്റ് ആർടി ഓഫീസുകളും റോഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിലാക്കുക, ഓഫീസുകളിൽ ജോലിചെയ്യുന്ന എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ദിവസം ആറു മണിക്കൂറെങ്കിലും റോഡിൽ സുരക്ഷാജോലികൾ ചെയ്യുക, ടെസ്റ്റിംഗ് സ്റ്റേഷനുകൾ ഉടൻ ആരംഭിക്കുക തുടങ്ങിയ നിർദേശങ്ങളിൽ ഇതുവരെ കാര്യമായ നടപടികൾ ഉണ്ടായില്ല. അമിതഭാരം കയറ്റിയ വാഹനങ്ങൾ നിയന്ത്രിക്കാത്തതിന് ഹൈക്കോടതി കോടതിയലക്ഷ്യ നടപടികൾ ആരംഭിച്ചിട്ടും വകുപ്പിനും ഉദ്യോഗസ്ഥർക്കും കുലുക്കമില്ല. ടൂറിസ്റ്റ് ബസുകളിൽ എക്സ്ട്രാ ഫാൻസി ലൈറ്റുകൾ പിടിപ്പിക്കുന്നതിനെതിരെ ലൈറ്റൊന്നിന് 5000 രൂപ പിഴ ഈടാക്കാൻ ഹൈക്കോടതി നിർദേശം നൽകിയിട്ടും ഉദ്യോഗസ്ഥർ അനങ്ങുന്നില്ല.

സബ് ഇൻസ്പെക്ടർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കു മാത്രമേ റോഡിൽ വാഹനപരിശോധന നടത്താൻ അധികാരമുള്ളൂ എന്ന് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയതോടെ നൂറിലധികം പോലീസ് സ്റ്റേഷനുകളിലുള്ള റോഡ് സേഫ്റ്റി സ്ക്വാഡ് നിർജീവമായി. കാരണം, ഈ സ്ക്വാഡുകളുടെ ചുമതല ഗ്രേഡ് എസ്ഐമാർക്കായിരുന്നു. നിലവിൽ അവർക്ക് വാഹനം പരിശോധിച്ചു പിഴ ചുമത്താൻ അധികാരമില്ല.

# ആലത്തൂർ ഇന്ത്യയിലെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷൻ

തിരുവനന്തപുരം: ഇന്ത്യയിലെ ഈ വർഷത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു. വിലയിരുത്തലിന്റെ അവസാന ഘട്ടത്തിൽ എത്തിയ 76 പോലീസ് സ്റ്റേഷനുകളിൽ നിന്നാണ് ആലത്തൂർ സ്റ്റേഷൻ ഈ നേട്ടം കൈവരിച്ചത്. വിവിധതരത്തിലുള്ള കുറ്റാന്വേഷണങ്ങൾ, ക്രമസമാധാന പാലനം, അടിസ്ഥാന സൗകര്യങ്ങൾ, പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം, ലോക്കപ്പും റിക്കാർഡ് റൂമും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം മികച്ച പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്തത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളിൽ സ്വീകരിച്ച നടപടി, കേസുകളിലെ അന്വേഷണപുരോഗതി, പരാതി പരിഹാരം, പരാതിക്കാരോടുള്ള നല്ല പെരുമാറ്റം, കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ എന്നിവയിലെ മികവും മറ്റു ജനക്ഷേമ പ്രവർത്തനങ്ങളും പരിഗണനാവിഷയമായി.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രി

മുംബൈ: മഹാരാഷ്ട്രയിൽ ദിവസങ്ങൾ നീണ്ട രാഷ്ട്രീയ അനിശ്ചിതത്വത്തിനു വിരാമം. ദേവേന്ദ്ര ഫഡ്നാവിസ് സംസ്ഥാന മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഡിസംബർ നാലിന് ചേർന്ന ബിജെപി നിയമസഭാ കക്ഷി യോഗം ഫഡ്നാവിസിനെ നേതാവായി തെരഞ്ഞെടുത്തു. അഞ്ചിന് ഫഡ്നാവിസ് സത്യപ്രതിക്ഷ ചെയ്ത് അധികാരമേറ്റു. ശിവസേനയിലെ ഏക്നാഥ് ഷിൻഡെ, എൻസിപിയിലെ അജിത് പവാർ എന്നിവർ ഉപമുഖ്യമന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു. മുംബൈ ആസാദ് മൈതാനത്തു നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ പങ്കെടുത്തു.



മഹാരാഷ്ട്രാ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ദേവേന്ദ്ര ഫഡ്നാവിസിനെ അഭിനന്ദിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.

ദേവേന്ദ്ര ഫഡ്നാവിസിനെ മുഖ്യമന്ത്രിയാക്കാൻ ബിജെപി നേതൃത്വം നേരത്തേ തീരുമാനിച്ചിരുന്നെങ്കിലും ഏക്നാഥ് ഷിൻഡെയുടെ അതൃപ്തിയാണ് സർക്കാർ രൂപവത്കരണം വൈകിച്ചത്. മുഖ്യമന്ത്രിസ്ഥാനം രണ്ടര വർഷം വീതം പങ്കുവെക്കണമെന്ന ഷിൻഡെയുടെ ആവശ്യം ബിജെപി നേതൃത്വം തള്ളുകയായിരുന്നു. മഹായുതി യോഗത്തിൽപോലും പങ്കെടുക്കാതെ സത്താറയിലെ ജന്മഗ്രാമത്തിലേക്കു പോയ ഷിൻഡെ ബിജെപിയുടെ അനുനയ ശ്രമങ്ങൾക്കു വഴങ്ങുകയായിരുന്നു. ആഭ്യന്തരം ഉൾപ്പെടെ സുപ്രധാന വകുപ്പുകൾ വേണമെന്ന് ഷിൻഡെ പക്ഷം ആവശ്യപ്പെട്ടിട്ടുണ്ട്. അജിത് പക്ഷത്തിന് അധികം ഡിമാൻഡുകളില്ല.

ഡിസംബർ നാലിന് വിധാൻ ഭവനിൽ നടന്ന നിയമസഭാ കക്ഷി യോഗത്തിൽ കേന്ദ്ര നിരീക്ഷകരായ ധനമന്ത്രി നിർമല സീതാരാമനും മുൻ ഗുജറാത്ത് മുഖ്യമന്ത്രി വിജയ് രൂപാണിയും പങ്കെടുത്തു. ഫഡ്നാവിസിനെ നേതാവായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തതായി രൂപാണിയാണ് അറിയിച്ചത്. മുതിർന്ന നേതാവ് ചന്ദ്രകാന്ത് പാട്ടീൽ ആണ് ഫഡ്നാവിസിന്റെ പേര് നിർദേശിച്ചത്. നിയമസഭാ കക്ഷി യോഗത്തിനു മുന്നോടിയായി ബിജെപി കോർ കമ്മിറ്റി യോഗം ചേർന്ന് മുഖ്യമന്ത്രിസ്ഥാനത്തേക്കു ഫഡ്നാവിസിന്റെ പേരിന് അംഗീകാരം നല്കിയിരുന്നു. നാലിന് ഗവർണർ സി.പി. രാധാകൃഷ്ണനെ സന്ദർശിച്ച ഫഡ്നാവിസ്, സർക്കാരുണ്ടാക്കാൻ അവകാശമുന്നയിച്ചു.

288 അംഗ നിയമസഭയിൽ മഹായുതിക്ക് 230 പേരുടെ പിന്തുണയുണ്ട്. ബിജെപിക്കു മാത്രം 132 അംഗങ്ങളുണ്ട്. ശിവസേന (ഷിൻഡെ) – 57, എൻസിപി (അജിത് പവാർ) – 41 എന്നിങ്ങനെയാണ് മഹായുതിയിലെ മറ്റു കക്ഷികളുടെ അംഗബലം.

സ്വതന്ത്രനും ഏതാനും ചെറുപാർട്ടികളും ബിജെപിക്കു പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

# എസ്എഫ്ഐഒ അന്വേഷണം ചട്ടവിരുദ്ധം: സിഎംആർഎൽ

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണയുടെ എക്സാലോജിക് കമ്പനിയുമായുള്ള ഇടപാടിലെ എസ്എഫ്ഐഒ (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്) അന്വേഷണം ചട്ടവിരുദ്ധമാണെന്നു സിഎംആർഎൽ ഡൽഹി ഹൈക്കോടതിയിൽ പറഞ്ഞു. അന്വേഷണത്തിനെതിരെയുള്ള ഹർജി പരിഗണിക്കുമ്പോഴാണ് ഇക്കാര്യം ആവർത്തിച്ചത്.

ആദായ നികുതി സെറ്റിൽമെന്റ് കമ്മീഷൻ തീർപ്പാക്കിയ കേസിൽ രണ്ടാമതൊരു അന്വേഷണം ചട്ടവിരുദ്ധമാണ്. സെറ്റിൽമെന്റ് കമ്മീഷൻ ചട്ടപ്രകാരം നടപടികൾ രഹസ്യസ്വഭാവത്തിലായിരിക്കണം. കേസുമായി ബന്ധമില്ലാത്ത മൂന്നാം കക്ഷിയായ ഷോൺ ജോർജിനു രഹസ്യരേഖകൾ എങ്ങനെ ലഭിച്ചുവെന്നും സിഎംആർഎൽ കോടതിയിൽ ചോദിച്ചു. പൊതുതാൽപര്യമുള്ള വിഷയമല്ല ഇതെന്നും സിഎംആർഎൽ അഭിഭാഷകൻ വ്യക്തമാക്കി. ഷോണിന്റെ പരാതിയിലാണു കമ്പനി രജിസ്ട്രാർ അന്വേഷണം നടത്തുന്നത്. എസ്എഫ്ഐഒ അന്വേഷണത്തിനെതിരെയുള്ള സിഎംആർഎൽ ഹർജിയിൽ വാദം തുടരും. എക്സാലോജിക് സൊല്യൂഷൻസ്, സിഎംആർഎൽ, കെഎസ്ഐഡിസി എന്നിവയ്ക്കെതിരെ എസ്എഫ്ഐഒ നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സർക്കാരിനു നൽകുമെന്നു കേന്ദ്ര കോർപറേറ്റ്കാര്യ മന്ത്രാലയം ഈയിടെ ഡൽഹി ഹൈക്കോടതിയിൽ മറുപടി സത്യവാങ്മൂലത്തിൽ അറിയിച്ചിരുന്നു.

# അസമിൽ ബീഫ് നിരോധിച്ചു

ഗുവാഹത്തി: അസമിൽ ഹോട്ടലുകളിലും പൊതു സ്ഥലത്തും ബീഫ് വിളമ്പുന്നതും കഴിക്കുന്നതും നിരോധിച്ചു. മന്ത്രിസഭാ യോഗത്തിനു ശേഷം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയാണ് ഇക്കാര്യം അറിയിച്ചത്. പൊതുപരിപാടികളിലും ബീഫ് നിരോധനമുണ്ട്.

കന്നുകാലികളെ കശാപ്പു ചെയ്യുന്നതും ഇറച്ചി വിൽപന നടത്തുന്നതും 2021-ലെ കന്നുകാലി സംരക്ഷണ ബിൽ പ്രകാരം കുറ്റമായിരുന്നെങ്കിലും ബീഫ് കഴിക്കുന്നതിന് നിരോധനമുണ്ടായിരുന്നില്ല. ഹിന്ദു, ജയിൻ, സിഖ് വിഭാഗങ്ങൾക്ക് മുൻതൂക്കമുള്ള സ്ഥലങ്ങളിലും ക്ഷേത്രങ്ങളുടെ അഞ്ച് കിലോമീറ്റർ ചുറ്റളവിലുമായിരുന്നു നിലവിൽ നിരോധനം ഉണ്ടായിരുന്നത്. നിയമം ലംഘിക്കുന്നവർക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവും മൂന്ന് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ പിഴയുമായിരുന്നു ശിക്ഷ.

ഈ നിയമം പശുക്കളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഫലപ്രദമായിരുന്നുവെന്നും അതിനാൽ പുതിയ വകുപ്പുകൾ ഉൾപ്പെടുത്തി വിലക്ക് സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം, ഈ തീരുമാനത്തിനെതിരെ ബിജെപിയുടെ സഖ്യകക്ഷിയായ ജെഡിയു രംഗത്തുവന്നു. ബീഫ് നിരോധനത്തെ അംഗീകരിക്കുന്നില്ലെന്നും ഭരണഘടന ഉറപ്പുനൽകുന്ന ഭക്ഷണ സ്വാതന്ത്ര്യത്തെ തടയരുതെന്നും ജെഡിയു ജനറൽ സെക്രട്ടറി കെ.സി. ത്യാഗി പറഞ്ഞു.

ഝാർഖണ്ഡിന്റെ ചുമതലയുണ്ടായിരുന്ന ഹിമന്ത ബിശ്വ ശർമ, പരാജയം മറച്ചുവെക്കാനാണ് പുതിയ നീക്കം നടത്തുന്നതെന്ന് കോൺഗ്രസ് നേതാവ് ഗൗരവ് ഗൊഗോയ് പറഞ്ഞു.

ബിജെപി അധികാരത്തിലുള്ള ഗോവയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നിരോധനം കൊണ്ടുവരുമോയെന്ന് കോൺഗ്രസ് നേതാവ് റാഷിദ് അൽവി ചോദിച്ചു.

# ഡോ. രത്തൻ യു. ഖേൽക്കർ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ



തിരുവനന്തപുരം: ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ നടത്തുന്ന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായി ഐടി സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കറെ സർക്കാർ നിയമിച്ചു. കഴിഞ്ഞ ലോക്സഭാ, നിയമസഭാ ഉപതെരഞ്ഞെടുപ്പുകൾക്കു തൊട്ടു മുൻപ് പ്രണബ് ജ്യോതിനാഥിനെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായി കേരള സർക്കാരും ഭുവനേശ്വരിലെ നാഷണൽ അലുമിനിയം കമ്പനിയിലെ ചീഫ് വിജിലൻസ് ഓഫീസറായി കേന്ദ്ര സർക്കാരും നിയമിച്ചിരുന്നു.

തുടർന്ന്, തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശ പ്രകാരം അദ്ദേഹം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായി ചുമതലയേറ്റു. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയായ നിലയ്ക്ക് നേരത്തേയുള്ള തീരുമാന പ്രകാരം പ്രണബ് ജ്യോതിനാഥിനെ ഡപ്യൂട്ടേഷനിൽ മൂന്ന് വർഷത്തേക്ക് നാഷണൽ അലൂമിനിയം കമ്പനിയിൽ നിയമിച്ചു.

ഈ ഒഴിവിലാണ് രത്തൻ യു. ഖേൽക്കറെ നിയമിച്ചത്. ജിഎസ്ടി അഡീഷണൽ കമ്മീഷണർ ആർ. ശ്രീലക്ഷ്മിയെ ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ സ്ഥാനത്തു നിയമിച്ചു. ജിഎസ്ടി അഡീഷണൽ കമ്മീഷണർ സ്ഥാനം ഇവരുടെ അധികച്ചുമതലയാക്കി. കൊച്ചി കോർപറേഷൻ സെക്രട്ടറി വി. ചെൽസാ സിനിയെ പൊതുഭരണ വകുപ്പ് ഡപ്യൂട്ടി സെക്രട്ടറി സ്ഥാനത്തേക്കു മാറ്റി.






# 2026 – 2028 ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക് ബിജു തോണിക്കടവിൽ മത്സരിക്കുന്നു

ഫ്ളോറിഡ: അനുഭവ പരിചയവും സംഘാടന നൈപുണ്യവുമുള്ള ഫോമായുടെ ജനകീയ നേതാവ് ബിജു തോണിക്കടവിൽ 2026-2028 കാലയളവിൽ ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുന്നു.

ഫോമായുടെ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ അഭിനന്ദനം ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമായുടെ എക്കാലത്തെയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. ഫോമായ്ക്ക് ആഗോളതലത്തിൽ അടിത്തറ ഉണ്ടാക്കിക്കൊടുത്ത ഫോമാ വില്ലേജ് പ്രോജക്ട് സമയത്ത് തുടങ്ങിയ നേതൃത്വപരമായ പ്രവർത്തനങ്ങൾ ഫോമായിൽ അദ്ദേഹത്തിനു നേടിക്കൊടുത്ത സ്ഥാനങ്ങൾ ചെറുതല്ല. ഫിലിപ്പ് ചാമത്തിൽ പ്രസിഡണ്ടായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമായ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർവിപി എന്ന നിലയിൽ ഫോമാ വില്ലേജിനു നല്കിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. തുടർന്ന് അനിയൻ ജോർജ് പ്രസിഡണ്ടായ സമയത്ത് ജോയിന്റ് ട്രഷററായി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി എന്നു മാത്രമല്ല പ്രത്യേകിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. കോവിഡിന്റെ വ്യാപന സാഹചര്യത്തിൽ കേരളത്തിലെ വിവിധ ആശുപത്രികളിൽ വെന്റിലേറ്ററുകൾ നല്കുന്നതിൽ മികച്ച സേവനമാണ് ഫോമാ അന്നു നടത്തിയത്. പിന്നീട് ഡോ. ജേക്കബ് തോമസ് പ്രസിഡണ്ടായ സമയത്ത് ഫോമായുടെ ട്രഷററായി നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് വലിയ മാതൃകയായി. വലിയ നീക്കിയിരിപ്പ് സംഘടനയ്ക്ക് ഉണ്ടാക്കിക്കൊടുത്തുകൊണ്ട് പടിയിറങ്ങിയ ട്രഷറർ രണ്ടു വർഷത്തെ ഇടവേളയ്ക്കു ശേഷം പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ അത് അർഹതയ്ക്ക് അമേരിക്കൻ മലയാളി നല്കേണ്ട അംഗീകാരമായി മാറും എന്നതിൽ സംശയമില്ല.

'എന്തുകൊണ്ടും അർഹൻ' എന്ന് ഒറ്റ വാചകത്തിൽ ബിജു തോണിക്കടവിലിനെ അടയാളപ്പെടുത്തുമ്പോൾ ഫോമായ്ക്കൊപ്പം സഞ്ചരിക്കുന്ന ഏതൊരാൾക്കും അഭിമാനിക്കാം. മികച്ച ഒരു സംഘാടകനെ ഒപ്പം കൂട്ടിയതിലെ സന്തോഷമാണത്. എല്ലാവരെയും ഒപ്പം നിർത്തി, കൂടെ നിൽക്കുന്ന മനുഷ്യർക്ക് പ്രവർത്തിക്കാൻ അവസരവും വേദികളും നല്കി സംഘടനയെ വളർത്തുന്ന ശൈലിയാണ് ബിജു തോണിക്കടവിലിന്റേത്. ആർവിപിയായും ജോയിന്റ് ട്രഷററായും ട്രഷററായും പ്രവർത്തിക്കുമ്പോഴും ഓരോ ടീമിൽ നിന്നും ലഭിച്ച പിന്തുണയുടെ ബലമാണ് തന്നെ 2026-2028 കാലയളവിൽ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കണ



മെന്ന് തോന്നാൻ കാരണം. കഴിഞ്ഞ രണ്ട് വർഷങ്ങൾക്കു മുൻപ് ഫോമാ ട്രഷററായി സ്ഥാനം ഏൽക്കുമ്പോൾ വ്യക്തമായ പ്ലാനിംഗ് ഉണ്ടായിരുന്നു. ഫോമായുടെ മുൻകാല പ്രവർത്തനങ്ങൾ എല്ലാം കൃത്യമായി തുടരുകയും പുതിയ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേരളാ കൺവൻഷൻ, കാൻ കൂൺ കൺവൻഷൻ എന്നിവ ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 2024-ൽ അധികാരം ബേബി മണക്കുന്നേൽ, ബൈജു വർഗീസ്, സിജിൽ പാലക്കലോടി, ഷാലു പുന്നൂസ്, പോൾ ജോസ്, അനുപമ കൃഷ്ണൻ ടീമിന് കൈമാറുമ്പോൾ ഡോ. ജേക്കബ് തോമസ് നേതൃത്വം നല്കിയ ടീമിന് ഒരു വലിയ നീക്കിയിരിപ്പ് നല്കാനായി എന്നത് ട്രഷറർ എന്ന നിലയിൽ വലിയ അഭിമാനമായിരുന്നു. അതിലുപരി മറ്റ് സംഘടനകൾക്ക് ഫോമാ ഒരു മാതൃകയും ആയിത്തീർന്നു. ഈ തുക വയനാട് പുനരധിവാസ പദ്ധതിക്കായി മാറ്റിവെക്കാനാണ് ഞങ്ങളുടെ ടീം പുതിയ ടീമിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ജനോപകാരപ്രദമായ രീതിയിൽ പദ്ധതികളെ നടപ്പിലാക്കാൻ ഫോമായോളം പ്രബലമായ മറ്റൊരു സംഘടനയില്ല എന്നാണ് ബിജു തോണിക്കടവിലിന്റെ പക്ഷം. ഫോമാ വില്ലേജ് പോലെ കേരളത്തിന്റെ ജീവകാരുണ്യ പ്രവർത്തന രംഗത്ത് മാതൃകയായ മറ്റൊരു പ്രോജക്ട് ഉണ്ടോ എന്നും സംശയമാണ്. ഈ ഐക്യവും സന്തോഷവും സ്നേഹവും ഊട്ടിയിണക്കി ഫോമായ്ക്ക് പുതിയ ഒരു മുഖം നല്കാനുള്ള ഫോമാ പ്രവർത്തകരുടെ നിശ്ചയദാർഢ്യത്തിനൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കാനാണ് തനിക്ക് താല്പര്യം. ഒരു മികച്ച ടീമിനെ അവതരിപ്പിക്കാൻ, ഒപ്പം നില്ക്കാൻ ഫോമായെ സ്നേഹിക്കുന്നവർ തന്നോടൊപ്പം ഉണ്ടാകുമെന്ന് ഉറപ്പുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

88,856 ഡോളർ മിച്ചം വെച്ച് ഫോമായെ പുതിയ ടീമിനെ ഏല്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കടവിലിന് സ്വന്തമാണ്. നഷ്ടങ്ങളുടെ കണക്കിൽ നിന്ന് നീക്കിയിരിപ്പിന്റെ കണക്കിലേക്ക് ഫോമായെ ഉയർത്തിയ ട്രഷറർ എന്ന നിലയിൽ നിന്ന് ഇനിയും ഫോമായ്ക്ക് നീക്കിയിരിപ്പിന്റെ ചരിത്രം സൃഷ്ടിക്കുവാനും പ്രവർത്തനങ്ങളിലൂടെ ഫോമായ്ക്ക് ആഗോളതലത്തിൽ പ്രാവീണ്യം നേടാനുള്ള പദ്ധതികൾക്കാണ് ബിജു തോണിക്കടവിൽ ലക്ഷ്യമിടുന്നത്.

തന്റെ കാലഘട്ടത്തിൽ പ്രവർത്തന നിരതമായ പത്തിന പദ്ധതികൾ ഫോമായിൽ അവതരിപ്പിച്ച് നടപ്പിലാക്കി ഫോമായെ ജനകീയമാക്കുവാനാണ് തന്റെ ഉദ്ദേശ്യമെന്നും നടപ്പിലാക്കുന്ന പദ്ധതികൾ പിന്നീട് പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സുവ്യക്തമായ കാഴ്ചപ്പാടും വലിയ വ്യക്തിബന്ധങ്ങളുമുള്ള ബിജു തോണിക്കടവിൽ ഫോമായ്ക്ക് എന്നും പ്രതിച്ഛായ സമ്മാനിക്കുന്ന നേതാവാണ്. ഒപ്പം സർവ്വസമ്മതനും. തീർച്ചയായും ഫോമായുടെ അമരത്തേക്ക് വരാൻ സർവ്വഥാ യോഗ്യൻ.

# ബെൻസൻവിൽ ഇടവകയിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തി



ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ക്നാനായ കാത്തലിക് റീജിയന്റെ നേതൃത്വത്തിൽ വിവാഹ ഒരുക്ക പ്രീ മാര്യേജ് കോഴ്സ് മൂന്നു ദിവസങ്ങളിലായി ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ നടത്തി.

വിവിധ സ്ഥലങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമായി അമ്പതോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു. അവർക്കായി ഫാ. തോമസ് മുളവനാൽ, ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. സിജു മുടക്കോടിയിൽ, റ്റോണി പുല്ലാപ്പള്ളി, ബെന്നി കാഞ്ഞിരപ്പാറ, ജയ കുളങ്ങര, ലിൻസ് താന്നിച്ചുവട്ടിൽ, ആൻസി ചേലയ്ക്കൽ, ലീനു പടിക്കപറമ്പിൽ, ജെറി ആൻഡ് ഷെറിൽ താന്നിക്കുഴുപ്പിൽ, ഷിബു ആൻഡ് നിമിഷ കളത്തിക്കോട്ടിൽ എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു.

സമാപന ദിവസമായ ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ഇടവകയുടെ കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, ജെൻസൻ ഐക്കരപ്പറമ്പിൽ, കിഷോർ കണ്ണാല എന്നിവർ ഈ കോഴ്സിനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

# പലിശനിരക്കിൽ മാറ്റം വരുത്താതെ ആർബിഐ പണനയം പ്രഖ്യാപിച്ചു

മുംബൈ: കേന്ദ്രമന്ത്രിമാരിൽനിന്നുൾപ്പെടെ സമ്മർദമുയർന്നിട്ടും അടിസ്ഥാന പലിശനിരക്കിൽ മാറ്റംവരുത്താതെ റിസർവ് ബാങ്ക് പണനയം പ്രഖ്യാപിച്ചു. തുടർച്ചയായ 11-ാം തവണയാണു ഗവർണർ ശക്തികാന്ത ദാസ് അധ്യക്ഷനായ ആറംഗ പണനയ നിർണയ സമിതി (എംപിസി) പലിശനിരക്ക് മാറ്റമില്ലാതെ നിലനിർത്തുന്നത്. അതേസമയം, എല്ലാ ബാങ്കുകളുടെയും കരുതൽ ധന അനുപാതം (സിആർആർ) 4.5 ശതമാനത്തിൽനിന്ന് നാലു ശതമാനമായി വെട്ടിക്കുറച്ചു. ഇതോടെ, ബാങ്കുകൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കാൻ അധികമായി 1.16 ലക്ഷം കോടി രൂപ ലഭിക്കും. നടപ്പ് സാമ്പത്തികവർഷത്തെ ജിഡിപി (ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ട്) വളർച്ചാ അനുമാനം റിസർവ് ബാങ്ക് നേരത്തേ പ്രതീക്ഷിച്ച 7.2 ശതമാനത്തിൽനിന്ന് 6.6 ശതമാനത്തിലേക്ക് വെട്ടിക്കുറച്ചിട്ടുമുണ്ട്. ജൂലൈ-സെപ്റ്റംബർ പാദത്തിൽ വളർച്ചാനിരക്ക് 5.4 ശതമാനമായാണു താഴ്ന്നത്. കഴിഞ്ഞ ഏഴു ക്വാർട്ടറിലെ ഏറ്റവും കുറഞ്ഞ ജിഡിപിയാണ് ജൂലൈ-സെപ്റ്റംബർ പാദത്തിലേത്. ഏപ്രിൽ-ജൂൺ ക്വാർട്ടറിൽ 6.7 ശതമാനവും കഴിഞ്ഞ വർഷം ജൂലൈ-സെപ്റ്റംബർ പാദത്തിൽ 8.1 ശതമാനവും രേഖപ്പെടുത്തിയപ്പോഴാണ് നടപ്പ് സാമ്പത്തികവർഷത്തിന്റെ രണ്ടാംപാദ ജിഡിപി വളർച്ചയിൽ ഇടിവുണ്ടായത്.

മൂന്നാം പാദത്തിൽ 6.8 ശതമാനം, നാലാം പാദത്തിൽ 7.2 ശതമാനം ജിഡിപി വളർച്ചയാണ് ആർബിഐ പ്രവചിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 6.9 ശതമാനത്തിന്റെയും രണ്ടാംപാദത്തിൽ 7.3 ശതമാനത്തിന്റെയും വളർച്ചയാണ് ആർബിഐ അനുമാനിക്കുന്നത്.

# പ്രോബ–3 ബഹിരാകാശ പേടകങ്ങൾ ഭ്രമണപഥത്തിൽ

ശ്രീഹരിക്കോട്ട: യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ-3 ബഹിരാകാശപേടകങ്ങൾ ഐഎസ്ആർഒയുടെ പിഎസ്എൽവി സി-55 റോക്കറ്റ് വിജയകരമായി ഭ്രമണപഥത്തിലെത്തിച്ചു. സൂര്യന്റെ പുറം അന്തരീക്ഷമായ കൊറോണയെക്കുറിച്ചു പഠിക്കുകയാണ് ഉപഗ്രഹങ്ങളുടെ ലക്ഷ്യം.

രണ്ട് ഉപഗ്രഹങ്ങളും കൃത്യമായി ഭ്രമണപഥത്തിൽ എത്തിയതായി ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് അറിയിച്ചു. പ്രോബ-3 (പ്രോജക്ട് ഫോർ ഓൺ ബോർഡ് ഓട്ടോണമി)യിൽ രണ്ടു ഉപഗ്രഹങ്ങളാണുള്ളത്. രണ്ട് ഉപഗ്രഹങ്ങളും ഒരേ പോലെ കൃത്യതയോടെ ഒന്നായി പറന്ന് സൂര്യന്റെ പുറം അന്തരീക്ഷത്തെക്കുറിച്ചു പഠിക്കും.



യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ ഉപഗ്രഹങ്ങൾ വിക്ഷേപിച്ചത് ഐഎസ്ആർഒയുടെ വാണിജ്യനേട്ടമായി. ഐഎസ്ആർഒയുടെ വാണിജ്യ വിഭാഗമായ ന്യൂസ്പേസ് ആണ് കരാർ സ്വന്തമാക്കിയത്. രണ്ടു ബഹിരാകാശ പേടകങ്ങളെ ഒരേസമയം ഒന്നുപോലെ പറത്തുക, സൂര്യന്റെ അന്തരീക്ഷത്തെക്കുറിച്ചു പഠിക്കുക എന്നിവയാണ് ഈ വിക്ഷേപണത്തിന്റെ ലക്ഷ്യം.

ഉപഗ്രഹത്തിൽ 310 കിലോഗ്രാമുള്ള കൊറോണാഗ്രാഫ്, 240 കിലോഗ്രാമുള്ള ഒക്കൽട്ടർ എന്നീ ബഹിരാകാശപേടകങ്ങളാണുള്ളത്. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ഭ്രമണപഥത്തിൽ എത്തിച്ചശേഷം രണ്ടു ബഹിരാകാശപേടകങ്ങളും ഒരുമിച്ചു വിക്ഷേപിക്കും.

# കൊച്ചി സ്മാർട് സിറ്റി: സർക്കാർ തീരുമാനം വിവാദത്തിലേക്ക്

തിരുവനന്തപുരം: കേരളത്തെ ലോക ഐടി ഭൂപടത്തിൽ അടയാളപ്പെടുത്തുമെന്നു വിശേഷിപ്പിക്കപ്പെട്ട കൊച്ചി സ്മാർട് സിറ്റി ഐടി പദ്ധതി അപ്രതീക്ഷിത വഴിത്തിരിവിൽ. ദുബായ് ടീകോം ഇൻവെസ്റ്റ്മെന്റ്സിനെ സംയുക്ത സംരംഭത്തിൽനിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. പദ്ധതിക്കു പാട്ടത്തിനു നൽകിയ 246 ഏക്കർ തിരിച്ചുപിടിക്കും.

പ്രവർത്തനം തുടങ്ങി 13 വർഷം കഴിഞ്ഞും കാര്യമായ നിക്ഷേപം ആകർഷിക്കാനോ വാഗ്ദാനം ചെയ്ത 90,000 തൊഴിൽ ലഭ്യമാക്കാനോ ടീകോമിനു കഴിയാത്ത സാഹചര്യത്തിലാണു നടപടി. പദ്ധതിയുമായി മുന്നോട്ടുപോകാൻ ടീകോമിനു താൽപര്യമില്ലെന്നും സർക്കാർ കരുതുന്നു.

അതിനിടെ, സർക്കാർ നീക്കത്തിനു പിന്നിൽ കൊച്ചിയിലെ കോടികൾ വിലമതിക്കുന്ന ഭൂമി കച്ചവടമാണെന്ന ആരോപണവുമായി പ്രതിപക്ഷം രംഗത്തെത്തിയതോടെ വിവാദം കൊഴുത്തു. കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടെന്നു സർക്കാർ തന്നെ പറയുന്ന ടീ കോമിനെ പദ്ധതിയിൽനിന്നൊഴിവാക്കാൻ നഷ്ടപരിഹാരം നൽകാനുള്ള നീക്കം കരാർ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്ന വാദവും ഉയർന്നു.

വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കേ 2007 മേയ് 13-നാണ് ടീകോമുമായി സ്മാർട്ട് സിറ്റി കരാർ ഒപ്പുവെച്ചത്. കരാർപ്രകാരം പദ്ധതി പരാജയപ്പെട്ടാൽ ടീകോം സർക്കാരിനാണ് നഷ്ടപരിഹാരം നൽകേണ്ടത്. ഇപ്പോഴത്തെ സർക്കാരിന്റെ നീക്കം വഴിവിട്ടതാണെന്നാണ് പ്രധാന ആരോപണം.

തുടർനടപടികൾക്കായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി നൽകിയ ശിപാർശകൾ മന്ത്രിസഭാ യോഗം അംഗീകരിച്ചു. ടീകോമുമായി ചർച്ച നടത്തി പരസ്പരധാരണയോടെ പിന്മാറ്റനയം രൂപീകരിക്കും. ഇതുവരെ നടത്തിയ നിക്ഷേപം കണക്കാക്കി ടീകോമിനുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കാൻ ഇവാല്യൂവേറ്ററെ നിയോഗിക്കും. ഇതിനുള്ള ശിപാർശകൾ നൽകാൻ ഐടി മിഷൻ ഡയറക്ടർ, കൊച്ചി ഇൻഫോപാർക്ക് സിഇഒ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റഡ് എംഡി ഡോ. ബാജു ജോർജ് എന്നിവരടങ്ങുന്ന സമിതിയെ സർക്കാർ ചുമതലപ്പെടുത്തി.

സ്മാർട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിൽ 16 ശതമാനം ഓഹരിയുണ്ടെങ്കിലും സർക്കാർ വർഷങ്ങളായി പദ്ധതിയിൽ കാര്യമായ ഇടപെടൽ നടത്തിയിരുന്നില്ല. ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചെയർമാൻ മുഖ്യമന്ത്രിയാണെങ്കിലും ഇതു സ്വകാര്യ കമ്പനിയാണെന്നായിരുന്നു സർക്കാർ നിലപാട്. 84 ശതമാനം ഓഹരിയും ടീകോമിന്റെ മാതൃസ്ഥാപനമായ ദുബായ് ഹോൾഡിങ്ങിന്റെ കൈവശമാണ്.

വമ്പൻ ഐടി ക്യാംപസായി സ്മാർട് സിറ്റിയെ മാറ്റുമെന്നാണ് 2011-ൽ ധാരണാപത്രം ഒപ്പുവെക്കുമ്പോൾ അന്നത്തെ വി.എസ്. സർക്കാരും ടീകോം ഇൻവെസ്റ്റ്മെന്റ്സും ആവർത്തിച്ചു വാഗ്ദാനം ചെയ്തിരുന്നത്.

എന്നാൽ, ഇതുവരെ പതിനായിരത്തിൽ താഴെ പേർക്കാണ് തൊഴിൽ നൽകിയത്. ആഗോളതലത്തിലെ വൻകിട കമ്പനികളൊന്നും വന്നതുമില്ല.

# ഹെലി ടൂറിസം നയത്തിന് അംഗീകാരം

തിരുവനന്തപുരം: കടുത്ത എതിർപ്പിനൊടുവിൽ കേരളത്തിന്റെ ഹെലി ടൂറിസം നയത്തിന് മന്ത്രിസഭാ യോഗത്തിന്റെ തത്വത്തിലുള്ള അംഗീകാരം. വന്യമൃഗശല്യം രൂക്ഷമാക്കുന്ന പ്രദേശങ്ങളിലേക്ക് ഹെലി ടൂറിസം പദ്ധതി നടപ്പാക്കരുതെന്ന സിപിഐയുടെയും വനം വകുപ്പിന്റെയും ചുമതലയുള്ള മന്ത്രിമാരുടെ നിർദേശം റൂട്ട് വന്നതോടെ പരിഗണിക്കാമെന്ന ധാരണയുടെ അടിസ്ഥാനത്തിൽ ഹെലി ടൂറിസം നയത്തിന് അംഗീകാരം നല്കി.

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മന്ത്രിസഭാ യോഗത്തിനു മുൻപു നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അതിരപ്പിള്ളിയെ ഒഴിവാക്കി. എന്നാൽ, മൂന്നാറും പൊന്മുടിയും ഉൾപ്പെടെയുള്ള 11 പ്രദേശങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ എത്തുന്ന ഹെലി ടൂറിസം പദ്ധതിക്കായി ഹെലിപാഡുകൾ സ്ഥാപിക്കാനെന്ന് മന്ത്രിസഭ അംഗീകരിച്ച 37 പേജുള്ള ഹെലി ടൂറിസം നയത്തിൽ പറയുന്നു.

വർക്കല, ചടയമംഗലം, ജഡായുപാറ, പൊന്മുടി, കൊല്ലം, മൂന്നാർ, ആലപ്പുഴ, കുമരകം, തേക്കടി, പാലക്കാട്, ബേക്കൽ (കാസർഗോഡ്), വയനാട് എന്നിവിടങ്ങളിലാണ് ഹെലിസ്റ്റേഷനുകളും ഹെലിപാഡുകളും സ്ഥാപിക്കുക. ഹെലി സ്റ്റേഷനുകളിലേക്ക് ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുള്ള റോഡുകൾ, വിനോദ സഞ്ചാരികൾക്ക് ആവശ്യമായ വിശ്രമകേന്ദ്രങ്ങൾ, താമസിക്കാൻ ആവശ്യമായ സംവിധാനങ്ങൾ എന്നിവ ആവശ്യമാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള ഹെലികോപ്റ്റർ സർവീസ് നെറ്റ് വർക്ക് സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഹെലി പോർട്ട്സ്, ഹെലി സ്റ്റേഷൻസ്, ഹെലിപാഡ്സ് തുടങ്ങിയവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും പോളിസിയിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**







# ബൈജു ആലപ്പാട്ട് ഡാളസ് ക്നാനായ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട്

ഡാളസ്: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ഡാളസ് ഫോർട്ട് വർത്തിന്റെ (KCADFW) 2025-26 പ്രവർത്തന വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. KCADFW പ്രസിഡണ്ടായി ബൈജൂ പുന്നൂസ് ആലപ്പാട്ടും വൈസ് പ്രസിഡണ്ടായി ജോബി പഴുക്കായിലും സെക്രട്ടറിയായി ബിനോയി പുത്തൻമഠത്തിലും ജോ. സെക്രട്ടറിയായി അജീഷ് മുളവിനാലും ട്രഷററായി ഷോൺ ഏലൂരും നിയമിതരായി.

കെസിസിഎൻഎ നാഷണൽ കൗൺസിലിലേക്കും KCADFW-വിന്റെ പ്രതിനിധികളായി 9 അംഗങ്ങളെയും തെരഞ്ഞെടുത്തു. സിൽവെസ്റ്റർ കൊടുന്നിനാംകുന്നേൽ, ഡോ. സ്റ്റീഫൻ പോട്ടൂർ, സേവ്യർ ചിറയിൽ, ലൂസി തറയിൽ, ബിബിൻ വില്ലൂത്തറ, ജിജി കുന്നശ്ശേരിൽ, സുജിത് വിശാഖംതറ, തങ്കച്ചൻ കിഴക്കേപ്പുറത്ത്, കെവിൻ പല്ലാട്ടുമഠം എന്നിവരാണ് നാഷണൽ കൗൺസിൽ അംഗങ്ങൾ.

ഐടി രംഗത്തെ സീനിയർ പ്രൊഫഷണലായ ബൈജൂ ആലപ്പാട്ട് ഡാളസ് ക്നാനായ കമ്യൂണിറ്റിയിൽ വിവിധങ്ങളായ കമ്യൂണിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിട്ടുണ്ട്. നിലവിൽ കെസിസിഎൻഎയുടെ പബ്ലിക് റിലേഷൻ ഓഫീസറായി പ്രവർത്തിച്ചുവരുന്നു.



ബൈജൂ പുന്നൂസ് ആലപ്പാട്ട് (പ്രസിഡണ്ട്)



ജോബി പഴുക്കായിൽ (വൈസ് പ്രസിഡണ്ട്)



ബിനോയി പുത്തൻമഠത്തിൽ (സെക്രട്ടറി)



അജീഷ് മുളവിനാൽ (ജോ. സെക്രട്ടറി)



ഷോൺ ഏലൂർ (ട്രഷറർ)

കഴിഞ്ഞ രണ്ടു മാസമായി നീണ്ടുനിന്ന ഇലക്ഷൻ പ്രോസസ്സിന് മുൻ പ്രസിഡണ്ട് ജിജു കൊളങ്ങയിൽ നേതൃത്വം നല്കി. മുൻ പ്രസിഡണ്ടുമാരായ സുജിത് ചേന്നങ്ങാട്ട്, ഡെന്നീസ് നടക്കുഴക്കൽ എന്നിവരാണ് മറ്റ് ഇലക്ഷൻ ബോർഡ് അംഗങ്ങൾ.

നോർത്ത് ടെക്സസിലെ ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലെക്സിൽ താമസിക്കുന്ന 500-ൽപരം ക്നാനായ കത്തോലിക്കാ കുടുംബങ്ങളുടെ കൂട്ടായ്മയായ KCADFW എന്ന സംഘടന 1992-ലാണ് സ്ഥാപിതമായത്. ആലപ്പാട്ടിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ഡിസംബർ 31-ന് പുതുവത്സരാഘോഷത്തിൽ സത്യപ്രതിജ്ഞ ചെയ്യും.






# ബാങ്കിംഗ് ഭേദഗതി ലോക്സഭ പാസാക്കി

ന്യൂഡൽഹി: ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ കാതലായ മാറ്റങ്ങൾ നിർദേശിക്കുന്ന ബാങ്കിംഗ് നിയമ ഭേദഗതി ബിൽ 2024 ലോക്സഭ പാസാക്കി. ബാങ്കിംഗ് മേഖലയെ ശക്തിപ്പെടുത്താനും ഉപഭോക്താക്കളുടെ സൗകര്യം വർധിപ്പിക്കാനും കഴിയുന്നതാണു ഭേദഗതികളെന്നു ബിൽ അവതരിപ്പിച്ച ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു.

ബാങ്ക് അക്കൗണ്ടുകൾക്കും സ്ഥിര നിക്ഷേപങ്ങൾക്കും ഒരാളെ മാത്രം നോമിനിയാക്കാമെന്ന നിലവിലുള്ള ചട്ടത്തിനു പകരം നിക്ഷേപകർക്ക് നാലു പേരെവരെ നിർദേശിക്കാം എന്നതാണ് ഭേദഗതിയിലെ സുപ്രധാന നിർദേശങ്ങളിലൊന്ന്.

നിക്ഷേപകന്റെ കാലശേഷം തുക വിതരണംചെയ്യുന്നതു ലളിതമാക്കാൻ ഇതുവഴി കഴിയും. കോവിഡിനുശേഷം മരിച്ച നിരവധി നിക്ഷേപകരുടെ ആശ്രിതർക്കു തുക വിതരണം ചെയ്യുന്നതു പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ഇതേത്തുടർന്നാണ് നോമിനികളുടെ എണ്ണം വർധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചനകൾ ഉയർന്നത്.

സഹകരണ ബാങ്കുകളിലെ ചെയർപേഴ്സൺ, മുഴുവൻ സമയ ഡയറക്ടർമാർ ഒഴികെയുള്ള ഡയറക്ടർമാർ എന്നിവരുടെ കാലാവധി എട്ടുവർഷത്തിൽനിന്ന് പത്തുവർഷമായി ഉയർത്താനുള്ളതാണ് മറ്റൊരു ഭേദഗതി. ഇതുൾപ്പെടെ 19 ഭേദഗതികളാണു ബില്ലിൽ നിർദേശിച്ചിരിക്കുന്നത്.

ബില്ലിലെ നിർദേശങ്ങളെ പ്രതിപക്ഷം ശക്തിയായി വിമർശിച്ചു. സ്ത്രീകളുടെ താലിമാല വരെ വിൽക്കേണ്ടിവന്ന നോട്ട് അസാധുവാക്കൽ പോലെ, മോദി സർക്കാരിന്റെ സാമ്പത്തിക ദുരന്തങ്ങളുടെ തുടർച്ചയാണ് ബിൽ എന്നു കോൺഗ്രസ് നേതാവ് ഗൗരവ് ഗൊഗോയ് കുറ്റപ്പെടുത്തി. ബാങ്കിംഗ് ഭേദഗതി ബില്ലിനു പുറമേ എണ്ണപ്പാടങ്ങളുടെ വികസനവും നിയന്ത്രണവും സംബന്ധിച്ച ബിൽ (ഓയിൽ ഫീൽഡ്സ് റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) രാജ്യസഭ ചർച്ച ചെയ്തു. ഫെഡറൽ സംവിധാനം തകർക്കുന്നതും കേന്ദ്രസർക്കാരിൽ അധികാരം കേന്ദ്രീകരിക്കുന്നതുമാകും ബില്ലെന്ന് കോൺഗ്രസ്, എഎപി, എസ്പി, എൻസിപി തുടങ്ങിയവർ ആരോപിച്ചു.

ഇന്ത്യയുടെ പരിസ്ഥിതിയെ വളരെ ദോഷകരമായി ബാധിക്കുന്നതാണു ബില്ലെന്ന് സിപിഐ നേതാവ് പി.പി. സുനീർ കുറ്റപ്പെടുത്തി.

# കേരള ടൂറിസം പുരസ്കാര നിറവിൽ

കൊച്ചി: സുസ്ഥിര വന്യജീവി വിനോദസഞ്ചാര മേഖലയിൽ കേരളം നടത്തുന്ന നൂതനമായ പദ്ധതികൾക്കുള്ള അംഗീകാരമായി ടി.ഒ.എഫ് ടൈഗേർസിന്റെ സാങ്ചറി ഏഷ്യ അവാർഡ് ഡൽഹിയിലെ ബിക്കാനിർ ഹൗസിൽ നടന്ന ചടങ്ങിൽ സംസ്ഥാന ടൂറിസംമന്ത്രി മുഹമ്മദ് റിയാസ് അവാർഡ് ഏറ്റുവാങ്ങി. കേരളത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ ടൂറിസം രീതികൾ വികസിപ്പിക്കാനും പ്രചരിപ്പിക്കാനും കേരളം പ്രതിജ്ഞാബദ്ധമാണെന്ന് മുഹമ്മദ് റിയാസ് പറഞ്ഞു. അന്താരാഷ്ട്ര തലത്തിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ മാതൃകാ ഹബ്ബായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വന്യജീവി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ഉത്തരവാദിത്വ ടൂറിസത്തിന്റെ ആശയങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടുള്ള പുതിയ പദ്ധതികൾ എന്നീ ഘടകങ്ങളാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്.

# ശബരിമലയിൽ ആർക്കും പ്രത്യേക പരിഗണന വേണ്ട: ഹൈക്കോടതി

കൊച്ചി: ശബരിമലയിൽ ആർക്കും പ്രത്യേക പരിഗണന നൽകരുതെന്നും മറ്റു ഭക്തർക്കു നൽകാത്ത പരിഗണന വ്യവസായിയായ സുനിൽ സ്വാമിക്കു സന്നിധാനത്തു കൊടുക്കരുതെന്നും ഹൈക്കോടതി. സ്വമേധയാ ഹൈക്കോടതി എടുത്ത കേസിലാണ് ഈ ഉത്തരവ്.

നേരത്തേ ശബരിമലയുമായി ബന്ധപ്പെട്ട സുനിൽ സ്വാമിയുടെ ഇടപെടലുകൾ വിവാദങ്ങൾക്കിടയാക്കിയിരുന്നു. മാസങ്ങളായി ഇവ കോടതി പരിശോധിച്ചുവരികയായിരുന്നു. വിവിധ വകുപ്പുകളിൽനിന്ന് ഇതു സംബന്ധിച്ചു റിപ്പോർട്ട് തേടുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചശേഷമാണു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. എല്ലാ ദിവസത്തെ പൂജകളിലും സുനിൽ സ്വാമി പങ്കെടുക്കുന്നുണ്ട്. ഈ സമയത്തെല്ലാം ശ്രീകോവിലിനു മുന്നിൽ സുനിൽ സ്വാമി ഉണ്ടാകാറുണ്ട്. നട തുറക്കുന്ന ദിവസങ്ങളിലെല്ലാം അവിടെ സുനിൽ സ്വാമി സ്ഥിരമായി താമസിക്കുന്നു. ഈ പരിഗണനകളൊന്നും മറ്റു ഭക്തർക്കു ലഭിക്കാറില്ല. വെർച്വൽ ക്യൂ വഴിമാത്രമാണ് ഭക്തർക്കു സന്നിധാനത്തേക്കു പ്രവേശനമുള്ളത്. സുനിൽ സ്വാമിക്കും ഈ രീതിയിൽ പ്രവേശനം അനുവദിച്ചാൽ മതിയെന്നു കോടതി പറഞ്ഞു. ശബരിമലയിലെ ഡോണർ ഹൗസായ സഹ്യാദ്രി പിൽഗ്രിം സെന്ററിലെ 401-ാം നമ്പർ മുറി പത്തു വർഷമായി സുനിൽ സ്വാമി മാത്രമാണ് ഉപയോഗിക്കുന്നതെന്നും കോടതി കണ്ടെത്തി. ഡോണർ റൂമുകളിൽ ഒരു സീസണിൽ അഞ്ച് ദിവസം വാടക നൽകി താമസിക്കാനും പത്തു ദിവസം വാടക നൽകി താമസിക്കാനും അനുവാദമുണ്ട്. എന്നാൽ വർഷങ്ങളോളം അതു കൈവശംവെക്കാൻ കഴിയില്ല. വ്യക്തിതാത്പര്യങ്ങൾക്കുവേണ്ടി ദേവസ്വം ഉദ്യോഗസ്ഥരെ പണം കൊടുത്തു സ്വാധീനിക്കുന്നുണ്ടെന്നും ആചാരലംഘനം നടത്തുന്നുണ്ടെന്നും സുനിൽ സ്വാമിക്കെതിരെ വർഷങ്ങൾക്ക് മുമ്പുതന്നെ വിജിലൻസ് റിപ്പോർട്ടുണ്ടായിരുന്നു.

## അധികാരം പിടിച്ചു

(3-ാം പേജിൽനിന്നും)

പിടിച്ചെടുത്ത ആയുധശേഖരം ലക്ഷ്യമാക്കിയായിരുന്നു ഇസ്രയേൽ ആക്രമണം. ആയുധശേഖരം വിമതസേനയുടെ കൈയിലെത്തുന്നതു തടയുന്നതിനായിരുന്നു വ്യോമാക്രമണം. ആയുധസംഭരണ കേന്ദ്രങ്ങൾ ബോംബിട്ട് തകർത്തു. സുവൈദയിലെ ഖൽഖലാഹ വ്യോമതാവളത്തിലെ ആയുധശേഖരങ്ങൾ, ദാരാ ഗവർണറേറ്റിലെ സൈനികകേന്ദ്രങ്ങൾ, ഡമാസ്കസിലെ മെസെ വ്യോമതാവളം എന്നിവിടങ്ങളിലാണ് ഡിസംബർ ഒൻപതിന് പുലർച്ചെ ആക്രമണമുണ്ടായതെന്ന് സിറിയയിൽ നിന്നുള്ള റിപ്പോർട്ടുകൾ പറയുന്നു.

# പ്രചോദനമായ 100 സ്ത്രീകൾ: ബിബിസി പട്ടികയിൽ വിനേഷ് ഫോഗട്ടും

ന്യൂഡൽഹി: 2024-ൽ ലോകത്തിനു പ്രചോദനമായ 100 സ്ത്രീകളുടെ പട്ടികയിൽ ഇന്ത്യയിൽനിന്ന് മൂന്നു പേർ ഇടംപിടിച്ചു. ബ്രിട്ടനിലെ പ്രമുഖ വാർത്താവിതരണ സ്ഥാപനമായ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപറേഷൻ (ബിബിസി) തയാറാക്കിയ പട്ടികയിൽ ഇന്ത്യയിൽനിന്ന് ഗുസ്തി താരം വിനേഷ് ഫോഗട്ട്, സാമൂഹ്യ പ്രവർത്തകരായ അരുണ റോയ്, പൂജ ശർമ എന്നിവരാണ് ഇടംപിടിച്ചത്.

ഈ വർഷം ലോകത്തെ പ്രചോദിപ്പിച്ച സ്ത്രീകളുടെ പട്ടികയിൽ അമേരിക്കൻ-ഇന്ത്യൻ വംശജയും ബഹിരാകാശ സഞ്ചാരിയുമായ സുനിത വില്യംസ്, ഹോളിവുഡ് നടി ഷാരോൺ സ്റ്റോൺ, ബലാത്സംഗ അതിജീവിത ജിസേൽ പെലികോട്ട്, നൊബേൽ സമ്മാന ജേതാവ് നാദിയ മുറാദ് തുടങ്ങിയവരുമുണ്ട്.

ഗുസ്തി മേഖലയിലെ ലിംഗവിവേചനത്തിനെതിരെ നിരന്തരം ശബ്ദമുയർത്തിയിട്ടുള്ള വിനേഷ് ഫോഗട്ട് വനിതാ ഗുസ്തി താരങ്ങൾക്കുനേരെ



ലൈംഗികാക്രമണം നടത്തിയ ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷണെതിരെ തെരുവിൽ സമരം നയിച്ചതിൽ മുൻനിരയിലുണ്ടായിരുന്നു. ഈ വർഷം നടന്ന പാരീസ് ഒളിമ്പിക്സ് ഫൈനലിൽ പ്രവേശിച്ചെങ്കിലും 100 ഗ്രാം ഭാരം കൂടിയതിന്റെ പേരിൽ അയോഗ്യയാക്കപ്പെട്ട വിനേഷ് ഇപ്പോൾ ഹരിയാനയിൽ കോൺഗ്രസ് എംഎൽഎ കൂടിയാണ്.

ഇന്ത്യയിലെ പ്രമുഖ സാമൂഹ്യപ്രവർത്തകയായ അരുണ റോയ് വിവരാവകാശ സമരം മുന്നിൽനിന്ന് നയിച്ച നേതാവ് കൂടെയാണ്.

കഴിഞ്ഞ മൂന്ന് വർഷമായി ഡൽഹിയിലെ അനാഥമായ മൃതദേഹങ്ങൾ ഏറ്റെടുത്തു സംസ്കരിക്കുന്നതിനു നേതൃത്വം നൽകിയ മനുഷ്യാവകാശ പ്രവർത്തകയാണ് പൂജ ശർമ.

പ്രതികൂല സാഹചര്യങ്ങളോട് പൊരുതി നിരവധി ജീവിതങ്ങളെ സ്വാധീനിച്ച സ്ത്രീകളെയാണ് ബിബിസി 2024-ലെ പട്ടികയിലുൾപ്പെടുത്തിയിരിക്കുന്നത്.

## വയനാട് പുനരധിവാസം

(3-ാം പേജിൽനിന്നും)

അതിനുശേഷം സഹായം അനുവദിക്കുന്നതിനെക്കുറിച്ച് കേന്ദ്രത്തോട് പറയാമെന്നും ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു.

ഓരോ വർഷവും ശരാശരി 700 കോടിയിലധികം രൂപ എസ്ഡിആർഎഫിൽനിന്നും ചെലവഴിക്കേണ്ടതുണ്ടെന്ന് കോടതിയിൽ ഹാജരായ അക്കൗണ്ട്സ് ഓഫീസർ വിശദീകരിച്ചു. വയനാട്ടിൽ ഉണ്ടായതു പോലുള്ള വലിയ ദുരന്തങ്ങൾ ഇതിൽ വരില്ല. എന്നാൽ, ചെലവിന്റെ കാര്യം അക്കൗണ്ട്സിൽ കൃത്യമായി പ്രതിഫലിക്കണമെന്നു കോടതി പറഞ്ഞു. 677 കോടിയിൽ എത്ര രൂപ ഉപയോഗിക്കാമെന്നതിൽ ഒരു ധാരണയുമില്ല. എന്നിട്ട് അടിയന്തരമായി 240 കോടി വേണമെന്ന് ആവശ്യപ്പെട്ടു. ധനവിനിയോഗത്തിൽ ഓഡിറ്റ് റിപ്പോർട്ട് ഉണ്ടാകില്ലെന്നും കോടതി പ്രതികരിച്ചു.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...



THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയ്ക്ക് ഊഷ്മള സ്വീകരണം

**ഷാജി രാമപുരം**

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനത്തിൽ ഹ്രസ്വസന്ദർശനത്തിനായി എത്തിച്ചേർന്ന സഭയുടെ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയ്ക്ക് ന്യൂയോർക്ക് ജെഎഫ്കെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള വരവേല്പ് നല്കി.

ഭദ്രാസന സെക്രട്ടറി റവ. ജോർജ് ഏബ്രഹാം കല്ലൂപ്പാറയുടെ നേതൃത്വത്തിൽ ഭദ്രാസന ട്രഷറർ ജോർജ് ബാബു, സഭാ കൗൺസിൽ അംഗം വർഗീസ് പി. വർഗീസ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ. ക്രിസ്റ്റഫർ ഫിൽ ഡാനിയേൽ, റോയി തോമസ് കൂടാതെ റവ. ബിജു പി. സൈമൺ, റവ. ടി.എസ്. ജോസ്, റവ. വി.ടി. തോമസ്, റവ. ജോസി ജോസഫ്, റവ.ഡോ. പ്രമോദ് സഖറിയ, റവ. ജേക്കബ് ജോൺ, സണ്ണി ഏബ്രഹാം, സി.വി. സൈമൺകുട്ടി, തോമസ് ഉമ്മൻ, തോമസ് ദാനിയേൽ, തമ്പി കുരുവിള തുടങ്ങിയവർ എയർപോർട്ടിൽ സ്വീകരിക്കുവാൻ എത്തിയിരുന്നു.




# സിഎംഎ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് ജനുവരി 7-ന് തിരുവനന്തപുരത്ത്

**ബിജു മുണ്ടയ്ക്കൽ**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ പ്രബല സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസോസിയേഷന്റെ (സിഎംഎ) നേതൃത്വത്തിൽ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നു. 2025 ജനുവരി 7-ാം തീയതി ചൊവ്വാഴ്ച തിരുവനന്തപുരത്തെ കെ.റ്റി.ഡി.സി മാസ്കോട്ട് ഹോട്ടലിലെ സിംഫണി ഹാളിൽ വൈകുന്നേരം അഞ്ചു മണി മുതലാണ് കോൺക്ലേവ് നടക്കുന്നത്.

നോർത്ത് അമേരിക്കയിലെ വിവിധ സംഘടനാ പ്രതിനിധികളും കേരളത്തിലെ കലാ-സാംസ്കാരിക-രാഷ്ട്രീയം ഉൾപ്പെടെയുള്ള രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളും തമ്മിൽ ആരോഗ്യകരമായ ആശയവിനിമയം നടത്തി പരസ്പരം വിവരങ്ങൾ കൈമാറുകയെന്നതാണ് ഈ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. വിവരസാങ്കേതിക വിദ്യ, ജൈവ സാങ്കേതികവിദ്യ, ബഹിരാകാശ ശാസ്ത്രം, കയറ്റുമതി-ഇറക്കുമതി, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലെ ലോകത്തിന്റെ വളർച്ച സംബന്ധിച്ച ചർച്ചയാണ് കോൺക്ലേവിന്റെ ഹൈലൈറ്റ്.

കഴിഞ്ഞ 52 വർഷമായി ചിക്കാഗോ മലയാളികൾക്ക് താങ്ങും തണലുമായി നിലകൊള്ളുന്ന ചിക്കാഗോ മലയാളി അസോസിയേഷൻ മാതൃകാപരമായ ജനപക്ഷ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. സംഘടനയുടെ പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ഇവന്റ് ഓർഗനൈസർ ജോസ് മണക്കാട്ട് എന്നിവർ കോൺക്ലേവിന് നേതൃത്വം നല്കുന്നു. മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളായ വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ജോയിന്റ് സെക്രട്ടറി വിവീഷ് ജേക്കബ്, ജോയിന്റ് ട്രഷറർ സിബിൾ ഫിലിപ്പ്, ചിക്കാഗോ മലയാളി അസോസിയേഷൻ ബോർഡ് മെംബേഴ്സും കൂട്ടായി കോൺക്ലേവ് വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

# ഐ.പി.സിയുടെ 101-ാമത് ജനറൽ കൺവൻഷൻ ജനുവരി 12 മുതൽ 19 വരെ കുമ്പനാട്ട്

**ജോയി തുമ്പമൺ**

കുമ്പനാട്: ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമങ്ങളിൽ ഒന്നായ കുമ്പനാട് ഐ.പി.സി കൺവൻഷൻ 2025 ജനുവരി 12 മുതൽ 19 വരെ കുമ്പനാട് ഹെബ്രോൺ ഗ്രൗണ്ടിൽ വെച്ച് നടത്തുവാൻ സഭാനേതൃത്വം വിപുലമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ജനറൽ പ്രസിഡണ്ടായ റവ.ഡോ. വൽസൻ ഏബ്രഹാം, വൈസ് പ്രസിഡണ്ട് ഡോ. ഫിലിപ്പ് പി. തോമസ്, സെക്രട്ടറി ഡോ. ബേബി വറുഗീസ്, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ തോമസ് ജോർജ്, ഡോ. വർക്കി ഏബ്രഹാം, ട്രഷറർ ഡോ. ജോൺ തോമസ് എന്നിവർ നേതൃത്വം നല്കുന്നു.




ഇന്ത്യയിലും വിദേശത്തുമുള്ള പല പ്രമുഖ പാസ്റ്റർമാർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. സുപ്രസിദ്ധ ഗായകർ ഉൾപ്പെടെ സഭയുടെ ഗായകസംഘം ഗാനങ്ങൾ ആലപിക്കും.

2025 ജനുവരി 12-ന് വൈകിട്ട് 5.30-ന് ആരംഭിക്കുന്ന ഈ മഹാസമ്മേളനം ജനറൽ പ്രസിഡണ്ട് ഡോ. വൽസൻ ഏബ്രഹാം ഉദ്ഘാടനം ചെയ്യും. എല്ലാ ദിവസവും രാവിലെ ബൈബിൾ ക്ലാസുകൾ, പ്രഭാത സെഷൻ, ഉച്ചകഴിഞ്ഞുള്ള സെഷൻ, മ്യൂസിക് ഫെസ്റ്റ്, മിഷൻ ചലഞ്ച്, വിമൻസ് ഫെലോഷിപ് മീറ്റിങ്ങുകൾ, യുവജനങ്ങൾക്കു വേണ്ടിയുള്ള മീറ്റിങ്ങുകൾ എന്നിവ നടക്കും. രാത്രി മീറ്റിംഗുകൾ പൊതുമീറ്റിംഗുകൾ ആയിരിക്കും.

19-ാം തീയതി ഞായറാഴ്ച രാവിലെ വിശുദ്ധ സഭായോഗം, കർത്തൃമേശയോടെ ആരംഭിക്കും. ഇന്ത്യയുടെ എല്ലാ സ്റ്റേറ്റുകളിൽ നിന്നും വിദേശത്തുനിന്നും ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കും. പതിനായിരങ്ങൾ പങ്കെടുക്കുന്ന ഈ ജനറൽ കൺവൻഷൻ ലക്ഷങ്ങളിൽ എത്തിക്കാൻ ഹാർവെസ്റ്റ് ടിവി തത്സമയ സംപ്രേഷണങ്ങൾ നടത്തും. അവിസ്മരണീയമായ ഈ സമ്മേളനത്തിലേക്ക് ഏവർക്കും സ്വാഗതം.

# ഐകെസിസി ക്രിസ്മസ്കരോൾ കിക്കോഫ് നടത്തി

**സാബു തടിപ്പുഴ**

ലോങ് ഐലൻഡ്: ഈ വർഷത്തെ ക്രിസ്മസ് കരോളിന് തുടക്കം കുറിച്ചുകൊണ്ട് നടത്തിയ കിക്കോഫ് ലോങ് ഐലൻഡിലെ ക്നാനായ സെന്ററിൽ നടത്തപ്പെട്ടു. ഇത്തവണ വാർഡ് അടിസ്ഥാനത്തിൽ കരോൾ മത്സരവും നടത്തപ്പെടുന്നുണ്ട്. വിജയിക്കുന്നവർക്ക് കോട്ടയം രൂപതയുടെ തുടക്കത്തിനു കാരണക്കാരായവരിൽ ഒരാളായ ഫാ. മാത്യു വട്ടക്കളത്തിലിന്റെ നാമധേയത്തിൽ ഏർപ്പെടുത്തിയിട്ടുള്ള എവർ റോളിങ് ട്രോഫിയും ക്യാഷ് അവാർഡും നല്കുന്നതാണ്. ഐകെസിസിയുടെ ഫൗണ്ടിംഗ് പ്രസിഡണ്ടായിരുന്ന മാത്യു വട്ടക്കളം ആണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തിരിക്കുന്നത്. ക്നാനായ സമുദായത്തിന് വട്ടക്കളത്തിലച്ചൻ നല്കിയ സംഭാവനകളെക്കുറിച്ച് മാത്യു വട്ടക്കളം സംസാരിച്ചു. ബിക്യുഎൽഐ ക്നാനായ കൂട്ടായ്മയുടെ നേതൃത്വത്തിൽ കരോളും നടത്തി. പരിപാടികൾക്ക് ഐകെസിസി പ്രസിഡണ്ട് ഏബ്രഹാം പെരുമനശ്ശേരിൽ, കെസിസിഎൻഎ സെക്രട്ടറി അജീഷ് താമരത്ത്, നിയുക്ത പ്രസിഡണ്ട് സ്റ്റീഫൻ കിടാരത്തിൽ, സെക്രട്ടറി സാൽബി മാക്കിൽ, ജോ. സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ, വിമൻസ്ഫോറം പ്രസിഡണ്ട് നിറ്റാ കിടാരത്തിൽ, ബിക്യുഎൽഐ കോ-ഓർഡിനേറ്റർ ജസ്റ്റിൻ വട്ടക്കളം, സജി ഒരപ്പാങ്കൽ, ജോയ് പാറടിയിൽ, ഏബ്രഹാം പെരുമ്പളത്ത്, സിറിയക് തോട്ടം തുടങ്ങിവർ നേതൃത്വം കൊടുത്തു.





# പ്രസ്ക്ലബ് മാധ്യമ പുരസ്കാര നോമിനേഷന് വമ്പിച്ച വരവേല്പ്

ന്യൂയോർക്ക്: മാധ്യമരംഗത്ത് നിരവധി സംഭാവനകൾ നല്കുന്ന വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് പുരസ്കാരങ്ങൾക്കുള്ള നോമിനേഷന് വമ്പിച്ച പ്രതികരണം. നവംബർ 30 ആയി

**രഞ്ജിനി ആർ**

രുന്നു നോമിനേഷൻ നല്കാനുള്ള സമയപരിധി. ഇത് ആദ്യമായാണ് ഇത്രയധികം നോമിനേഷനുകൾ മാധ്യമ പ്രവർത്തകരിൽ നിന്ന് ലഭിക്കുന്നത്.

നോമിനേഷനിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ജനുവരി 10-ന് വൈകുന്നേരം 5 മണിക്ക് കൊച്ചിയിലെ ഗോകുലം കൺവൻഷൻ സെന്ററിൽ നടക്കുന്ന നിറപ്പകിട്ടാർന്ന ചടങ്ങിൽ പുരസ്കാരങ്ങൾ സമ്മാനിക്കും. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മാധ്യമരംഗത്തെ പ്രമുഖർ പങ്കെടുക്കും.

മാധ്യമരംഗത്തെ ഏറ്റവും വലിയ പുരസ്കാര രാവായിരിക്കും ഇവിടെ അരങ്ങേറുക. എഴുത്തുകാരൻ, മുൻ പത്രപ്രവർത്തകൻ എന്നീ നിലകളിൽ ശോഭിച്ച്, ഇപ്പോൾ നിയമ-വ്യവസായ മന്ത്രിയായ പി. രാജീവ്, റവന്യൂമന്ത്രി കെ. രാജൻ, ഗതാഗതമന്ത്രി കെ.ബി. ഗണേഷ്കുമാർ, ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവർ പങ്കെടുക്കും.

മാധ്യമശ്രീ പുരസ്കാര ജേതാവിന് ഒരു ലക്ഷം രൂപയും പ്രശംസാഫലകവും മാധ്യമരത്ന പുരസ്കാര ജേതാവിന് അമ്പതിനായിരം രൂപയും പ്രശംസാഫലകവും നല്കി ആദരിക്കും. മീഡിയ എക്സലൻസ് പുരസ്കാരത്തോടൊപ്പം ഫലകവും കാഷ് അവാർഡും നല്കുന്നതാണ്. അച്ചടി-ദൃശ്യ-ഓൺലൈൻ മാധ്യമ രംഗത്തും ഈ വർഷം ആദ്യമായി വിനോദാത്മക ടെലിവിഷൻ രംഗത്ത് പ്രവർത്തിക്കുന്നവരെയും പുരസ്കാര വേദിയിൽ ആദരിക്കുന്നതാണ്. മികച്ച എക്സ്ക്ലൂസീവ് വാർത്തയ്ക്കും അച്ചടി-ദൃശ്യ-ഓൺലൈൻ മാധ്യമങ്ങൾക്ക് പ്രത്യേക അവാർഡ് നല്കുന്നതാണ്. മികച്ച ഫീച്ചർ, മികച്ച വാർത്ത, അവതാരകൻ, അവതാരക, മികച്ച അന്വേഷണാത്മക വാർത്ത, മികച്ച ഫോട്ടോഗ്രാഫർ, മികച്ച വീഡിയോഗ്രാഫർ, മികച്ച ന്യൂസ് എഡിറ്റർ, മികച്ച വീഡിയോ എഡിറ്റർ, മികച്ച വാർത്താ നിർമ്മാതാവ്, മികച്ച റേഡിയോ പരിപാടി, യുവ മാധ്യമപ്രവർത്തകൻ -പ്രവർത്തക എന്നിങ്ങനെ നിരവധി അവാർഡുകൾ നല്കി മാധ്യമ പ്രവർത്തകരെ ആദരിക്കും.




കേരളത്തിലെ ഏറ്റവും മികച്ച പ്രസ്ക്ലബിന് അവാർഡ് നല്കി ആദരിക്കുന്നു എന്ന പുതുമയും ഇപ്രാവശ്യമുണ്ട്. ആദ്യമായി മികച്ച വാർത്താ പരിപാടിയുടെ നിർമ്മാതാവിനും മികച്ച എന്റർടൈൻമെന്റ് പരിപാടിയുടെ നിർമ്മാതാവിനും അവതാരകൻ-അവതാരക എന്നിവർക്കും വർത്തമാന പത്രങ്ങളിലെ മികച്ച തലക്കെട്ട്, ലേ ഔട്ട് ഒപ്പം ഓൺലൈൻ മാധ്യമരംഗത്തെ തെളിമയാർന്ന പ്രവർത്തനം എന്നിവയ്ക്കും അവാർഡുകൾ നല്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

മുതിർന്ന മാധ്യമപ്രവർത്തകരെയും വിവിധ മേഖലകളിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചവരെയും 'പയനിയർ' അവാർഡുകൾ നല്കി ആദരിക്കും. മാധ്യമരംഗത്തെ പ്രമുഖർ അടങ്ങിയ ജൂറിയോടൊപ്പം ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒന്നിച്ചു പുരസ്കാരത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: സുനിൽ ട്രൈസ്റ്റാർ 1-917 6621122, ഷിജോ പൗലോസ് 1-201 238 9654, വിശാഖ് ചെറിയാൻ 1-757 756 7374, അനിൽ ആറന്മുള 1-713 8827272, ആശ മാത്യു 1-612 986 2663, റോയ് മുളകുന്നം 1-647 363 0050.

കൂടാതെ കേരളത്തിലെ ഈ പരിപാടിയുടെ റീജിയണൽ കോ-ഓർഡിനേറ്റർ പ്രതാപുമായി ബന്ധപ്പെടാവുന്നതാണ്: 91984 633 3435.

www.indiapressclub.org

# ഫൊക്കാന കൺവൻഷൻ ചെയർമാനായി ആൽബർട്ട് കണ്ണമ്പിള്ളി

ന്യൂജേഴ്സി: അമേരിക്കൻ പ്രവാസി മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ 2026-ലെ കൺവൻഷൻ ചെയർമാനായി ആൽബർട്ട് കണ്ണമ്പിള്ളിയെ തെരഞ്ഞെടുത്തതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു. 2026-ലെ ന്യൂജേഴ്സി കൺവൻഷൻ ഒരു ചരിത്ര സംഭവമാക്കി മാറ്റുവാൻ ഫൊക്കാന കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഫൊക്കാനയുടെ 2024-ലെ ന്യൂജേഴ്സി കൺവൻഷൻ വിജയത്തിനായി അഹോരാത്രം അത്യദ്ധ്വാനം ചെയ്ത ആൽബർട്ട് കണ്ണമ്പിള്ളിയെ വരുന്ന കൺവൻഷന്റെയും ചെയർ ആയി നിയമിച്ചത്.

ന്യൂജേഴ്സി മലയാളികൾക്കിടയിൽ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമുദായിക മേഖലകളിൽ അറിയപ്പെടുന്ന നേതാവാണ് ആൽബർട്ട് കണ്ണമ്പിള്ളി. സൗമ്യ പ്രകൃതിക്കാരനായ ഇദ്ദേഹം മലയാളികളുടെ ഏതു കാര്യങ്ങൾക്കും കൃത്യമായ ഇടപെടലുകൾ നടത്താറുണ്ട്. ന്യൂജേഴ്സിയിലെ സാമൂഹിക, രാഷ്ട്രീയ. സാമുദായിക മേഖലകളിൽ നിരവധി സംഭാവനകൾ നല്കിയിട്ടുള്ള ആൽബർട്ട് കണ്ണമ്പിള്ളി ഒരു ചാരിറ്റി പ്രവർത്തകൻ കൂടിയാണ്. ന്യൂജേഴ്സിയിലെ പ്രബല മലയാളി സംഘടനയായ മഞ്ചിന്റെ സജീവ പ്രവർത്തകനും ഫൗണ്ടിംഗ് മെംബറുമാണ് ഇദ്ദേഹം.



ആൽബർട്ട് കണ്ണമ്പിള്ളി ഫൊക്കാനയുടെ നിരവധി പരിപാടികളിൽ സജീവ സാന്നിദ്ധ്യമാണ്. സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തകനായി സ്കൂൾ, കോളജ് തലങ്ങളിൽ സംഘടനാ പ്രവർത്തനം നടത്തി നേതൃനിരയിൽ പ്രവർത്തിച്ചു. എസ്എഫ്ഐയുടെ ക്രൈസ്റ്റ് കോളജ് ഇരിങ്ങാലക്കുട വൈസ് ചെയർമാൻ ആയും പ്രവർത്തിച്ചു. ഈ പരിചയമാണ് പിന്നീട് അമേരിക്കൻ സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കാൻ ഉണ്ടായ പ്രചോദനം. ഏല്പിക്കുന്ന ചുമതലകൾ കൃത്യമായും ഭംഗിയായും നിർവഹിക്കുന്ന സംഘാടകനാണ്. അതുകൊണ്ടു തന്നെയാണ് ആൽബർട്ട് കണ്ണമ്പിള്ളിയെ തേടി സ്ഥാനങ്ങൾ എത്തുന്നത്.

എപ്പോഴും പിന്നണിയിൽ നിന്ന് പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്ന വ്യക്തിത്വത്തിന് ഉടമയാണ് ആൽബർട്ട് കണ്ണമ്പിള്ളി. നിരവധി പുരസ്കാരങ്ങളും അവാർഡുകളും നേടിയിട്ടുണ്ട്. തന്റെ ജീവിതവും കരിയറും ജനക്ഷേമ പ്രവർത്തനത്തിനും സമൂഹനന്മയ്ക്കുമായി പ്രവർത്തിക്കാൻ എപ്പോഴും തല്പരനായ ഒരു വ്യക്തിയാണ്.

കഴിഞ്ഞ 21 വർഷമായി ന്യൂജേഴ്സി ഈസ്റ്റ് ഹാനോവറിൽ സ്ഥിര താ

**സന്തോഷ് എബ്രഹാം**

മസക്കാരനായ ആൽബർട്ട് തൃശൂർ മാള സ്വദേശിയാണ്.

അക്കൗണ്ടിംഗിൽ ബിരുദാനന്തര ബിരുദധാരിയായ ആൽബർട്ട് ഇപ്പോൾ തൊമാർ കൺസ്ട്രക്ഷൻ കമ്പനിയുടെ ചീഫ് ഫിനാൻസ് ഓഫീസർ ആയി പ്രവർത്തിക്കുന്നു. കമ്പനിയുടെ വിജയത്തിനു പിന്നിലെ ഏറ്റവും നിർണ്ണായകമായ വ്യക്തിയാണ് ആൽബർട്ട്.

ഫാദർ മാത്യു കുന്നത്ത് ചാരിറ്റബിൾ ഫൗണ്ടേഷൻ വൈസ് ചെയർമാൻ, സെന്റ് ജോർജ് സീറോമലബാർ പള്ളിയുടെ ഓഡിറ്റർ, 2018 വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ കൺവൻഷന്റെ ഭാഗമായി ന്യൂജേഴ്സിയിൽ നടന്ന കൺവൻഷന്റെ ഓഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച വ്യക്തിയാണ്. റിപ്പബ്ലിക്കൻ പാർട്ടിയുടെ സജീവ പ്രവർത്തകൻ കൂടിയാണ്. ഭാര്യ ഷൈനി കണ്ണമ്പിള്ളി, മക്കൾ അലോഷ്യസ്, ആൻ എന്നിവരോടൊപ്പം ന്യൂജേഴ്സിയിലാണ് താമസം.



# CARE AND SHARE

## Celebrating 35 Years of Humanitarian Services

Care & Share is a 501(c)(3) nonprofit organization that has been transforming lives through compassion and service for more than three decades. Established in Chicago in 1990 by a group of dedicated professionals, it continues to uphold its founding motto: “To serve the needy with compassion.”

Today, Care & Share provides a wide range of critical support services to communities in need. These include disaster response efforts, medical and research assistance, initiatives to address homelessness, disease prevention programs, and direct financial aid to those facing hardship. Through its enduring commitment and diverse programs, Care & Share remains at the forefront of charitable endeavors that uplift the most vulnerable members of society.

Because every member of our organization donates their time and expertise, we operate with virtually no overhead, keeping administrative costs at an exceptionally low 0.1%. This structure ensures that nearly every dollar contributed flows directly to the individuals and communities in need, maximizing the impact of our donors’ generosity.

### SERVING THE COMMUNITY SINCE 1990

During its first decade of operation, Care & Share focused on supporting projects within the United States, particularly those benefiting the homeless and hungry. Through partnerships with local charities and Catholic missions-including Olive Branch Missions, Living Springs Outreach Center in Englewood, Daybreak Family Support Center, Morning Star Mission in Joliet, and the Apna Ghar (Our Home) feeding program at St. Pius Church-the organization provided essential services to those in need. Additionally, Care & Share expanded its assistance by offering cribs and prescription eyeglasses to the most vulnerable individuals throughout the Chicagoland area.

### Mission to India:

Since 2000, Care and Share has expanded its services to India, particularly in Kerala.

Pain and Palliative Care Units: Providing financial aid to these centers that deliver compassionate care for patients in their final stages of life.

Dialysis Support: Donating dialysis machines to various hospitals, enabling free dialysis services to alleviate the financial burden on kidney disease patients.

Old Age Homes: Supporting various old age homes to care for and assist elderly individuals without dependents during their final phase of life.

Financial Aid for Patients: Offering monetary assistance to those battling cancer, kidney diseases, and other severe illnesses.

Support for Disaster Victims: Providing financial help to construct homes for flood-affected underprivileged individuals and others in need.

Educational Scholarships: Empowering underprivileged students to pursue education with confidence through scholarships.




**Care and Share has supported and funded various serivce projects, provided aid to the underprivileged, with a total contribution of $15 million!**

* Home for Homeless in Kerala-Funded 100 homes
* Donated 3 Dialysis machines for PS Hospital, Ernakulam and 8 Dialysis machines to Shanti Bhavan Thrissur
* Every year Care & Share works with our partners to raise funds for the causes we support. Few of them are:

1. Ganamela with Seattle Saptaswara
2. Carols with MaChaNi
3. Poker Tournaments
4. Badminton Tournaments
5. Dance Events
6. Walkathon with Pallium India
7. Seattle to Portland Bike Rides

* Special Education is one of the prime causes that Care & Share supports.
* Financial support, vehicles and buildings for various special schools.
* Donated medicines and medical equipments for the poor and needy.
* Equipped Asha workers of 825 villages in Wayanad with radios.
* Financial support to various orphanages and old age homes for building construction and other needs.
* Handed over $3.1Million Check to CMDRF to support Flood victims in Kerala

**Our motto is to serve the needy with compassion**

## Upcoming project in 2025:

**MCMS PROJECT:**

**(Mobile Cardio-Metabolic Screening)**

EARLY DETECTION AND PREVENTION OF DISEASES..

CARE AND SHARE is associating with CHEMPLAVIL FOUNDATION USA & SHANTHIBHAVAN HOSPITAL KERALA..

Mobile Cardio-Metabolic Screening is a charitable project with a mission to bring preventative healthcare directly to the people using a fully equipped Mobile Lab.

Early detection is key to preventing Chronic Kidney Disease, heart attack, stroke, and other serious illnesses.

Many people don’t have the resources or knowledge to identify the risk factors until it’s too late.

Care & Share is aiming to prevent the silent killer of Kidney disease, as well as heart attack, stroke, cancer and other diseases.



Bishop Mar Joy Alappatt inaugurated the kickoff of the "Snehaswanthanam" program, which will be held on Friday, December 13, at 6:30 P.M.

All are welcome to SNEHASANTHWANAM

# CARE & SHARE CHARITY DINNER NIGHT *and* ENTERTAINMENTS

**13 DECEMBER 2024, FRIDAY AT 6.30 PM, Syro Malabar Church Parish Hall**
**(5000 St. Charles Rd, Bellwood, IL 60104)**




Snehaswanthanam Dinner Night - Family of 4

$250.00




Snehaswanthanam Dinner Night - Family of 3

$200.00




Snehaswanthanam Dinner Night - Admit 2

$100.00






**A CARE & SHARE EVENT FOR A CHARITY DINNER NIGHT..**

.. An Evening of Warmth and Giving..

..Care & Share presents you a theater experience reminiscent of the richness of Kerala's theater culture..

Join us for SNEHASANTHWANAM, a special evening filled with dinner, drama, and music – all in the spirit of giving back. This event is a fundraiser designed to bring our community together to make a difference.

**Event Details..**

Date: 13th December 2024

Time: 6:30 PM

Venue: Syro Malabar Church Parish Hall – 5000 St.Charles Rd, Bellwood, IL.

About the Event: Snehasanthwanam means "Gift of Affection" in Malayalam, and we hope to embody this spirit throughout the night. This isn't just an event; it's a celebration of compassion and community.

**What to Expect**:

- Dinner: Enjoy a sumptuous meal with friends and family.
- Drama: A thought-provoking theatrical performance By KAW Production "KozhuthaKalakutty" – A modern adaptation of the Bible story "The Prodigal Son"
- Music: Uplifting live music to set the mood, performed by play back singer Joji and singer Lidia Simon.

**Why Attend?:**

Your presence at SNEHASANTHWANAM supports our mission to support causes such as medical support for critically ill patients, education for the disabled kids, and Palliative care. Every ticket purchased, and every donation made, helps us make a difference.

**How You Can Help:**

Whether through attending, donating, or simply spreading the word, your support counts. Together, we can bring warmth and hope to those who need it most.




**Care & Share presents you a theater experience reminiscent of the richness of Kerala's theater culture.**

Directed by theater veteran Mr. Thampi Sam Raj, we proudly bring to you 'Kozhutha Kalakutty' a famous play by playwright Mr. T.M. Abraham. The story is a modern-day adaptation of biblical parable "Prodigal Son".

SCAN ME

https://www.careandshare.com/ss2024

**PROGRAM COORDINATORS**



Joseph Chamakala CPA
Certified Accounting &Tax,INC



Jithesh Chungath



# TEAM MEMBERS OF CARE & SHARE

## Tony Devassy, President



Tony Devassy, Principal of Devassy Asset Management LLC, has over 38 years of experience providing excellent financial advice to his clients. For more than 20 years he served as a financial advisor with American Express Financial Advisors Inc and was the recipient of the Great Citizen Award in 2000. Indian American Kerala Cultural and Civic Center of New York awarded Tony for his outstanding services in Philanthropy in November 2002. Tony is married to Dr. Elsy Devassy, who is a practicing psychiatrist in Joliet, IL. He is blessed with three daughters and two grandkids

## Sajith Balan, Director



Sajith is an Engineering Leader with a Master's degree in Computer Applications. He has been working with Microsoft Corporation.Sajith resides in Bothell, Washington with his wife and two daughters, where he continues to make an impact through his work and volunteer efforts. With a passion for technology and a commitment to giving back, Sajith remains driven by the mission to make a positive difference in both his personal and professional.Sajith demonstrated exceptional leadership during the 2018 Kerala Floods, spearheading a large-scale fund raising effort that raised over $1.3 million to support those affected by the disaster.

## Ashley A Elenjickal, Vice President



Ashley got a bachelors degree in Electronics & Comm engineering from Govt. Engineering College, Trichur, Kerala and Masters in Software & Computer Science Engineering from Seattle University, Washington. He is a principal software Engineer Manager in Optum division of United Health Group. He lives in Kirkland, WA with his Wife and two kids. Ashley is an exceptional organizer who deidicates lot his time to raise funds for various Care & Share causes, executing them with great success. He is also the President elect of Care & Share.

## Dr. Liz Babu, Director



Dr. Liz is a physician trained in Infections Disease, Critical Care and Neuro Critical Care. She practices bedside in critical care with West Coast Critical Care Specialists and tele ICU with Aquila Health Care Solutions. She resides in Ventura, California with her husband and daughter.

## Andrew Thomas, CPA-Secretary



Andrew Thomas CPA, is the Managing Partner of the Accounting firm Certified Accounting & Tax Inc, located in Glenview, IL. Andrew has a broad background in Corporate and Public Accounting areas. Andrew holds BS and MS degrees in Accounting from the University of Calicut, CPA from the University of Illinois and is a member of the Illinois CPA Society. Andrew lives in Northbrook, IL with his wife Tessy and three daughters.Andrew held distinguished Management positions at his career with ASAP Software and later Dell Inc, after which he moved into Public Accounting. Andrew has provided financial leadership to the Syro-Malabar Catholic Diocese of Chicago and the Cathedral over the years, which has become a cornerstone institution of a large community in the Chicago area.

## Raibin Raphy, Director



Raibin Raphy, Director: Raibin is a Software Engineer, working in Qorvo Semiconductor Company. He's living in Portland, Oregon with family from 2006. He is Serving in Non-Profits like GYRA, STEM4Girls to help/train kids to grow in STEM area. Also serve in Non-Profits like DAC, SWORAM and Care and Share to serve the community in USA, India and other places.

## Debra Devassy Babu, Director, Legal Advisor



Debra is an attorney practicing commercial litigation and appeals at the law firm of Askounis& Darcy, P.C. in Chicago. She received her Bachelor's degree from the University of Illinois at Urbana-Champaign, magna cum laude, and her Juris Doctor from the University of Illinois College of Law. She lives in Chicago with her husband Tom.

## Shibu Peter Vettukallel, Director



Shibu Peter Vettukallel, Director: Shibu is an Electronics Engineer, residing in Mount Prospect, Illinois, with his wife Leeann and their four children. A committed philanthropist, Shibu transitioned from his business career in Pala, Kerala in 2012 to focus entirely in supporting underprivileged kidney patients in Kerala through his Peter Foundation Trust, in association with Rotary International USA.Honoring his commitments & social services, he has been awarded by various organizations in US and Kerala. Shibu currently serves as the Manager of the International Bank of Chicago in Desplaines.

# ഒരു ഇഞ്ചക്ഷൻ കഥൈ

പണിക്കത്തി



രാജീവ് പണിക്കർ



ആ ..........അമ്മേ......

റോയിയുടെ ഭീകര നിലവിളി സ്കൂളിനെ പ്രകമ്പനം കൊള്ളിച്ചു.

ടീച്ചറൻമാരും സാറൻമാരും പാഞ്ഞെത്തി. രംഗ നിരീക്ഷണം നടത്തി. ചോര കിനിഞ്ഞു നിൽക്കുന്ന തുടയുമായി കാൽ അമർത്തിപ്പിടിച്ച് റോയി നിലത്തിരിക്കുകയാണ്.

കൈയിൽ നിവർത്തിപ്പിടിച്ച ഒരു കോമ്പസ്സുമായി മിഥുനത്തിലെ ഇന്നസെന്റിനെപ്പോലെ ജോസൂട്ടൻ!

ഞാൻ ആറിൽ പഠിക്കുന്ന കാലത്താണ്.. ജോസും റോയിയും എന്റെ ക്ലാസ്മേറ്റ്സ്. ഉയരം കുറഞ്ഞവർ. ഞാൻ അവന്മാരുമായിട്ടായിരുന്നു കമ്പനി. ബാക്കിയുള്ളവരെല്ലാം ഒടുക്കത്തെ പൊക്കമായിരുന്ന കൊണ്ട് കൂടെ നടന്നാ ഞാൻ ചെറുതായിപ്പോവൂലേ...

ജോസൂട്ടൻ അന്നേ വലിയ സംഭവമാണ്. രാവിലെ പേപ്പറിടാൻ പോകും. റബറു വെട്ടുന്നവരെ ഹെൽപ്പാൻ പോകും. അപ്രത്തെ വീട്ടിലെ അമ്മച്ചിക്ക് പച്ചക്കറി പലവ്യഞ്ജനം വാങ്ങിക്കൊടുക്കും. പള്ളിയിൽ എന്തൊക്കെയോ തട്ടുമുട്ടു ഹെൽപ്പുകൾ ചെയ്യും. അങ്ങനെയെല്ലാം ഇച്ചിരീശേ കാശൊപ്പിക്കും. കൂട്ടിവെക്കും. പിന്നെ പെൻസിൽ, ബോക്സ്, കുട, ചോറ്റുപാത്രം, പുസ്തകങ്ങൾ വട്ടം കെട്ടാനുപയോഗിക്കുന്ന ഇലാസ്റ്റിക് ഒക്കെ വാങ്ങും. നമ്മളോ.. എല്ലാത്തിനും വീട്ടിൽ പറയണം, കരയണം, ഇരക്കണം!

അങ്ങനെ സ്വരൂപിച്ച ചെറിയ തുകകൾ കൂട്ടിവെച്ച് ജോസൂട്ടൻ വാങ്ങി ഉപയോഗിച്ചു വരുന്ന പെൻസിൽ റോയി കുത്തിയൊടിച്ചു കളഞ്ഞിരിക്കുന്നു.

പെൻസിൽ പോയതിനേക്കാൾ അസഹ്യമായത് ഒടിഞ്ഞ പെൻസിൽ കൈയിൽ വെച്ച് സങ്കടപ്പെട്ടിരിക്കുന്ന ജോസൂട്ടനെ റോയി കളിയാക്കിയപ്പോഴാണ്. ഒട്ടും താമസിച്ചില്ല. ഫെൻസിങ്ങിൽ സാധാരണ കേട്ടുവന്നിട്ടുള്ള യാതൊരു നിയമവും പാലിക്കാതെ ജോസൂട്ടൻ ആ പെൻസിൽ ഘടിപ്പിക്കാനായി കൈയിലെടുത്ത കോമ്പസ്സ് കൊണ്ട് റോയിയുടെ അരയ്ക്കു താഴെ തുടയിൽ തന്നെ ആഞ്ഞു കുത്തി.

കുറ്റം പറയരുതല്ലോ.. ഉഗ്രൻ കുത്തായിരുന്നു. കോമ്പസ്സിന്റെ മുനയുള്ള ഭാഗം മുഴുവൻ തുടയിൽ തുളച്ചു കയറി.

സ്കൂളിലെ അന്നത്തെ ഏറ്റവും ഭീകരനായിരുന്ന ഡ്രിൽസാറ് ഒരു മുരൾച്ചയോടെ ഇടത്തേ കൈയിൽ ജോസൂട്ടനെ തൂക്കിയെടുത്തു. വലത്തേ കൈയിൽ ജോസൂട്ടന്റെ അത്ര തന്നെ നീളമുള്ള ഒരു ചൂരലും എടുത്തു. പിന്നെ ഒന്നു രണ്ടു തവണ അത് വായുവിൽ ചുഴറ്റി.

റോയിയുടെ കരച്ചിൽ നിന്നു.

ജോസൂട്ടന്റെ അലർച്ച തുടങ്ങി.

ഞങ്ങൾ ഇതെല്ലാം കണ്ടു നിന്നു.

രണ്ടു മൂന്നു ദിവസം കഴിഞ്ഞു. ഒരു ദിവസം ഉച്ചയ്ക്ക് പൊതിച്ചോറും മറ്റും കഴിച്ച് ഗ്രൗണ്ടിൽ പൊരിവെയിലത്ത് നാലഞ്ച് റൗണ്ട് ഓടിക്കളിച്ച് വിയർത്തുകുളിച്ച് ക്ലാസിലേക്ക് കയറിവന്ന ഞാൻ ക്ലാസിൽ വെറുതെ കുത്തിയിരിക്കുന്ന റോയിയെ കണ്ടു. പുള്ളി ചെറുതായി കുത്തേറ്റ കാൽ തടവുന്നുണ്ട്.

'വേദനയുണ്ടോടാ?' ഞാൻ ചോദിച്ചു.

'ചെറുതായിട്ട്': സങ്കടത്തോടെ അവൻ മറുപടി പറഞ്ഞു.

'ജോസൂട്ടൻ വന്നിട്ടില്ലേ.'

'വന്നിട്ടുണ്ട്.'

'എന്തു പറഞ്ഞു നീ.'

'ഒന്നും പറഞ്ഞില്ല.'

സംഭാഷണം ഇത്ര വരെയായപ്പോൾ എന്റെ ചിന്ത കാടുകയറി. ഒരുഗ്രൻ അവസരം എന്റെ മുൻപിൽ തെളിഞ്ഞു. ഞാൻ മെല്ലെ ഒന്നു ചിരിച്ച് റോയിയോടു പറഞ്ഞു.

'നീ പോയിസൺ ഇഞ്ചക്ഷൻ എടുത്തോ?'

'ഇല്ല. എനിക്കു പേടിയാ.'

'ഏയ്.. അതു പറ്റില്ല ഇഞ്ചക്ഷൻ എന്തായാലും എടുക്കണം.'

'സാരമില്ലാന്നാ അന്നു ഡോക്ടറെ കണ്ടപ്പോ പറഞ്ഞെ.'

'എന്നു നീ ജോസൂട്ടനോടു പറഞ്ഞോ?'

'ഇല്ല.'

'എന്നാ നീ ഇഞ്ചക്ഷൻ എടുക്കാനാ ഡോക്ടറ് പറഞ്ഞത് എന്ന് ജോസൂട്ടനോടു പറയണം.'

'എന്തിനാ?'

'നീ പറ.. ഇഞ്ചക്ഷൻ എടുക്കാൻ പതിനഞ്ചു രൂപ വേണമെന്നും പറയണം. (ക്ഷമിക്കണം. പതിനഞ്ചു രൂപ അന്ന് ഇന്നത്തെ അഞ്ഞൂറു രൂപയുടെ വിലയുണ്ട്.)'

'എന്നിട്ടോ?'

'അവന് തരാതെ പറ്റില്ലല്ലോ... നമ്മക്ക് ഡ്രിൽസാറിനോട് പറഞ്ഞു കൊടുക്കും എന്ന് പറയാടാ.. അവൻ തരും. നമുക്ക് ലാവിഷടിക്കാം.'

എന്റെ ഐഡിയ കൊള്ളാം എന്ന് റോയിക്ക് തോന്നി. അവൻ മുഴുവൻ വേദനയും മറന്നു. കൈയോടെ ജോസൂട്ടനെ കണ്ട് കാര്യം പറഞ്ഞു.

പക്ഷേ, ചെറുതായി ഒന്ന് പണി പാളി..

കൈയിലിരിക്കുന്ന കാശ് കഷ്ടപ്പെട്ടുണ്ടാക്കിയതു കൊണ്ടാകണം ജോസൂട്ടൻ നൈസായി ഇങ്ങനെ പറഞ്ഞു.

'ശരി. നീ വാ... ഏതാശുപത്രിയിലാ പോകണ്ടേ... ഇഞ്ചക്ഷൻ ഞാൻ എടുത്തു തരാം.'

*പണിക്കത്തി അഥവാ പണിക്കരുടെ കത്തി*

# എമ്പുരാനിലെ വില്ലൻ ആര്?

## 'മോഹൻലാൽ അടക്കം നാലുപേർക്ക് മാത്രമേ ആ സത്യം അറിയാവൂ'; നന്ദു






മലയാള സിനിമാ ലോകം കാത്തിരിക്കുന്ന സിനിമകളിലൊന്നാണ് പൃഥ്വിരാജിന്റെ സംവിധാനത്തിലെത്തുന്ന എമ്പുരാൻ. ചിത്രത്തെ കുറിച്ച് ഇതുവരെയും പ്രേക്ഷകർക്ക് യാതൊരു സൂചനയും ചിത്രത്തിന്റെ അണിയറ പ്രവർത്തകരിൽ നിന്നും ലഭിച്ചിട്ടില്ല. എമ്പുരാൻ സിനിമയുടെ കഥ എന്താണെന്നു പോലും നന്നായിട്ട് അറിയില്ലെന്ന പറയുകയാണ് നടൻ നന്ദു. എമ്പുരാനിൽ നടൻ നന്ദുവും അഭിനയിച്ചിട്ടുണ്ട്.

സത്യം പറഞ്ഞാൽ എമ്പുരാനിലെ വില്ലൻ ആരാണെന്ന് പോലും അറിയില്ല. തിരക്കഥാകൃത്ത് മുരളി ഗോപി, ഡയറക്ട് ചെയ്യുന്ന പൃഥ്വിരാജ്, നായകനായിട്ടുള്ള മോഹൻലാൽ, പ്രൊഡ്യൂസ് ചെയ്യുന്ന ആന്റണി പെരുമ്പാവൂർ ഇവർ നാലു പേർക്ക് മാത്രമേ ചിത്രത്തിന്റെ കഥ എന്താണെന്ന് അറിയൂ. മോഹൻലാലിന്റെ കഥാപാത്രത്തിന് വേറൊരു മുഖവും കൂടിയുണ്ടല്ലോ? രണ്ട് ട്രാക്കിൽ പോകുന്നത് കൊണ്ട് നമ്മൾ സിനിമയെ കുറിച്ച് കാടുകയറി ചിന്തിക്കേണ്ട കാര്യമില്ലെന്നാണ് നടൻ പറയുന്നത്.

എനിക്ക് തന്നിട്ടുള്ള ഭാഗം അഭിനയിക്കുക, പോകുക, ഇതു മാത്രമാണുള്ളത്. ഇനി പൃഥ്വിരാജ് എന്നോട്, ചേട്ടാ കഥ പറഞ്ഞുതരാമെന്ന് പറഞ്ഞാലും അറിയേണ്ട എന്നേ ഞാൻ പറയൂ. കാര്യം ഇത് തിയേറ്ററിൽ നമുക്ക് എക്സ്പീരിയൻസ് ചെയ്യണ്ടതാണ്. കഥ അറിഞ്ഞാൽ അത് പോകും.

ഈ സിനിമയെ സംബന്ധിച്ചിടത്തോളം തിയേറ്ററിൽ കാണുമ്പോഴുള്ള എക്സ്പീരിയൻസിനാണ് കാത്തിരിക്കുന്നതെന്നും നടൻ കൂട്ടിച്ചേർത്തു. ഒരു യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിലാണ് നന്ദു ഇക്കാര്യങ്ങൾ പറഞ്ഞത്.






കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം

# സ്നേഹത്തിന്റെ അളവുകോൽ

ഓർമ്മകളിലൂടെ...



സുജിത് തോമസ്, തെക്കേൽ

സ്നേഹത്തിന്റെ അളവു കോലുകൊണ്ട്, ബന്ധങ്ങളെ വിളക്കി ചേർക്കാൻ പ്രത്യേക വൈഭവം ഉണ്ടായിരുന്നു ഇളം തലമുറയിലെ ഏവർക്കും പ്രിയങ്കരിയായ തെക്കേൽ കുടുംബത്തിലെ ഈ പഴയ കാരണവത്തിക്ക്. ലാളിത്യമാർന്നതും വലുപ്പചെറുപ്പമില്ലാതെ ഏവരോടും സമഭാവനയോടെയുള്ള പെരുമാറ്റം കൊണ്ടും തറവാട്ടിലെ കുട്ടികളുടെ മനംകവർന്ന ആ മഹതിയെ അവർ സ്നേഹപുരസ്സരം 'മൈ ഡിയർ ആന്റി' എന്ന ഓമനപ്പേർ വിളിച്ചു.

80കളിലും 90കളിലുമൊക്ക ചട്ടയും മുണ്ടും ധരിച്ച ആഢ്യയായ മുതിർന്ന ഒരു നസ്രാണി സ്ത്രീയെ ഇത്തരം ഒരു ആംഗലേയ നാമം സർവ്വ സ്വാതന്ത്ര്യത്തോടെയും വിളിക്കണമെങ്കിൽ കുട്ടികൾക്ക് അവരുടെ ഈ എളാമ്മയോടുള്ള ഇഷ്ടം എത്ര മാത്രം ഉണ്ടായിരുന്നൂയെന്നതിന് കൂടുതൽ വിവർണ്ണന ആവശ്യമില്ലല്ലോ. ആരോടും പരിഭവം ഇല്ലാത്ത കുട്ടികളുടേതിനു സമാനമായ ഒരു നിഷ്കളങ്ക ഹൃദയം ആയിരുന്നു മൈ ഡിയർ ആന്റിക്ക്. തന്റെ സമകാലികരിൽ പലരും തിരുവായ്ക്കു എതിർവാ ഇല്ലായെന്ന മട്ടിൽ, കാരണവന്മാരുടെ മുന്നിൽ സ്വന്തം ഇഷ്ടങ്ങളും അഭിപ്രായങ്ങളും തുറന്ന് പറയാൻ മടിച്ചു നിന്നപ്പോളും, തന്റെ സ്വതസിദ്ധമായ ശൈലിയിൽ നർമ്മത്തിൽ പൊതിഞ്ഞു സരസമായി കാര്യങ്ങൾ സംസാരിച്ചിരുന്ന മൈ ഡിയർ ആന്റി തനിക്ക് ചുറ്റുമുള്ള മഹതികളിൽ ശുഭാപ്തി വിശ്വാസം പരത്തി.

കായികവിനോദ പ്രേമിയായിരുന്ന ഇളാമ്മയെ, അക്കാലത്തെ നാട്ടു നടപ്പനുസരിച്ച് നന്നേ ചെറുപ്പത്തിലേ കെട്ടിച്ചയക്കാൻ കാരണവന്മാർ തീരുമാനിച്ചപ്പോൾ അന്ന് കുട്ടിയായ ഇളാമ്മ പരിഭവം പറഞ്ഞത്, കൂട്ടുകാരുമൊത്ത് പന്ത് കളിച്ചു നടന്ന തന്നോട് ഇനി മുതൽ വേറെ വീട്ടിലേക്ക് താമസം മാറ്റണം എന്ന് പറയുന്നത് തികച്ചും അന്യായമാണെന്നതാണ്. ഇന്നത്തെ കാലത്ത് അതൊക്കെ ചിന്തിക്കുമ്പോൾ മൈഡിയർ ആന്റി പറഞ്ഞത് എത്ര ന്യായം ആയിരുന്നു എന്ന് മനസിലാക്കാം.

സൽക്കാര പ്രിയയായിരുന്ന മൈ ഡിയർ ആന്റി വീട്ടിൽ വരുന്ന ആർക്കും അവലോസുണ്ട, അച്ചപ്പം, കുഴലപ്പം, ചീപ്പപ്പം തുടങ്ങിയ പരമ്പരാഗത പലഹാരങ്ങൾ കഴിപ്പിച്ചു വയർ നിറച്ചേ തിരിച്ചയക്കൂ. ഞാൻ ചെറുപ്പത്തിൽ പെൻസിൽ പോലെ മെലിഞ്ഞിരിക്കുന്നുയെന്നു പറഞ്ഞ് ഭക്ഷണം, നെല്ലിക്കാരിഷ്ടം, ആട്ടിൻ സൂപ്പ് ഒക്കെ കഴിക്കാൻ ധാരാളം ഉപദേശിച്ചിരുന്നു മൈഡിയർ ആന്റി. വീടിന്റെ വിശാലമായ നീണ്ട വരാന്തയിൽ അടുത്ത് ചേർത്തിരുത്തി പഴയകാല കുടുംബകഥകൾ പറഞ്ഞിരുന്ന ആന്റിയുടെ ചരമ വാർഷികം വീണ്ടും വന്നെത്തിയപ്പോൾ എന്റെ ഹൃദയത്തിൽ എത്രമാത്രം ഓർമ്മകൾ ആണ് ചിറകു വിരിച്ചത്. സ്വർഗത്തിൽ സന്തോഷം വിതറുന്ന ആളുടെ ഓർമ്മകൾക്ക് മുന്നിൽ എന്റെ പ്രണാമം..

(വായനക്കാർക്ക് വേണ്ടപ്പെട്ടവരെ കുറിച്ച് ഹൃദയസ്പർശിയായ കുറിപ്പുകൾ, ഓർമ്മകൾ ഒക്കെ എഴുതുക)

## സിനിമാ കഥ



ദിവ്യ മേനോൻ

### സൂക്ഷ്മദർശിനി

നന്നായി എടുത്തിട്ടുള്ള ഒരു സിനിമയാണ്. ഒരു തവണ കാണാനുള്ള വകയുണ്ട്. ക്ലൈമാക്സിലെ കുറേ ഭാഗം un-realistic ആയി തോന്നി. ബാംഗ്ലൂർ ഡെയ്സിലും ഓം ശാന്തി




ഓശാനയിലുമൊക്കെ കണ്ട നസ്രിയയെ അതേ ഭാവങ്ങളോടെ ഈ സിനിമയിലും കണ്ടത് അത്ര സുഖകരമായി തോന്നിയില്ല. അഭിനയത്തിൽ കഥാപാത്രം ആവശ്യപ്പെടുന്ന maturity ചില സ്ഥലങ്ങളിലൊക്കെ ഇല്ലാതെപോയതായി തോന്നി. Overall its a one time watchable movie. Nothing more and nothing less.

### Her



നല്ല കെട്ടുറപ്പുള്ള തിരക്കഥ, സംവിധാനം. അഭിനേതാക്കളുടെ പ്രകടനവും മികച്ചത്. ഈയടുത്ത കാലത്ത് കണ്ട മികച്ചൊരു സ്ത്രീപക്ഷ സിനിമ എന്നുതന്നെ പറയാം. തികച്ചും വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കുറച്ചു സ്ത്രീകൾ, അവരുടേതായ രീതിയിൽ ജീവിതം തിരിച്ചുപിടിക്കുന്ന കാഴ്ചകളാണ് ഈ സിനിമ.

### തെക്ക്വടക്ക്

തിരക്കഥാകൃത്തും സംവിധായകനും മിനിമം റിസർച്ച് ചെയ്യാതെ, ലോജിക് എന്ന് പറയുന്ന സാധനത്തെ തെക്കുവടക്ക് ഉപേക്ഷിച്ച് വന്നു ചെയ്ത സിനിമ എന്നുതന്നെ പറയട്ടെ. പാലക്കാടൻ ഗ്രാമങ്ങളിൽ (അതും പൊള്ളാച്ചിയോട് ചേർന്ന അതിർത്തി പ്രദേശങ്ങളിൽ) നടക്കുന്നതായി ചിത്രീകരിച്ചിട്ടുള്ള സിനിമയിലെ കഥാപാത്രങ്ങളെല്ലാം സംസാരിക്കുന്നത് നല്ല തിരോന്തരം ഭാഷ! ഇതിൽ കൂടുതൽ ഞാൻ ഈ സിനിമയെ പറ്റി പറയേണ്ടല്ലോ.




# ജോൺ സി. വർഗീസ് ഫോമാ ബൈലോ കമ്മിറ്റി ചെയർമാൻ

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ഫോമായുടെ ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാൻ വേണ്ടി ബൈലോ കമ്മിറ്റി പുനഃസംഘടിപ്പിച്ചു. ജോൺ സി. വർഗീസ് (സലിം-ന്യൂയോർക്ക്) ആണ് കമ്മിറ്റി ചെയർമാൻ. ജെ. മാത്യു (ന്യൂയോർക്ക്), മാത്യു വൈരമൺ (ഹ്യൂസ്റ്റൺ), സജി ഏബ്രഹാം (ന്യൂയോർക്ക്), സിജോ ജെയിംസ് (ടെക്സാസ്), ബബ്‌ലു ചാക്കോ (കോ-ഓർഡിനേറ്റർ) എന്നിവരാണ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.



ജോൺ സി. വർഗീസ്



ജെ. മാത്യു



മാത്യു വൈരമൺ



സജി ഏബ്രഹാം



സിജോ ജെയിംസ്



ബബ്‌ലു ചാക്കോ

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ജോൺ സി. വർഗീസ് ഫോമായുടെ സ്ഥാപകനേതാക്കളിൽ പ്രമുഖനും മുൻ ജനറൽ സെക്രട്ടറിയുമാണ്. കൂടാതെ ഫോമാ അഡ്വൈസറി കൗൺസിൽ ചെയർമാൻ, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ജെ. മാത്യു ഫോമായുടെ സ്ഥാപകനേതാക്കളിൽ പ്രമുഖനും അവിഭക്ത ഫൊക്കാനയുടെ മുൻ പ്രസിഡണ്ടുമാണ്. ഫോമായുടെ നിരവധി കമ്മിറ്റികളിൽ അംഗമായിരുന്നിട്ടുണ്ട്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ലാനയുടെ മുൻ പ്രസിഡണ്ടും ജനനി മാഗസിൻ ചീഫ് എഡിറ്ററുമായ ജെ. മാത്യു അമേരിക്കയിലെ സാമൂഹിക സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമാണ്.

കമ്മിറ്റി അംഗമായ മാത്യു വൈരമൺ ഹൂസ്റ്റൺ മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകനും ഇമിഗ്രേഷൻ ലോയറുമാണ്. ടെക്സാസ് എ ആൻഡ് എം യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റിയായ മാത്യു നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവു കൂടിയാണ്.

കമ്മിറ്റി അംഗമായ സജി ഏബ്രഹാം ഫോമായുടെ സ്ഥാപകനേതാവാണ്. നാഷണൽ കമ്മിറ്റി അംഗം, ഫോമാ ന്യൂസിന്റെ ആദ്യ ചീഫ് എഡിറ്റർ, കേരള കൺവൻഷൻ ചെയർമാൻ, ബൈലോ കമ്മിറ്റിയുടെ സെക്രട്ടറി, അഡ്വൈസറി കൗൺസിൽ സെക്രട്ടറി, മലയാളം സമാജം പ്രസിഡണ്ട്, കേരള സമാജം സെക്രട്ടറി തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വ്യക്തിമുദ്ര പതിപ്പിച്ച നേതാവാണ്.

മറ്റൊരു കമ്മിറ്റി അംഗമായ സിജോ ജെയിംസ് (ടെക്സാസ്) കേരളാ അസോസിയേഷൻ ഓഫ് റിയോഗ്രാൻഡെവാലിയുടെ നിലവിലെ പ്രസിഡണ്ടായി പ്രവർത്തിക്കുന്നു. സംഘടനയുടെ മുൻ സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ച് നേതൃപാടവം തെളിയിച്ചിട്ടുള്ള വ്യക്തിയാണ്.

കോ-ഓർഡിനേറ്ററായ ബബ്‌ലു ചാക്കോ ഫോമായുടെ നാഷണൽ കമ്മിറ്റി അംഗമാണ്. ബൈലോ കമ്മിറ്റിയേയും ഫോമാ നാഷണൽ കമ്മിറ്റിയേയും തമ്മിൽ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ബബ്‌ലു ചാക്കോയ്ക്കാണ്.

പുതിയ ബൈലോ കമ്മിറ്റിയെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

# മലയാളത്തിന്റെ മഹാനടൻ ശ്രീനിവാസനെ കെഎച്ച്എൻഎ ആദരിക്കുന്നു

**ജയപ്രകാശ് നായർ**

ന്യൂയോർക്ക്: മലയാള സിനിമാരംഗത്ത് തന്റേതായ ഒരിടം സൃഷ്ടിച്ച മഹാനടനും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീനിവാസനെ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക ഫെബ്രുവരി 1-ന് കേരളത്തിൽ വെച്ച് നടക്കുന്ന കെഎച്ച്എൻഎയുടെ കേരള സംഗമ വേദിയിൽ ചലച്ചിത്ര പ്രതിഭാ പുരസ്കാരം നല്കി ആദരിക്കുന്നു.

അന്നേദിവസം തന്നെ സുപ്രസിദ്ധ സാഹിത്യകാരിയും നിരൂപകയുമായ പ്രഫ. ഡോ. എം. ലീലാവതിക്ക് കെഎച്ച്എൻഎ നാലാമത് ആർഷദർശന പുരസ്കാരം നല്കി ആദരിക്കും. ഇതിനു മുമ്പ് അക്കിത്തം, സി. രാധാകൃഷ്ണൻ, ശ്രീകുമാരൻ തമ്പി എന്നിവർക്കാണ് ഈ പുരസ്കാരം ലഭിച്ചിട്ടുള്ളത്. കെഎച്ച്എൻഎ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കെഎച്ച്എൻഎ ഫോർ കേരള ചാരിറ്റി പദ്ധതിയും ഇതോടൊപ്പം നടപ്പാക്കും. വിവിധ പദ്ധതികളിലായി ഒരു കോടി രൂപയുടെ ധനസഹായമാണ് കേരളത്തിനുവേണ്ടി ഡോ. ജയരാമൻ നേതൃത്വം നല്കുന്ന സേവാ ഫോറം നടപ്പിലാക്കുന്നത്.



ശ്രീനിവാസൻ

പ്രഫഷണൽ വിദ്യാർത്ഥികൾ, വിധവകൾ, ക്ഷേത്രകലാകാരന്മാർ തുടങ്ങിയവർക്ക് സഹായം, സ്ത്രീകൾക്ക് ബിസിനസ് വായ്പ, ശാരീരിക-മാനസിക വൈകല്യങ്ങൾ ഉള്ളവർക്ക് ചികിത്സാ സഹായം, ബാലാശ്രമങ്ങൾ, വിദ്യാലയങ്ങൾ, വൃദ്ധസദനങ്ങൾ മുതലായ സ്ഥാപനങ്ങൾക്ക് സഹായം, വനവാസി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങി നിരവധി കർമ്മ പദ്ധതികളാണ് ഈ ബൃഹത് സംരംഭത്തിൽ കെഎച്ച്എൻഎ ഏറ്റെടുത്തിട്ടുള്ളത്. കേന്ദ്രമന്ത്രിമാർ, കേരള ഗവർണർ, സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കുന്ന പരിപാടി എറണാകുളത്തുള്ള അഡ്‌ളക്സ് ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ വെച്ചാണ് നടക്കുക. സമൂഹത്തിലെ വിവിധ ശ്രേണികളിൽ നിന്നുള്ള പ്രമുഖർ പ്രത്യേക ക്ഷണിതാക്കളായി പരിപാടിയിൽ പങ്കെടുക്കുമെന്ന് കെഎച്ച്എൻഎ പ്രസിഡണ്ട് അറിയിച്ചു.

2025 ഓഗസ്റ്റ് 17, 18, 19 തീയതികളിൽ ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിൽ വെച്ച് നടക്കുന്ന കെഎച്ച്എൻഎയുടെ വിരാട് 25 എന്ന രജതജൂബിലി കൺവൻഷൻ വിജയിപ്പിക്കുന്നതിന് വിപുലമായ ഒരു കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

# സെ. മേരീസ് ക്നാനായ ഇടവകയിൽ ക്രിസ്മസ് കരോൾ 15-ന്

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവകയിൽ ഈവർഷത്തെ ക്രിസ്മസ് കരോളിന് തുടക്കം കുറിച്ചു. ഇടവകയിലെ കൂടാരയോഗ ഭാരവാഹികൾക്കും ചിക്കാഗോ കെ.സി.എസ് ഭാരവാഹികൾക്കും ഉണ്ണിയേശുവിന്റെ തിരുസ്വരൂപങ്ങൾ വെഞ്ചരിച്ചു നല്കിക്കൊണ്ടാണ് കരോളിന് വികാരി ഫാ. സിജു മുടക്കോടിയിൽ പ്രാരംഭം കുറിച്ചത്.

ക്രിസ്മസ് കരോൾ എന്നാൽ ഉണ്ണിയേശുവിന്റെ ജനനം പ്രഖ്യാപിച്ചുകൊണ്ട് ഓരോ ഭവനങ്ങളിലേക്കും നടത്തപ്പെടുന്ന പ്രഘോഷണയാത്രയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം സെ. സേവ്യേഴ്സ് കൂടാരയോഗത്തിന്റെ ആഭിമുഖ്യത്തിൽ പള്ളിയിൽ വെച്ച് പ്രഥമ ക്രിസ്മസ് കരോളും നടത്തപ്പെട്ടു.

**അനിൽ മറ്റത്തിക്കുന്നേൽ**

ഇത്തവണത്തെ കരോളിൽ നിന്ന് സമാഹരിക്കുന്ന തുകകൊണ്ട് ദൈവാലയത്തിന്റെ മുഖവാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇടവകയിലെ വിവിധ മിനിസ്ട്രികളുടെ പ്രവർത്തനങ്ങളും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

ഇടവകയുടെ പൊതുവായ ക്രിസ്മസ് കരോൾ ഡിസംബർ 15-ന് ഞായറാഴ്ചത്തെ വിശുദ്ധ കുർബാനയ്ക്കു ശേഷം ഇടവകയിലെ മതബോധന സ്കൂളിന്റെ നേതൃത്വത്തിൽ നടത്തപ്പെടും. സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട് എന്നീ കൈക്കാരന്മാരോടൊപ്പം ക്രിസ്മസ് കരോളിന് പോൾസൺ കുളങ്ങര, റ്റജു കണ്ടാരപ്പള്ളിൽ എന്നിവർ കരോൾ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

ക്രിസ്മസ് കരോളിനോടനുബന്ധിച്ച് നടത്തുന്ന മികച്ച ക്രിസ്മസ് ഡെക്കറേഷൻ, പുൽക്കൂട്, പ്രാർത്ഥനാമുറി, ക്രിസ്മസ് പാപ്പാ, കരോൾ പങ്കാളിത്തം എന്നിവ ഉൾപ്പെടെയുള്ള വിവിധ കൂടാരയോഗതല മത്സരങ്ങളുടെ കോ-ഓർഡിനേറ്റേഴ്സായി ജോയിസ് ആലപ്പാട്ട് പ്രവർത്തിക്കും.





# സിഎംഎയുടെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾ ഡിസംബർ 22-ന്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ (സിഎംഎ) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ വർഷത്തെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾ ഈ മാസം 22-ന് വൈകിട്ട് ആറ് മണിക്ക് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

ഇത്തവണത്തെ ക്രിസ്മസ് ആൻഡ് ന്യൂഇയർ ആഘോഷങ്ങൾക്ക് 'ക്രിസ്മസ് ആൻഡ് ന്യൂഇയർ ഗാല 2024'- വൈവിധ്യമാർന്ന പരിപാടികൾ മാറ്റുകൂട്ടും. വിവിധ സംഘങ്ങൾ ആലപിക്കുന്ന ക്രിസ്മസ് കരോൾ ഗാനങ്ങൾ, നിശ്ചലദൃശ്യങ്ങൾ, സ്കിറ്റുകൾ, നൃത്തം എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

**ബിജു മുണ്ടക്കൽ**

ഫോട്ടോ വിത്ത് സാന്റ, റാഫിൾ ടിക്കറ്റ് നറുക്കെടുപ്പ് ഉൾപ്പെടെ വ്യത്യസ്തങ്ങളായ പരിപാടികൾ ഇത്തവണത്തെ സവിശേഷതയാണ്. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്മസ് ഡിന്നറും ക്രമീകരിച്ചിട്ടുണ്ട്.

പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, ട്രഷറർ മനോജ് അച്ചേട്ട്, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ് എന്നിവർ നേതൃത്വം നല്കുന്ന കമ്മിറ്റി പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി നേതൃത്വം നല്കുന്നു.

ഫിലിപ്പ് പുത്തൻപുരയിൽ കോ-ഓർഡിനേറ്ററായും ബിജു മുണ്ടക്കൽ, വർഗീസ് തോമസ്, സിബിൽ ഫിലിപ്പ്, ഡോ. റോസ് വടകര, സൂസൻ ചാക്കോ എന്നിവർ കോ-ഓർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു. ഈ ആഘോഷപരിപാടികളിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.


ജെസ്സി റിൻസി


ആൽവിൻ ഷിക്കോർ


മനോജ് അച്ചേട്ട്


വിവീഷ് ജേക്കബ്


ഫിലിപ്പ് പുത്തൻപുരയിൽ


ബിജു മുണ്ടക്കൽ


സിബിൽ ഫിലിപ്പ്


ഡോ. റോസ് വടകര


സൂസൻ ചാക്കോ


വർഗീസ് തോമസ്

# ചിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റി ക്രിസ്മസ് ആഘോഷം ഡിസംബർ 14-ന്

ചിക്കാഗോ: ചിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയുടെ 40-ാമത് ക്രിസ്മസ് ആഘോഷം ഡിസംബർ 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് Mary Queen of Catholic Church, 426 N. West Ave, Elmhurst, Illinois-60126-ൽ വെച്ച് ആഘോഷിക്കുന്നു. ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് (12-14-2024) വിശുദ്ധ കുർബാന ആരംഭിക്കുകയും തുടർന്ന് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന ആഘോഷപരിപാടികൾക്ക് തുടക്കംകുറിച്ച് സാന്റയെ വരവേല്ക്കും. ക്രിസ്മസ് കരോളും കലാപരിപാടികളും ക്രിസ്മസ് വിരുന്നും ഉണ്ടായിരിക്കും.



ഈ അവസരത്തിൽ വളരെ സന്തോഷത്തോടും നന്ദിയോടും രേഖപ്പെടുത്തുകയാണ് 40 വർഷം മുമ്പ് 1984 ഡിസംബർ 8-ൽ ചിക്കാഗോയിലെ അതിപുരാതനവും ഹിസ്റ്റോറിക്കൽ ലാൻഡ്മാർക്ക് ചർച്ചുമായ ഓൾഡ് സെന്റ് പാട്രിക് ചർച്ചിൽ ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ ആത്മീയ നേതൃത്വത്തിൽ ചിക്കാഗോ കേരള റോമൻ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിക്ക് തുടക്കം കുറിച്ച് വിശുദ്ധ കുർബാനയും ക്രിസ്മസ് ആഘോഷവും നടത്തി.

ഈ വർഷത്തെ ക്രിസ്മസ് മാസ്, അതിനുശേഷമുള്ള ക്രിസ്മസ് കേക്ക് ആൻഡ് വൈൻ, ഡിന്നർ എല്ലാ ആഘോഷപരിപാടികളിലേക്കും നിങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

Herald Figueiredo- 630-400 1172

# മിഷൻദിനം ആചരിച്ചു

**അമോൽ ചെറുകര**

സാൻഹൊസെ: 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്ന യേശുവിന്റെ വചനത്തെ അനുസ്മരിച്ചുകൊണ്ട് സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ നവംബർ 17 ഞായറാഴ്ച മിഷൻദിനം ആചരിച്ചു. വികാരി ഫാ. ജെമി പുതുശ്ശേരിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട കുർബാന മദ്ധ്യേ പ്രത്യേകമായി പ്രാർത്ഥിക്കുകയും ഇടവകാംഗങ്ങൾ ഒത്തുചേർന്ന് മിഷൻദിനം ആഘോഷിക്കുകയും ചെയ്തു.




കത്തോലിക്കാ സഭയുടെ വിശ്വാസവും പ്രവർത്തനങ്ങളും സാധാരണ ആളുകളുടെയും പ്രത്യേകിച്ച് കുട്ടികളുടെ ഇടയിൽ വളർത്തുവാനും അതുവഴി കത്തോലിക്കാ സഭയുടെ മിഷനറി പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക എന്ന ഉദ്ദേശ്യവുമായി 1947-ൽ ആരംഭിച്ച ഒരു കത്തോലിക്കാ സംഘടനയാണ് ചെറുപുഷ്പ മിഷൻ ലീഗ്. ഇന്ന് ഈ സംഘടന ലോകത്തിന്റെ പല ഭാഗങ്ങളിലായി നിലകൊള്ളുന്നുണ്ട്.

18-ാം നൂറ്റാണ്ടിൽ ഫ്രാൻസിലെ ലിസിയൂസിൽ ജീവിച്ച വിശുദ്ധ കൊച്ചുത്രേസ്യയാണ് ഈ സംഘടനയുടെ പ്രധാന പേട്രൺ. ഇതു കൂടാതെ വിശുദ്ധ തോമ്മാശ്ലീഹാ, വിശുദ്ധ ഫ്രാൻസിസ് സേവ്യർ, വിശുദ്ധ അൽഫോൻസാമ്മ എന്നിവരും ഈ സംഘടനയുടെ പ്രധാന വിശുദ്ധരാണ്.

ആഘോഷത്തിന്റെ ഭാഗമായി വേദപാഠ കുട്ടികളുടെയും മാതാപിതാക്കളുടെയും നേതൃത്വത്തിൽ ഫുഡ്ഫെസ്റ്റും അതോടൊപ്പം കുട്ടികൾക്കായി പലവിധ ഗെയിംസും നടത്തപ്പെട്ടു.

സംഘടനാ ഡയറക്ടറായ ഇടവക വികാരി ഫാ. ജെമി പുതുശ്ശേരിൽ, ജോയിന്റ് ഡയറക്ടർ അനു വേലികെട്ടേൽ, കോ-ഓർഡിനേറ്റർമാരായ ശീതൾ മരവെട്ടിക്കൂട്ടത്തിൽ, റോബിൻ ഇലഞ്ഞിക്കൽ എന്നിവരാണ് ഈ ആഘോഷത്തിനു നേതൃത്വം നല്കിയത്.

# പാസ്റ്റർ വി.എ. വർഗീസ് അന്തരിച്ചു



ചിക്കാഗോ: ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ലൂയി ചിക്കാഗോയുടെ ഭാര്യാപിതാവ് പാസ്റ്റർ വി.എ. വർഗീസ് (84) ഗ്രീൻബേ വിസ്കോൺസിൽ അന്തരിച്ചു. മേരിക്കുട്ടി വർഗീസാണ് ഭാര്യ. ഷൈനി, ഷിനു (ഏബ്രഹാം വർഗീസ്), ഷീന എന്നിവർ മക്കളും ലൂയി ചിക്കാഗോ, ജോജി, മാത്യു വർഗീസ് എന്നിവർ മരുമക്കളുമാണ്. ഗ്രഗറി, കെസിയ, റേച്ചൽ, ഹാന്നാ, ജെസീക്ക, സാറ, ജെസയാ, എലിസബത്ത് എന്നിവർ കൊച്ചുമക്കളാണ്. കോട്ടയം പയ്യപ്പാടി ചേരാൻപേരിൽ കുടുംബാംഗമായ പരേതൻ ദീർഘകാലം എച്ച്എംടി ജീവനക്കാരനായിരുന്നു. 1993-ലാണ് അമേരിക്കയിൽ എത്തിച്ചേർന്നത്.

# ഗത്സമേൻ തോട്ടം

എൽസി ബേബി

ഇസ്രയേൽ സന്ദർശനത്തിൽ എല്ലാവരും സന്ദർശിച്ചിട്ടുള്ള ഒരു സ്ഥലമാണ് ഗത്സമേൻ തോട്ടം. തോട്ടം എന്നു പറയുമ്പോൾ ഇവിടെ വലിയ പൂവാടിയോ ഭംഗിയേറിയ ഒരു തോട്ടമോ ഒന്നുമല്ല ഇവിടം. ഗത്സമേൻ എന്ന വാക്കിന്റെ അർത്ഥം ഒലിവ് ചക്ക് എന്നാണല്ലോ. അതിനു കാരണം ഒലിവു മരങ്ങൾ നിറഞ്ഞ ഒരു തോട്ടം. ആയിരത്തിലധികം വർഷങ്ങൾ പഴക്കമുള്ള ഒലിവ് വൃക്ഷങ്ങൾ നിറഞ്ഞ്, യാതൊരു ആകർഷണവുമില്ലാത്ത ഒരു തോട്ടം. ഒലിവ് വൃക്ഷങ്ങളിൽ നിന്നു ലഭിക്കുന്ന കായ്കൾ ചക്കലിട്ട് ആട്ടി എണ്ണ എടുക്കുന്ന ഒരു തോട്ടമായിരുന്നു ഗത്സമേൻ തോട്ടം. ഒലിവ് മലയുടെ താഴ്ചയിൽ സ്ഥിതി ചെയ്യുന്ന ഈ തോട്ടത്തിൽ ഈശോമിശിഹാ രാത്രികാലങ്ങളിലൊക്കെ പോയ് ഇരുന്ന് പ്രാർത്ഥനയിൽ ചെലവഴിക്കുന്ന പതിവുണ്ടായിരുന്നു.

പെസഹാ പെരുനാളിലെ അത്താഴം തന്റെ ശിഷ്യന്മാരുമായി കഴിച്ചശേഷം ആ രാത്രിയിൽ തന്റെ ശിഷ്യന്മാരുമായി പ്രാർത്ഥിക്കാനായി പോയതായി പറയുന്നു. ശിഷ്യന്മാരെ ഒരിടത്തിരുത്തി “നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ” എന്നു പറഞ്ഞ് ഒരു കല്ലേറു ദൂരം മാറിപ്പോയി മുട്ടുകുത്തി ഈശോ പ്രാർത്ഥിച്ചതായി പറയുന്നു.

അസാധാരണമായ ഒരു സാഹചര്യമാണ് ഈശോമിശിഹാ അവിടെ വെച്ച് അനുഭവിച്ചത്. കാരണം, അതു കഴിഞ്ഞാൽ താൻ വളരെയധികം വേദനയേറ്റ്, നിന്ദനങ്ങളും പരിഹാസങ്ങളും ചാട്ടവാറു കൊണ്ടുള്ള അടികളും മറ്റും സഹിച്ച് കുരിശുമെടുത്ത് ഗോൽഗോൽത്താ മലമുകളിലേക്ക് പോയി, അവിടെ ഒരു മഹാപാപിയെപ്പോലെ ക്രൂരമർദ്ദനമേറ്റ് പ്രാണനെ വിടേണ്ട കഷ്ടപ്പാടുകളെ മുൻകണ്ടുകൊണ്ട് സ്വർഗ്ഗത്തിലെ തന്റെ പിതാവിനോട് ‘ഇതല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ലേ’ എന്നു ചോദിച്ചുകൊണ്ട് ‘പിതാവേ നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീങ്ങിപ്പോകണമേ’ എന്നു പ്രാർത്ഥിച്ച സ്ഥലം.



ലേഖകൻ

ഈ സമയം ഈശോമിശിഹാ പ്രാണവേദനയിൽ തന്റെ വിയർപ്പ് ചോരത്തുള്ളിയായി തീർന്ന വേദനയനുഭവിച്ച സ്ഥലം എങ്കിലും എന്റെ ഇഷ്ടമല്ല പിതാവേ അങ്ങയുടെ ഇഷ്ടം തന്നെ നിറവേറട്ടെ എന്നു പ്രാർത്ഥിച്ച് സ്വയം സമർപ്പിച്ച സ്ഥലം. ആ സ്ഥലം വേർതിരിച്ച് ഒരു പുണ്യസ്ഥലമായി സന്ദർശകർക്കു വേണ്ടി മാറ്റിവെച്ചിരിക്കുന്നു. ഈ എഴുത്തുകാരി അവിടെ സന്ദർശിച്ചപ്പോൾ ഉണ്ടായ ഒരനുഭൂതി വർണ്ണിപ്പാനസാദ്ധ്യം. ഇന്നും ഗെത്ശമന എന്നു പറയുമ്പോഴും, ആ വേദഭാഗം വായിക്കുമ്പോഴും ഉണ്ടാകുന്ന ഓർമ്മകളാണ് ഈ ലേഖനമെഴുതുവാൻ പ്രേരകമായത്. അനേക വർഷങ്ങൾക്കു മുമ്പാണ് യിസ്രായേൽ സന്ദർശിച്ചതെങ്കിലും ഇന്നും ഓർമ്മകളിൽനിന്നും മാറാതെ നിൽക്കുന്നു. തിരുവചനത്തിൽ രണ്ടായിരം വർഷത്തിനു മുമ്പ് എഴുതിചേർക്കപ്പെട്ട ചില സംഭവങ്ങൾക്കു സാക്ഷ്യം വഹിക്കുന്ന സ്ഥലങ്ങളും ചരിത്രങ്ങളും നേരിൽ കാണുവാനിടയായത് ഒരത്ഭുതമായി കരുതുന്നു. ഈശോമിശിഹാ ഭൂമിയിലായിരുന്നപ്പോൾ അങ്ങോളമിങ്ങോളം നടന്നു പ്രസംഗിച്ചതും അത്ഭുതങ്ങൾ പ്രവർത്തിച്ചതുമായ സ്ഥലങ്ങളിലൂടെ നടക്കുവാനും കാണുവാനും ഓർമ്മിക്കുവാനുമിടയായത് ഒരു ഭാഗ്യമായി കരുതുന്നു. മിശിഹാ ജനിച്ച സ്ഥലമായ ബേത്ലഹേമിലെ ജന്മസ്ഥലം മുതൽ ക്രൂശീകരിക്കപ്പെട്ട കാൽവരി, ക്രൂശിന്റെ പാതയിലൂടെ നടന്നപ്പോൾ കർത്താവ് കുരിശും വഹിച്ച് വീണസ്ഥലങ്ങൾ, അതെല്ലാം ഹൃദയഭേദകമായ അനുഭവങ്ങളായിരുന്നു.

ഗത്ശമന തോട്ടത്തെക്കുറിച്ചാണല്ലോ എഴുതിത്തുടങ്ങിയത്. ഒലിവ് കായ്കൾ ചതച്ചരച്ച് ഒലിവെണ്ണ എടുക്കുന്നതുപോലെ മിശിഹാതമ്പുരാൻ നമ്മുടെ ഓരോരുത്തരുടെയും പാപത്തിന്റെ ശിക്ഷയാകുന്ന, ദൈവകോപമാകുന്ന ചക്കിലിട്ട് അരയ്ക്കപ്പെട്ടപ്പോഴാണല്ലോ താൻ പ്രാണവേദനയിലായതും തന്റെ വിയർപ്പുതുള്ളികൾ ചോരത്തുള്ളികളായി നിലത്തുവീണതും. താൻ ക്രൂശിക്കപ്പെടാതെ തന്നെ തന്റെ ദൗത്യം നിറവേറ്റാം എന്ന് പിശാച് ഒരിക്കൽ തന്നെ പരീക്ഷിച്ചതായിരുന്നു. അപ്പോൾ ഗത്ശമനയിലെ വലിയ പോരാട്ടത്തിൽ ക്രൂശെടുക്കാതിരിക്കാനുള്ള പിശാചിന്റെ പോരാട്ടത്തിൽ പിതാവേ നിന്റെ ഇഷ്ടം മാത്രം നിറവേറട്ടെ എന്നു പറഞ്ഞ് പിതാവ് നല്കിയ കൈപ്പേറിയ പാനപാത്രം മിശിഹാ മട്ടോളം ഊറ്റിക്കുടിക്കുകയായിരുന്നു.

മറ്റേതു രാജ്യത്തേക്കാളും അത്ഭുതങ്ങൾ നിറഞ്ഞ ഒരു രാജ്യമാണ് യിസ്രായേൽ എന്നതിനു സംശയമില്ല. വിശുദ്ധ ബൈബിളിൽ എഴുതിയിരിക്കുന്നതൊന്നും കെട്ടുകഥകളല്ല, യാഥാർത്ഥ്യങ്ങൾ മാത്രമാകുന്നു. ഇന്നു കാണുന്ന യിസ്രായേലും യരുശലേമുമെല്ലാം ശൂന്യമായിപ്പോകും ഒരു പുതിയ യിസ്രായേൽ സ്ഥാപിതമാകും എന്ന തിരുവചനം പൂർത്തിയാകാൻ ഇനി കാലം അധികമില്ല. അവിടെ പ്രവേശിക്കാനുള്ള ഏക മാർഗ്ഗമാണ് ഈശോമിശിഹാ തന്റെ ജനന-മരണ-ഉത്ഥാനത്താൽ നമുക്കു ദാനമായി തന്നിരിക്കുന്നത്. കേവലം ദൈവകൃപയാലെ, വിശ്വാസത്താലെ ആ മാർഗ്ഗത്തിലാകുവാൻ നമുക്കേവർക്കും ഇടയാകട്ടെ.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.74 |
| യൂറോ | 89.64 |
| സ്റ്റെർലിംഗ്പൗണ്ട് | 108.29 |
| സ്വിസ് ഫ്രാങ്ക് | 96.43 |
| സിംഗപ്പൂർ ഡോളർ | 63.30 |
| കനേഡിയൻ ഡോളർ | 59.96 |
| ഒമാൻ റിയാൽ | 220.11 |
| ബഹ്റൈൻ ദിനാർ | 224.79 |
| സൗദി റിയാൽ | 22.56 |
| യു.എ.ഇ. ദിർഹം | 23.07 |
| കുവൈത്ത് ദിനാർ | 275.73 |

## നിങ്ങൾ അറിഞ്ഞോ?

എൻ പത്ര മിത്രങ്ങളെ വീണ്ടും ഞാൻ എത്തിച്ചേർന്നീ
സായിപ്പിൻ രാജ്യത്തെൻ മക്കളോടൊത്തുചേരാൻ
പിന്നിട്ട അല്പകാലം നാട്ടിലായിരുന്നു ഞാൻ
നിങ്ങൾക്ക് യാത്ര ചൊല്ലി പോയതിന്നോർമ്മയുണ്ടോ?

എൻ പ്രേമഭാജനം ‘ടീച്ചറാം’ ഏലിയാമ്മ
എന്നെ പിരിഞ്ഞന്ത്യ വിശ്രമം കൊൾവൂ നാട്ടിൽ
ഞാനിന്നേകാന്ത പഥികനാണെങ്കിലും മിത്രങ്ങളേ
ജീവിത പങ്കാളിയെ മറക്കാൻ കഴിയുമോ?

ദ്വിഭാഷാ പണ്ഡിതയായിരുന്നേലിയാമ്മ
മാതൃഭാഷയിൽ ഒപ്പം ദേശീയഭാഷയിലും
രണ്ട് ഭാഷയും നന്നായ് കൈകാര്യം ചെയ്തിരുന്നതിനാൽ
കുട്ടികൾക്കെല്ലാം ടീച്ചറമ്മയായിരുന്നവൾ


ആയിരങ്ങൾക്കവൾ വിദ്യാധനം പകർന്നു
ശ്രേഷ്ഠമാം ജീവിത മാതൃക കാഴ്ചവെച്ച്
ആർഭാടരഹിതമാം ജീവിതം നയിച്ച താൻ
എത്തേണ്ടിടത്തെത്തി അന്ത്യവിശ്രമം കൊൾവൂ

എൺപതും അഞ്ചും വർഷം പിന്നിട്ട ജീവിതത്തിൽ
ഒട്ടേറെ കുന്നുകൾ കുഴികളും താണ്ടിയെന്നാലും
ഒന്നിലും പതറാതിന്നോളം നടത്തിയ
സർവ്വ വല്ലഭാ പ്രഭോ അങ്ങേയ്ക്കു നമോ-വാകം

മക്കൾ, ചെറുമക്കൾ, കുഞ്ഞുമക്കളും ചേർന്നു ഞങ്ങൾ
പിന്നിട്ട ദിനങ്ങൾ എന്നോർമ്മയിൽ മായാതുണ്ട്
ജീവിത സായാഹ്നത്തിൽ ദുഃഖങ്ങൾ ഉണ്ടെന്നാലും
സന്തോഷം പകരുന്നോർ കൂടെയുണ്ടെപ്പോഴും.

ഞാനിന്നു ബലഹീനനെങ്കിലും എൻ ചാരത്ത്
ശക്തനാക്കുന്നവൻ സദാ നിൽക്കുന്നതറിയുന്നു ഞാൻ
എൻ കരം പിടിച്ചവൻ നടത്തും അന്ത്യത്തോളം
വാക്കുമാറുന്നോനല്ല വാക്കു പാലിക്കുന്നോനവൻ

എൻ പ്രിയ മിത്രങ്ങളേ പുകഴാൻ ഒന്നുമേയില്ല
ഈശന്റെ കരങ്ങളിൽ കളിപ്പാവകൾ നമ്മൾ
ഈശനെ കൂടാതൊന്നും സാദ്ധ്യമല്ലറിയേണം
തൻ ഹിതത്തിനായി നമ്മെ ഏല്പിച്ച് മുന്നേറിടാം.



എൻ.റ്റി.ജെ. കല്ലിശ്ശേരി



# ഐകെസിസിയുടെ 2025–ലെ കലണ്ടർ പ്രകാശനം ചെയ്തു

ചിക്കാഗോ: ഐകെസിസി എക്സിക്യൂട്ടീവ് കമ്മിറ്റി 2025 വർഷത്തേക്കുള്ള കലണ്ടർ പ്രകാശനം ചെയ്തു. ക്യൂൻസ് ലോങ് ഐലൻഡിൽ ഡിസംബർ ഒന്നിനു നടന്ന ക്രിസ്മസ് കരോൾ ഉദ്ഘാടന വേദിയിലാണ് പ്രകാശനകർമ്മം നടന്നത്. ഐകെസിസിയുടെ നിയുക്ത പ്രസിഡണ്ട് സ്റ്റീഫൻ കിടാരത്തിൽ സ്വാഗതവും ഇപ്പോഴത്തെ പ്രസിഡണ്ട് ഏബ്രഹാം പെരുമനിശ്ശേരിൽ അദ്ധ്യക്ഷപ്രസംഗവും നടത്തി. ബിക്യുഎൽഐ ബിൽഡിംഗ് ബോർഡ് പ്രസിഡണ്ട് ഏബ്രഹാം പെരുമ്പളത്ത് കലണ്ടറിന്റെ പ്രകാശനകർമ്മം നടത്തി. സെക്രട്ടറി സാൽബി മാക്കിൽ, ജോയിന്റ് സെക്രട്ടറി സാബു തടിപ്പുഴ, ട്രഷറർ രഞ്ജി മണലേൽ, എക്സിക്യൂട്ടീവ് മെംബർ ജസ്റ്റിൻ വട്ടക്കളം, നാഷണൽ കൗൺസിൽ മെംബർ സജി ഒരപ്പാങ്കൽ, ജോയി പാറടിയിൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നല്കി.



വരുംവർഷത്തേക്കുള്ള പ്രോഗ്രാമുകളും ഇവന്റുകളും അടങ്ങിയതാണ് കലണ്ടർ. 2025 വർഷത്തെ എക്സിക്യൂട്ടീവിന്റെ കോൺടാക്ട് ഇൻഫർമേഷൻ വിശദാംശങ്ങളും കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് എല്ലാവരും എല്ലാ ഇവന്റുകളിലും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി ആഹ്വാനം ചെയ്തു. കലണ്ടറിന്റെ സ്പോൺസർമാരായ രഞ്ജി മണലേൽ, ജോർജ് ജോസഫ്, അജിത കണ്ടാരപ്പള്ളിൽ, ജോണിഷ് പലനിക്കുമുറിയിൽ, സ്റ്റീഫൻ മുളക്കൽ, ലാജൻ ചെമ്മലകുഴി എന്നിവർക്ക് ഐകെസിസി പ്രത്യേകം നന്ദി അറിയിച്ചു.




# കുസാറ്റിൽ അമേരിക്കൻ കോർണർ തുറന്നു



കുസാറ്റിൽ ആരംഭിച്ച അമേരിക്കൻ കോർണർ യുഎസ് കോൺസുലേറ്റ് ജനറൽ പബ്ലിക് അഫയേഴ്സ് ഓഫീസർ ജീൻ ബ്രിഗന്തി ഉദ്ഘാടനം ചെയ്യുന്നു. കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി സമീപം.


കളമശേരി: കേരളത്തിലെ ആദ്യത്തെ 'അമേരിക്കൻ കോർണർ' കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ തുറന്നു. കുസാറ്റും ചെന്നൈയിലെ യുഎസ് കോൺസുലേറ്റ് ജനറലും സംയുക്തമായി ആരംഭിച്ച അമേരിക്കൻ കോർണർ യുഎസ് കോൺസുലേറ്റ് ജനറൽ പബ്ലിക് അഫയേഴ്സ് ഓഫിസർ ജീൻ ബ്രിഗന്തി ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ഡോ. എം.ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു.

130 രാജ്യങ്ങളിലായി 600-ലധികം സൗകര്യങ്ങൾ ലഭ്യമാക്കുന്ന ആഗോള ശൃംഖലയുടെ ഭാഗമാണ് അമേരിക്കൻ കോർണറുകൾ. ഇന്ത്യയിലെ മൂന്നാമത്തെ സെന്ററാണ് കുസാറ്റിലേത്.

അമേരിക്കൻ സാമ്പത്തിക പിന്തുണയോടെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംവിധാനമായ അമേരിക്കൻ കോർണറുകൾ വിദ്യാർത്ഥികൾക്കു വിവിധ തരത്തിലുള്ള സഹായവും പരിശീലനവും പിന്തുണയും നൽകുന്നു. ഇത് സംയുക്ത പദ്ധതികൾക്കുള്ള ഉയർന്ന ഫണ്ടിങ്, സ്റ്റാഫിനും വിദ്യാർത്ഥികൾക്കും പരിശീലന അവസരങ്ങൾ, വിപുലമായ ഡിജിറ്റൽ വിഭവങ്ങളിൽ സൗജന്യ പ്രവേശനം, യുഎസ്എയിലെ പൊതു, സ്വകാര്യ മേഖലയുമായി പങ്കാളിത്തങ്ങൾ തുടങ്ങിയവ ലഭ്യമാക്കും.

സർവകലാശാലയുടെ അക്കാദമിക, ഗവേഷണ അന്തരീക്ഷത്തെ പ്രയോജനപ്പെടുത്തുകയും സാങ്കേതികവിദ്യ, നവീകരണം, പൊതു പങ്കാളിത്തം എന്നിവ സംയോജിപ്പിച്ച് സംവാദത്തിനും പഠനത്തിനും സാംസ്കാരിക സഹകരണത്തിനുമുള്ള സജീവമായ ഒരു ഇടം സൃഷ്ടിക്കുകയും ചെയ്യും.

കുസാറ്റിനു രാജ്യാന്തര ബന്ധങ്ങൾ ശക്തമാക്കാനും ആഗോള പങ്കാളിത്തങ്ങൾക്കും പരസ്പര ധാരണകൾക്കും സഹായകമായ മുന്നേറ്റമുണ്ടാക്കാനും അമേരിക്കൻ കോർണർ സഹായകമാകും.



# പോർട്ട് ചെസ്റ്റർ സെ. ജോർജ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് സെ. ജോർജ് ഓർത്തഡോക്സ് ഇടവകയിൽ ഡിസംബർ 2-ന് ഞായറാഴ്ച മികച്ച തുടക്കമായി. ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് ഒരു ടീം ഇടവക സന്ദർശിച്ചു.

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി), ഡോ. ഷെറിൻ ഏബ്രഹാം (ജോ. സെക്രട്ടറി), മാത്യു വർഗീസ് (ഫിനാൻസ്), ജേക്കബ് ഏബ്രഹാം (ഫിനാൻസ് ആൻഡ് പ്രൊസഷൻ), തോമസ് ഏബ്രഹാം (രജിസ്ട്രേഷൻ), കെസിയ ഏബ്രഹാം (മീഡിയ ആൻഡ് എന്റർടൈൻമെന്റ്സ്), ലീലാമ്മ ഏബ്രഹാം (ഫിനാൻസ്), അഖിൽ തരൻസൺ (മീഡിയ എന്നിവരായിരുന്നു കോൺഫറൻസ് ടീം അംഗങ്ങൾ.

ഇടവക വികാരി ഫാ. ഡോ. ജോർജ് കോശിയുടെ അഭാവത്തിൽ ഫാ. പോൾ ചെറിയാൻ (അസി. വികാരി) കമ്മിറ്റി അംഗങ്ങൾക്ക് ഊഷ്മളമായ സ്വാഗതം ആശംസിച്ചു. ഡോ. ഷെറിൻ ഏബ്രഹാം കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ തുടങ്ങി വിശദവിവരങ്ങൾ ജെയ്സൺ തോമസ് പങ്കുവെച്ചു. കോൺഫറൻസിൽ കഴിഞ്ഞ വർഷത്തെ തന്റെ അനുഭവം അദ്ദേഹം വിശദീകരിച്ചു. ഒരു മികച്ച അനുഭവത്തിനായി വന്നു പങ്കെടുക്കാൻ എല്ലാവരെയും പ്രത്യേകിച്ച് യുവതീയുവാക്കളെ അദ്ദേഹം ക്ഷണിച്ചു.

മാത്യു വർഗീസ് രജിസ്ട്രേഷൻ വിശദാംശങ്ങൾ നല്കുകയും പങ്കാളിത്തം ഉറപ്പാക്കാൻ എത്രയും വേഗം രജിസ്റ്റർ ചെയ്യാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നിരവധി ആനുകൂല്യങ്ങളുള്ള സ്പോൺസർ



ഷിപ്പ് അവസരങ്ങളെക്കുറിച്ച് ഡോ. ഷെറിൻ ഏബ്രഹാം സംസാരിച്ചു. നമ്മുടെ ഹൃദയവും മനസ്സും പണവും നമ്മൾ എവിടെ വെക്കുന്നോ അവിടെയാണ് നമ്മുടെ കുട്ടികളും നിക്ഷേപിക്കാൻ പോകുന്നതെന്ന് ഡോ. ഏബ്രഹാം ഓർമ്മിപ്പിച്ചു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ വിശദാംശങ്ങൾ തോമസ് ഏബ്രഹാം അറിയിച്ചു. കെസിയ ഏബ്രഹാം എന്റർടൈൻമെന്റ് നൈറ്റിൽ പങ്കെടുക്കാൻ ഏവരെയും ആഹ്വാനം ചെയ്തു.

കഴിഞ്ഞവർഷത്തെ കോൺഫറൻസിന്റെ അനുഭവം പങ്കുവെച്ച അഖിൽ തരൻസൺ കോൺഫറൻസിലൂടെ വിപുലമായ സൗഹൃദം സ്ഥാപിച്ചത് സ്മരിച്ചു. ബോൺഫയർ എന്റർടൈൻമെന്റ് നൈറ്റ് തുടങ്ങിയവ കഴിഞ്ഞവർഷം എത്രമാത്രം ആസ്വദിച്ചുവെന്നും ഈ വർഷം എങ്ങനെ പൂർവ്വാധികം മെച്ചമാക്കാൻ പ്രവർത്തിക്കുന്നുവെന്നും അഖിൽ വിശദീകരിച്ചു.

ഫാ. പോൾ ചെറിയാൻ രജിസ്റ്റർ ചെയ്യാനും പിന്തുണയ്ക്കാനും ഇടവകാംഗങ്ങളോട് അഭ്യർത്ഥിച്ചു. ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ കൂട്ടായ്മയായ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് ഇടവകയുടെ പിന്തുണ അദ്ദേഹം വാഗ്ദാനം ചെയ്തു. രജിസ്ട്രേഷനുകളിലൂടെയും വ്യക്തിഗത പരസ്യങ്ങളിലൂടെയും ഇടവകയിൽ നിന്ന് ലഭിച്ച മികച്ച പിന്തുണയ്ക്ക് കോൺഫറൻസ് ടീം നന്ദി അറിയിച്ചു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി), റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), റവ. ഡീക്കൻ ജോൺ (ജോഷ്വ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pligrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. FYC/Registration link: www.fycnead.org

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ)-914 806 4595, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917 533 3566 എന്നിവരുമായി ബന്ധപ്പെടുക.

# പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് നോമിനേഷനുകൾ ക്ഷണിക്കുന്നു

**പി.പി. ചെറിയാൻ**

ഡാളസ്: ഡാളസിൽ ജനുവരി 26-ന് ഐപിസിഎൻടി സ്ഥാപക പ്രസിഡണ്ട് ഏബ്രഹാം തെക്കേമുറി ഹാളിൽ നടക്കുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 പ്രവർത്തന സമാപന സമ്മേളനത്തിൽ അമേരിക്കയിലെ മികച്ച മാധ്യമപ്രവർത്തകൻ, മികച്ച മലയാളി സംഘടനാ പ്രവർത്ത



കൻ, സാമൂഹിക, സാംസ്കാരിക പ്രവർത്തനം എന്നിവയിൽ മികച്ച സേവനം കാഴ്ചവെച്ചവരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നു. ചടങ്ങിൽ സാൻ അന്റോണിയോ, ഫ്ളോറിഡ, ഫിലാഡൽഫിയ പ്രസ്ക്ലബ് പ്രതിനിധികൾ പങ്കെടുക്കും.

ഡിസംബർ ഒന്നിന് ഞായറാഴ്ച ചേർന്ന ഐപിസിഎൻടി എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസിഡണ്ട് സണ്ണി മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. മലയാളികളിലെ നന്മയും കാരുണ്യവും എടുത്തുകാട്ടിയ, സ്വന്തം കാര്യവുമായി വീട്ടിൽ ഒതുങ്ങിപ്പോകാതെ സമൂഹത്തിനായി പ്രവർത്തനനിരതരായ ഒട്ടേറെപ്പേരുണ്ട്. സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് കൈയയച്ച് സഹായിക്കാൻ തയ്യാറായ മലയാളികളെ ആദരിക്കുന്നത് നമ്മുടെ കടമ തന്നെയാണ്.

കൂടുതൽ മെഡിക്കൽ പ്രഫഷണലുകൾ ഉള്ളതിനാൽ തങ്ങളുടെ നേട്ടങ്ങൾ പങ്കുവെക്കാൻ മലയാളികൾ മടി കാണിച്ചില്ല എന്നതും മലയാളി സമൂഹത്തിന് അഭിമാനം പകരുന്നതായി പ്രസിഡണ്ട് സണ്ണി മാളിയേക്കൽ പറഞ്ഞു.

സംഘടനാ ഭാരവാഹികൾക്കും വ്യക്തികൾക്കും മികച്ച വ്യക്തികളെ നോമിനേറ്റ് ചെയ്യാം. പ്രസ്ക്ലബ് നിയോഗിക്കുന്ന വിദഗ്ദ്ധ സമിതി അംഗീകാരം അർഹിക്കുന്നവരെ തെരഞ്ഞെടുക്കും. ഇ-മെയിൽ വഴി നിർദേശങ്ങൾ അയയ്ക്കാം. നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു. ഡിസംബർ 31-നു മുമ്പായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ ആദരിക്കുക എന്നത് തങ്ങളുടെ കടമയായി കരുതുന്നുവെന്ന് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് ജനറൽ സെക്രട്ടറി ബിജിലി ജോർജ്, ട്രഷറർ ബെന്നി ജോൺ എന്നിവർ ചൂണ്ടിക്കാട്ടി.

നിർദേശങ്ങൾ അയയ്ക്കാനുള്ള ഇ-മെയിൽ: asianettv@gmail.com അല്ലെങ്കിൽ ഐപിസിഎൻടി സംഘടനാ ഭാരവാഹികളായ സാം മാത്യു, ലാലി ജോസഫ്, പ്രസാദ് തിയോടിക്കൽ, തോമസ് ചിറമേൽ, അനശ്വർ മാമ്പിള്ളി, സിജു ജോർജ് എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# ജോയി ഇട്ടൻ ഫൊക്കാന കേരള കൺവൻഷൻ ചെയർ

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: ഫൊക്കാന കേരളാ കൺവൻഷൻ ചെയർമാനായി ജോയി ഇട്ടനെ നിയമിച്ചതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു. മാറ്റങ്ങൾ ഉൾക്കൊണ്ട് ഫൊക്കാന അതിന്റെ ചരിത്രനിമിഷങ്ങളിലൂടെ കടന്നുപോകുമ്പോൾ ഫൊക്കാന കേരളാ കൺവൻഷനും ഒരു ചരിത്രമായി മാറ്റാനുള്ള തയ്യാറെടുപ്പിലാണ് ഫൊക്കാന ടീം.

ഫൊക്കാനയുടെ സന്തത സഹചാരിയാണ് ജോയി ഇട്ടൻ. മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളതും



അമേരിക്കയിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ നിറസാന്നിദ്ധ്യവും അറിയപ്പെടുന്ന ചാരിറ്റി പ്രവർത്തകനുമായ ജോയി ഇട്ടൻ ഫൊക്കാന പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കാൻ 2022-ൽ തയ്യാറെടുത്തതാണ്. പക്ഷേ, ഫൊക്കാനയിലെ മറ്റൊരു സ്ഥാനാർത്ഥിയുടെ അപേക്ഷപ്രകാരം പിന്മാറുകയായിരുന്നു. സംഘടനയിൽ സ്ഥാനമാനങ്ങളേക്കാൾ ഐക്യത്തിന് പ്രാധാന്യം നല്കുന്ന വ്യക്തി കൂടിയാണ് അദ്ദേഹം.

അമേരിക്കയിലും കേരളത്തിലും നിരവധി സംഘടനകളിൽ നിർണായക സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ജോയി ഇട്ടൻ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ രണ്ടുവട്ടം പ്രസിഡണ്ട്, ഫൊക്കാന കൺവൻഷന്റെ ദേശീയ കോ-ഓർഡിനേറ്റർ, കമ്മിറ്റി മെംബർ, ട്രഷറർ, എക്സി. വൈസ് പ്രസിഡണ്ട് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട്, യാക്കോബായ സുറിയാനി സഭയുടെ അമേരിക്ക-കാനഡ അതിഭദ്രാസന കൗൺസിൽ മെംബർ, യോങ്കേഴ്സ് സെന്റ് ജോസഫ് ചർച്ച് മാനേജിംഗ് കമ്മിറ്റി അംഗം, കോലഞ്ചേരി മെഡിക്കൽ കോളജിന്റെ മാനേജിങ് കമ്മിറ്റി മെംബർ, കൂത്താട്ടുകുളം ബസേലിയോസ് എൻജിനീയറിംഗ് കോളജ് ഡയറക്ടർ, വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ് ചർച്ചിന്റെ ട്രഷറർ ആയും പ്രവർത്തിക്കുന്നു.

(ശേഷം 30-ാം പേജിൽ)

# SEEKING BRIDEGROOM

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US,

# SEEKING BRIDE

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

## SEEKING BRIDEGROOM CONTD.....

is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## കെ.എം. ഏബ്രഹാം

**അമയന്നൂർ:** സെ. തോമസ് എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ തെക്കേക്കര തൈപ്പറമ്പിലായ കാരയ്ക്കലോലിക്കൽ കെ.എം. ഏബ്രഹാം (94) അന്തരിച്ചു. ഭാര്യ കങ്ങഴ പുതുപ്പറമ്പിൽ പരേതയായ ശോശാമ്മ ഏബ്രഹാം. മക്കൾ: ലൈലമ്മ കെ. ഏബ്രഹാം, ലൗലി കെ. ഏബ്രഹാം, മാത്യു കെ. ഏബ്രഹാം, കുര്യാക്കോസ് കെ. ഏബ്രഹാം. മരുമക്കൾ: മാങ്ങാനം കാടൻതുരുത്തേൽ സാജൻ കെ. ഏബ്രഹാം (യുഎസ്), തിരുവാർപ്പ് കട്ടത്തറ അഡ്വ. ജോസഫ് സി. കട്ടത്തറ, പേരൂർ മൂത്തേരിൽ ഷൈനി മാത്യു, പാമ്പാടി കൊട്ടച്ചംകോട്ട് തുമ്പയിൽ ലെജി ആനി കുര്യാക്കോസ്.

**നിരണം:** കാട്ടുനിലത്തു കളക്കുടിയിൽ ഏലിയാമ്മയുടെയും പരേതനായ സി.ഒ. ജോണിന്റെയും (സെയിൽ ടാക്സ് ഓഫീസർ) മകൻ റിട്ട വിഇഒ തോമസ് ജോൺ (61) അന്തരിച്ചു.

## ജിജി പത്തിപറമ്പിൽ



**ഡാളസ്:** കല്ലിശേരി മഴുക്കീർ പത്തിപറമ്പിൽ പരേതനായ പി.സി. തോമസിന്റെ (ജെയിംസ്) മേപ്രാൽ പനച്ചയിൽ കുടുംബാംഗമായ പൊന്നമ്മയുടെയും മകൻ ജിജി (55) ഡാളസിൽ അന്തരിച്ചു. ഭാര്യ ഗ്രേസ് പരേതനായ പാസ്റ്റർ കെ.ജി. സാമുവേലിന്റെ മകളാണ്. മക്കൾ: ഷാരോൺ ജിജി, ജെയ്സൻ ജിജി. സഹോദരങ്ങൾ: ജോജി (യുകെ), സ്റ്റീഫൻ (ദുബായ്), റിജോ (യുഎസ്).

**വാഴൂർ:** എയർഫോഴ്സ് മുൻ ഉദ്യോഗസ്ഥൻ പകലോമറ്റം കാട്ടുതെയിലായ പുത്തൻപുരയിൽ വി.എം. വർക്കി (കുഞ്ഞുമോൻ-80) അന്തരിച്ചു.


## ടി.ജി. സൈമൺ

**വൈറ്റില:** അടൂർ പകലോമറ്റം തോണ്ടലിൽ എൽഐസി റീജണൽ റിട്ട. ഡയറക്ടർ ടി.ജി. സൈമൺ (85) അന്തരിച്ചു. ഭാര്യ അമിച്ചകരി ശങ്കരമംഗലം ഇടവംവേലിൽ വത്സ സൈമൺ. മക്കൾ: ഡോ.ദീപ്തി, ഗിരീഷ് (കാലിഫോർണിയ), അശ്വതി (മിഷിഗൺ). മരുമക്കൾ: സുവി, ആൻസി, സിബു.

**കഞ്ഞിക്കുഴി:** വടക്കേതൊട്ടി പൊരിമറ്റത്തിൽ സാബു അലക്സാണ്ടർ (55) അന്തരിച്ചു.

**പത്തനംതിട്ട:** തേരകത്ത് കോശി ടി. ചെറിയാൻ (തമ്പാൻ-88) അന്തരിച്ചു.

## കുരുവിള കുര്യൻ



**ന്യൂജേഴ്സി:** തിരുവൻവണ്ടൂർ തൈക്കുറുഞ്ഞിയിൽ ഇടിക്കുള കുരുവിളയുടെയും സാറാമ്മ കുരുവിളയുടെയും മകൻ കുരുവിള കുര്യൻ (തങ്കച്ചൻ-77) ന്യൂജേഴ്സിയിൽ അന്തരിച്ചു. അമേരിക്കയിലേക്കുള്ള ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളായ തങ്കച്ചൻ സാമൂഹിക, സാംസ്കാരിക രംഗത്തും ഫൊക്കാനയിലും സജീവപ്രവർത്തകനായിരുന്നു. ജയ് പാലസ് (ബെർഗൻ ഫീൽഡ്) തങ്കച്ചൻ എന്നറിയപ്പെട്ടിരുന്ന പരേതൻ ചർച്ച് ഓഫ് ഗോഡ് സജീവ അംഗവും ബ്ലൂംഫീൽഡ് എൻജെ പോലുള്ള നിരവധി സംരംഭങ്ങൾ ആരംഭിച്ച് വിജയിച്ചിട്ടുള്ളയാളുമാണ്. നാട്ടിൽ നിന്നെത്തിയ നിരവധി പേർക്ക് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിലും മറ്റ് സാമൂഹിക പ്രവർത്തനങ്ങളിലും ഉദാരമനസ്കനുമായിരുന്നു. ഭാര്യ: ഏലിയാമ്മ. മക്കൾ: ബിനുവി കുര്യൻ, ഐവ് ഫ്രാൻസിസ്, ഹനു കുര്യൻ. മരുമക്കൾ: സൂസൻ കുര്യൻ, ലിയോനാർഡ് ഫ്രാൻസിസ്, ഐറിൻ കുര്യൻ.

**കുറിച്ചി:** കോലത്തുകളത്തിൽ നെയ്ശേരിൽ കോശി കുരുവിള (കുഞ്ഞുമോൻ-75) ജർമ്മനിയിൽ അന്തരിച്ചു.

## മേജർ സി.ടി. ജോസഫ്

**കൊല്ലാട്:** ചക്കാലയിൽ മേജർ സി.ടി. ജോസഫ് (പാപ്പച്ചൻ-84) ബംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ അഞ്ചൽ ചെന്നപ്പേട്ട ഒറ്റപ്ലാക്കൽ സോഫിയാമ്മ ജോസഫ്. മക്കൾ: നാൻസി ജോസ്, പാൻസി ജോസ് (യുകെ). മരുമക്കൾ: ജയദീപ് ജോസഫ് (യുഎസ്), കോട്ടയം മാങ്ങാനം തൈപ്പറമ്പിൽ ശങ്കരമംഗലം അരുൺ ജേക്കബ് തോമസ് (യുകെ).

**അയിരൂർ:** മാർത്തോമ്മാ സഭയിലെ മുതിർന്ന വൈദികൻ ചെറുകര ബംഗ്ലാവിൽ റവ. സൈമൺ ഏബ്രഹാം (97) അന്തരിച്ചു.

## സൂസൻ കോശി

**കാക്കനാട്:** ദുബായ് അവർ ഓൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ മുൻ അധ്യാപിക കളത്തിൽ സൂസൻ കോശി (64) അന്തരിച്ചു. ഭർത്താവ്: ക്യാപ്റ്റൻ സോണി കോശി. മക്കൾ: റോണി (യുഎസ്), ബെന്നി (മസ്കറ്റ്). മരുമക്കൾ: സാറ, ലിൻസു.

**കൈപ്പുഴ:** തേനാകര അന്നമ്മ ചാക്കോ (84) അന്തരിച്ചു.

## ടി. സുരേഷ് ബാബു

**കോട്ടയം:** വീൽസ് റസ്റ്റോറന്റ്, കൺസൽറ്റ് ഇൻ ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഉടമ കോടിമത തെക്കേമള്ളൂർ വീട്ടിൽ ടി. സുരേഷ് ബാബു (73) അന്തരിച്ചു. ഭാര്യ: മാന്നാനം മനയ്ക്കപ്പറമ്പിൽ ശോഭ സുരേഷ്. മകൾ: അപർണ സുരേഷ്. മരുമകൻ: പ്രദീപ്കുമാർ (ഇരുവരും യുഎസ്).

## വി.എ. വർഗീസ്

**പയ്യപ്പാടി:** ചേരാമ്പേരിൽ വി.എ. വർഗീസ് (ജോയ്-84) യുഎസിൽ അന്തരിച്ചു. ഭാര്യ കോട്ടയം വെള്ളുത്തുരുത്തി പൂച്ചക്കരിയിൽ മേരിക്കുട്ടി. മക്കൾ: ഏബ്രഹാം വർഗീസ്, എലിസബത്ത്, ഷീന (എല്ലാവരും യുഎസ്).

## അന്നമ്മ ജോസ്

**നടയ്ക്കപ്പാടം:** ഓലിക്കര അന്നമ്മ ജോസ് (പൊന്നമ്മ-81) അന്തരിച്ചു. വാഴപ്പള്ളി കുരീക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസ് ജോസഫ്. മക്കൾ: ജോവിൻ ജോസ് (യുഎസ്), റോബിൻ ജോസ് (നയാറാ എനർജി). മരുമകൾ: ജോൺസി ജോവിൻ (യുഎസ്).

## ആനിയമ്മ ജോബ്

**ചങ്ങനാശേരി:** ചെത്തിപ്പുഴ വെട്ടികാട് പരേതനായ തോമസ് ജോബിന്റെ ഭാര്യ ആനിയമ്മ ജോബ് (72) അന്തരിച്ചു. മാറാട്ടുകളം കുടുംബാംഗമാണ്. മക്കൾ: അനില മാർട്ടിൻ (യുഎസ്), ആൻ ജോബ് (എറണാകുളം), കെൻ ജോബ് (ദുബായ്). മരുമക്കൾ: മാർട്ടിൻ പോൾ ചിറ്റിലപ്പള്ളി എറണാകുളം, സ്വപ്ന കെൻ (ദുബായ്).

**കണ്ണൂർ:** അമലോത്ഭവ മാതാവിന്റെ ഉർസുലൈൻ സന്യാസിനി സഭാംഗം സിസ്റ്റർ മാർസല്ല കവിയിൽ (75) അന്തരിച്ചു.

## മലയമ്മൽ നാരായണൻ

**നന്തി ബസാർ:** സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ചെയർമാനും വീമംഗലം യുപി സ്കൂൾ റിട്ട. അദ്ധ്യാപകനുമായ മലയമ്മൽ നാരായണൻ (70) അന്തരിച്ചു. ഭാര്യ: കല്യാണി (റിട്ട. അദ്ധ്യാപിക). മക്കൾ: അശ്വിൻ രാജ് (യുഎസ്), അരുൺ രാജ് (യുകെ). മരുമക്കൾ: ടൈലർ (യുഎസ്), ഡോ. ഹരിത.

## കുര്യൻ തോമസ്

**തൊടുപുഴ:** കോടിക്കുളം വേങ്ങച്ചുവട്ടിൽ (ആദംകുഴിയിൽ) കുര്യൻ തോമസ് (79) അന്തരിച്ചു. ഭാര്യ കണ്ണാടി പുത്തൻകുളം പരേതയായ മേരി കുര്യൻ. മക്കൾ: വിനോ, ലിനോ. മരുമക്കൾ: ഷിൻസി, ക്രിസ്റ്റിൻ (എല്ലാവരും യുഎസ്).

**ചങ്ങനാശേരി:** വെട്ടിത്തുരുത്ത് കുട്ടത്തിങ്കൽ പരേതനായ ഔസേപ്പ് കുര്യന്റെ മകൻ ബിജു (53) അന്തരിച്ചു.

## ജി. രവീന്ദ്രൻ നായർ

**ചെർപ്പുളശേരി:** ഇന്ത്യൻ എയർഫോഴ്സ് റിട്ട. ജൂണിയർ വാറന്റ് ഓഫീസർ ശാന്തിനഗർ ശ്രീകൃഷ്ണ നിവാസിൽ ജി. രവീന്ദ്രൻ നായർ (ബാബു-72) അന്തരിച്ചു. ഭാര്യ ഉഷ. മക്കൾ: രാകേഷ് (യുഎസ്), അശ്വിൻ (ബെംഗ്ലൂരു). മരുമക്കൾ: അഞ്ജു (യുഎസ്), ഇന്ദുജ (ബെംഗ്ലൂരു).

**ആലപ്പുഴ:** ചേർത്തല എസ്.എൻ. കോളജ് സുവോളജി വിഭാഗം അസി. പ്രഫസർ റെയിൽവേ സ്റ്റേഷൻ വാർഡ് പീടികയിൽ പി.എസ്. വിദ്യ (54) അന്തരിച്ചു.

## അഡ്വ. തോമസ് മാത്യു



**ഡാളസ്:** തിരുവല്ല നെടുവേലിൽ കുടുംബയോഗം വൈസ് പ്രസിഡണ്ടും മുതിർന്ന അഭിഭാഷകനും ജില്ലാപഞ്ചായത്ത് മുൻ അംഗവുമായിരുന്ന അഡ്വ. തോമസ് മാത്യു (റോയി-72) അന്തരിച്ചു. മല്ലപ്പള്ളി കീഴ്വായ്പൂര് പയറ്റുകാലായിൽ കുടുംബാംഗമാണ്. ഡാളസ് സെ. പോൾസ് മാർത്തോമ്മാ ചർച്ച് അംഗവും ഡാളസിലെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ സജീവ സാന്നിദ്ധ്യവുമായ രാജൻ മാത്യുവിന്റെ സഹോദരനാണ് പരേതൻ. ഭാര്യ മേപ്രാൽ പൂതികോട്ട് പുത്തൻപുരയ്ക്കൽ അഡ്വ. റേച്ചൽ പി. മാത്യു. മക്കൾ: അഡ്വ. വിനു എം. തോമസ് (ചലച്ചിത്ര സംഗീത സംവിധായകൻ), രശ്മി ആൻ തോമസ്, ആനന്ദ് മാത്യു തോമസ് (കൊച്ചി). മരുമക്കൾ: ചേന്നങ്കരി വാഴക്കാട് ദീപക് അലക്സാണ്ടർ, ആനിക്കാട് കൊച്ചുവടക്കേൽ പ്രീതി സാറാ ജോൺ.

**പാലാ:** തിരുഹൃദയ മഠാംഗമായ സിസ്റ്റർ സീത്ത വടശ്ശേരി (91) അന്തരിച്ചു.

**വടവാതൂർ:** ഇലവുങ്കൽ പരേതനായ ജേക്കബ് കുര്യന്റെ ഭാര്യ ശോശാമ്മ ജേക്കബ് (76) അന്തരിച്ചു.

**പുന്നവേലി:** നെടുങ്കുന്നം കളത്തിൽ കെ.ജെ. ജോസഫ് (ജോസ്-75) അന്തരിച്ചു.

**തിരുവല്ല:** വളഞ്ഞവട്ടം കുലത്താക്കൽ ഷൈല വിലാസത്തിൽ അന്നമ്മ സാമുവൽ (കുഞ്ഞമ്മ-87) അന്തരിച്ചു.

**മൂന്നിലവ്:** കൊച്ചെട്ടൊന്നിൽ പരേതനായ കെ.ടി. തോമസിന്റെ ഭാര്യ മറിയക്കുട്ടി തോമസ് (90) അന്തരിച്ചു.

**പുളിങ്കുന്ന്:** പടിമറ്റം ത്രേസ്യാമ്മ ജോസഫ് (തെയ്യാമ്മ-90) അന്തരിച്ചു.

## ജോർജ് പി. ഏബ്രഹാം

**കോട്ടയം:** വേളൂർ പെരുന്തേക്കേരിൽ ജോർജ് പി. ഏബ്രഹാം (കുഞ്ഞ്-62) അന്തരിച്ചു. ദുബായ് മുറേ റോബെർട്സ് മുൻ സിസ്റ്റം അഡ്മിൻ ആയിരുന്നു. ഭാര്യ കുന്നംകുളം കടവല്ലൂർ പുലിക്കോട്ടിൽ ജൂലിയ ജോർജ്. മക്കൾ: ഡോ. ആൻ പി. ജോർജ്, ഏബ്രഹാം പി. ജോർജ് (മിനസോട്ട യുണിവേഴ്സിറ്റി യുഎസ്). മരുമകൻ: ഡോ. ജെറിൻ ഏബ്രഹാം ജോർജ് കുമ്പന്താനത്ത് പാലത്തുങ്കൽ നീരേറ്റുപുറം.

**കുറിച്ചി:** ആലപ്പുഴ എസ്ഡിവി എച്ച്എസ് റിട്ട. അദ്ധ്യാപകൻ വെണ്ണമന കൃഷ്ണനിലയത്തിൽ വി.കെ. സുബ്രഹ്മണ്യൻ നമ്പൂതിരി (91) അന്തരിച്ചു.

**ആറന്മുള:** വിമുക്തഭടൻ കാഞ്ഞിരവേലി നമ്പൻകുറ്റിയിൽ അച്ചൻസ് വില്ലയിൽ വർഗീസ് വർഗീസ് (അച്ചൻകുഞ്ഞ്-78) അന്തരിച്ചു.

**കോതമംഗലം:** തിരുഹൃദയ സന്യാസിനി സമൂഹാംഗം കോതമംഗലം ജ്യോതി പ്രോവിൻസ് അംഗം സിസ്റ്റർ ഇൻഫന്റ് മേരി അറയ്ക്കൽ (90) അന്തരിച്ചു.

## എം.എസ്. സ്കറിയ

**അരീപ്പറമ്പ്:** തേമ്പള്ളിൽ കുടുംബാംഗമായ മറ്റത്തിൽ എം.എസ്. സ്കറിയ (അച്ചൻകുഞ്ഞ്-88) യുഎസിൽ അന്തരിച്ചു. ഭാര്യ ചെന്നാമറ്റം ഇലപ്പനാൽ തങ്കമ്മ. മക്കൾ: റോയ്സൺ, റീനാമോൾ (ഇരുവരും യുഎസ്), റൂബി. മരുമക്കൾ: നിർമ്മല ആലുങ്കൽ പാമ്പാടി, കുരുവിള മൂത്തേടത്ത് രാമമംഗലം (ഇരുവരും യുഎസ്), നോബി ചേർക്കമണ്ണിൽ (വെള്ളൂർ).

## കെ.വി. വർഗീസ്

**കങ്ങഴ:** മൈലാടി കക്കുഴിയിൽ കെ.വി. വർഗീസ് (ജോർജ്-83) അന്തരിച്ചു. ഭാര്യ മല്ലപ്പള്ളി ആനിക്കാട് കുളങ്ങര അന്നമ്മ. മക്കൾ: ബീന (യുഎസ്), ബിന്ദു. മരുമക്കൾ: ചെങ്ങരൂർ മുള്ളൻകുഴി മേക്കരിങ്ങാട്ട് ജോൺസൺ, കോട്ടയം തുണ്ടിയിൽ ജാൻസ്.

**ഇരവിപേരൂർ:** കൈതോലിൽ ചെട്ടിപ്പറമ്പിൽ ലീലാമ്മ ഏബ്രഹാം (71) അന്തരിച്ചു.

## സിസ്റ്റർ ഗ്രേസി അരീച്ചിറ

**തെള്ളകം:** കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ സിസ്റ്റർ ഗ്രേസി അരീച്ചിറ (79) അന്തരിച്ചു. സഹോദരങ്ങൾ: അമ്മിണി തോമസ് (കൂടല്ലൂർ), എൽസി മാത്തുക്കുട്ടി, ലില്ലി സ്റ്റീഫൻ, ബൈജു തോമസ്, ജെസ്സി ബെന്നി (നാലുപേരും യുഎസ്), പരേതരായ തമ്പി തോമസ്, സിറിയക് തോമസ് (കല്ലറ).

## കെ.ജി. ശാന്തകുമാരി

**ഏറ്റുമാനൂർ:** ശക്തിനഗർ ശ്രീരംഗിൽ കെഎസ്ഇബി റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ കെ.ജി. ശാന്തകുമാരി (81) അന്തരിച്ചു. ഉഴവൂർ കൂരിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് ഓതറ മന്നത്തുപൊയ്കയിൽ കെ.എൻ. ഗോപാലകൃഷ്ണൻ (കെഎസ്ഇബി റിട്ട. അസി. എക്സിക്യൂട്ടീവ് എൻജിനീയർ). മക്കൾ: ബിജുകുമാർ (യുഎസ്), ഡോ. ബിന്ദു. മരുമക്കൾ: നിഷിത, അഡ്വ. രഞ്ജിത്.

**കവീക്കുന്ന്:** മുകാലയിൽ പരേതനായ തോമസ് ജോണിന്റെ ഭാര്യ അന്നക്കുട്ടി തോമസ് (84) അന്തരിച്ചു.

**തകഴി:** ആദ്യകാല വോളിബോൾതാരം പടഹാരം വള്ളവന്ത്ര ജോസഫ് ജോർജ് (പപ്പൻ-81) അന്തരിച്ചു.

## പി.ടി. തോമസ്

**കുമ്പനാട്:** പുഴിക്കാലയിൽ പി.ടി. തോമസ് (സണ്ണി-81) അന്തരിച്ചു. ഭാര്യ അയിരൂർ കുരുടാമണ്ണിൽ മുണ്ടപ്ലാക്കൽ മറിയാമ്മ തോമസ്. മക്കൾ: ജ്യോതി (കൊച്ചി), പ്രീതി (ചാർട്ടേഡ് അക്കൗണ്ടന്റ്), പി.ടി. തോമസ് (തിരുവനന്തപുരം), പ്രിയ (യുഎസ്). മരുമക്കൾ: വിനോദ് (തിരുവനന്തപുരം), കുര്യൻ കുര്യൻ (ചാർട്ടേഡ് അക്കൗണ്ടന്റ് കോട്ടയം), തടിയൂർ വൈദ്യൻ കുടുംബാംഗം സിമി, കോന്നി കോലത്ത് ഷോൺ.

**കല്ലറ:** പുത്തൻപള്ളി മുട്ടത്തിൽ കളപ്പുരയിൽ പരേതനായ എം.എൻ. ഫിലിപ്പിന്റെ ഭാര്യ അന്നക്കുട്ടി ഫിലിപ്പ് (75) അന്തരിച്ചു.

## മറിയാമ്മ ഏബ്രഹാം പീടികമലയിൽ അന്തരിച്ചു



വെണ്ണിക്കുളം: നാരകത്താനി പീടികമലയിൽ പരേതനായ പാസ്റ്റർ പി.വി. ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ (96) അന്തരിച്ചു. പരേത കീഴ്വായ്പൂർ കൈമല കുടുംബാംഗമാണ്. മക്കൾ: ബാബുക്കുട്ടി നാരകത്താനി (മാർത്തോമ്മാ സന്നദ്ധ സുവിശേഷസംഘം അസി. സെക്രട്ടറി), മേരിക്കുട്ടി (യുഎസ്), പാസ്റ്റർ ജേക്കബ് പി. ഏബ്രഹാം, പാസ്റ്റർ രാജൻ പി. ഏബ്രഹാം (യുഎസ്), ജെയിംസ് പീടികമലയിൽ (സയോൺ സിംഗേഴ്സ്). മരുമക്കൾ: ആനിയമ്മ പതാലിൽ ആനിക്കാട്, പരേതനായ പി.ടി. ജോൺ പറമ്പേത്തുണ്ടിൽ കിടങ്ങന്നൂർ. ലിസി മാമ്പള്ളിൽ വാര്യാപുരം, എലിസബത്ത് പെരുമ്പലത്ത് നിലമ്പൂർ, ലിനി പ്രയാറ്റുമണ്ണിൽ ഇരവിപേരൂർ.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

**Visit Our Website: www.keralaexpress.com for Classified Advt.**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: ELAMMA NARIVELY*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

# ശംഖൊലിയുമായി കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ

ജോയി കുറ്റ്യാനി

മയാമി: അമേരിക്കൻ മലയാളി സംഘടനകളിൽ കാലം അടയാളപ്പെടുത്തിയ കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ പ്രവർത്തന മികവുകൊണ്ടും വ്യത്യസ്തങ്ങളായ പരിപാടികൾ കൊണ്ടും അമേരിക്കൻ മലയാളികൾക്കിടയിൽ ശ്രദ്ധേയമായ സംഘടനയാണ്.



പഴമയുടെ നന്മയും, പുതുമയുടെ സ്വീകാര്യതയും, ഒന്നിച്ചുചേർത്ത്, ഓർമ്മകളുടെ ഇന്നലെകളും ഇന്നുകളുടെ സംഭവവികാസങ്ങളും നാളെയുടെ കരുതലുകളും ഒപ്പിയെടുത്ത് അനുദിന ജീവിതത്തിലെ പുത്തൻ ആശയങ്ങളും അറിവുകളും പ്രയോജനകരമായി സംയോജിപ്പിച്ച് സൗത്ത് ഫ്ളോറിഡായിലെ മുഴുവൻ മലയാളി സമൂഹത്തെയും ഒരുമിച്ചുചേർത്ത് പരസ്പരം അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി കേരള സമാജം ജനപങ്കാളിത്തത്തോടുകൂടി ഒരു സ്മരണിക അണിയിച്ചൊരുക്കുന്നു.

ഈ അവിസ്മരണീയമായ സുവനീറിന് 'ശംഖൊലി' എന്നു നാമകരണം ചെയ്താണ് പ്രസിദ്ധീകരിക്കുന്നത്. ഈ സാമൂഹിക ഡയറക്ടറിയിൽ ആയിരങ്ങളുടെ കുടുംബ ചിത്രങ്ങൾ (ഫാമിലി പിക്ചർ) സൗജന്യമായി ചേർത്താണ് പ്രസിദ്ധീകരിക്കുന്നത്. സൗത്ത് ഫ്ളോറിഡായിലെ പാംബീച്ച്, ബ്രോവാർഡ്, മയാമി-ഡേയ്ഡ് കൗണ്ടികളിൽ താമസിക്കുന്ന മലയാളി കുടുംബങ്ങൾക്കാണ് ഈ സുവനീറിന്റെ പേജുകളെ ധന്യമാക്കുവാൻ അവസരമുള്ളത്.

സൗത്ത് ഫ്ളോറിഡായിലെ എല്ലാ മലയാളികൾക്കും അവരുടെ ദൈനംദിന ജീവിതം കൂടുതൽ എളുപ്പവും, സുഖപ്രദവുമാക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ, സൗത്ത് ഫ്ളോറിഡായിലെ മലയാളികളുടെ നേതൃത്വത്തിലുള്ള ക്രിസ്ത്യൻ, ഹിന്ദു, മുസ്ലിം ആരാധനാലയങ്ങളുടെ വിവരങ്ങൾ, സർവ്വീസ് സമയം, സൗത്ത് ഫ്ളോറിഡ മലയാളി കുടിയേറ്റത്തിന്റെ ചരിത്രം; നിലവിലെ വിവരങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, നിയമ മേഖലകളെക്കുറിച്ചുള്ള അടിസ്ഥാന അറിവുകൾ, നിങ്ങൾ അറിഞ്ഞിരിക്കേണ്ട നിരവധിയായ വിഷയങ്ങളിൽ റഫറൻസ് മെറ്റീരിയൽസ് ഈ സുവനീറിൽ ഒരുക്കിയിരിക്കും.

ഡിജിറ്റൽ കോപ്പി ലഭിക്കുവാനുള്ള ഒരു ക്യൂ ആർ കോഡ് സുവനീറിൽ ക്രമീകരിച്ചിരിക്കുന്ന തിലൂടെ സ്മാർട്ട് ഫോൺ ഉപയോഗിച്ച് സുവനീറിന്റെ ഡിജിറ്റൽ പകർപ്പ് എളുപ്പത്തിൽ ആക്സസ്സ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിക്കുന്നുണ്ട്.

വരും തലമുറക്ക് ഇതൊരു ചരിത്ര പുസ്തകമാക്കുവാൻ കേരള സമാജം ജനപങ്കാളിത്ത ത്തോടുകൂടി തയ്യാറാക്കുന്ന ഈ സ്മരണികയിൽ ഇംഗ്ലീഷിലും മലയാളത്തിലും ലേഖനങ്ങളും ചെറുകഥകളും കവിതകളും കാർട്ടൂണുകളും പെയിൻറിംഗുകളും പാചകക്കുറിപ്പുകളും തയ്യാറാക്കി അയയ്ക്കാവുന്നതാണ്. നിങ്ങളുടെ സൃഷ്ടികൾ keralasamajamsouvenir@gmail.com മെയിലിലേക്ക് ഡിസംബർ 20-ന് മുമ്പ് അയച്ചു കൊടുക്കേണ്ടതാണ്.

ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലും തന്നിരിക്കുന്ന വിഷയത്തിൽ (Topics) മാത്രമാണ് ലേഖനങ്ങൾ എഴുതി അയയ്ക്കേണ്ടത്. വിദഗ്ദ്ധസമിതി പരിശോധിച്ച് തെരഞ്ഞെടുക്കുന്ന ലേഖനങ്ങൾ മാത്രമാണ് സ്മരണികയിൽ പ്രസിദ്ധീകരിക്കുന്നത്. ഈ അവിസ്മരണീയമായ സുവനീർ അണിയിച്ചൊരുക്കുന്നതിനായി കേരള സമാജത്തിന്റെ 41-ാമത്തെ കമ്മിറ്റി ഇതിന് ചുക്കാൻ പിടിക്കുമ്പോൾ കേരള സമാജ ത്തിന്റെ എല്ലാ മുൻ പ്രസിഡണ്ടുമാരുടെയും നിർലോഭമായ സഹായസഹകരണങ്ങളും അതോടൊപ്പം നാല്പതോളം സുവനീർ കമ്മിറ്റി അംഗങ്ങളും കർമ്മനിരതരായി പ്രവർത്തിക്കുന്നു.

ശംഖൊലിയുടെ എഡിറ്റോറിയൽ ബോർഡിൽ കേരള സമാജം പ്രസിഡണ്ട് ഷിബു ജോസഫ്, വൈസ് പ്രസിഡണ്ട് ജോസ് വെമ്പാല, സെക്രട്ടറി നിബു പുത്തേത്ത്, ട്രഷറർ ജറാൾഡ് പേരേരേ, മുൻ പ്രസിഡണ്ടുമാരായ ജോ ജോ വാത്യോലിൽ, സാജൻ മാത്യു, ബാബു കല്ലിടുക്കിൽ, സജി സക്കറിയാസ്, ജോയി കുറ്റ്യാനി, 2025 പ്രസിഡണ്ട് ഇലക്ട് ബിജു ജോൺ എന്നിവർ നേതൃത്വം നൽകുന്നു.

ഡിസംബർ ഏഴാംതീയതി ശനിയാഴ്ച കൂപ്പർ സിറ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന കേരള സമാജം ക്രിസ്മസ് പരിപാടിയിൽ ഈ സ്മരണികയുടെ ഒരു ഡമ്മി പ്രകാശനം ചെയ്തു. കേരള സമാജം ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് ഫാമിലി പിക്ചർ എടുക്കുന്നതിനായി സൗജന്യമായി ഫോട്ടോ ബൂത്ത് ക്രമീകരിച്ചിരുന്നു.

keralasamajamsouvenir@gmail.com






# സാൻ ഫ്രാൻസിസ്കോ ബേ ഏരിയ കേരള ഹൗസ് ആരംഭിക്കുന്നു

സജൻ മൂലപ്ലാക്കൽ

സാൻ ഫ്രാൻസിസ്കോ: സിലിക്കൺ വാലിയുടെ ഹൃദയഭാഗത്ത് അഞ്ച് ഏക്കറോളം വരുന്ന ക്യാമ്പസ്സിൽ മലയാളികളുടെ ചിരകാല അഭിലാഷമായ കേരള ഹൗസ് പ്രവർത്തനമാരംഭിക്കുന്നു.

ഇന്ത്യൻ ഡയാസ്പോറയുടെ പ്രത്യേകിച്ച് ഗ്രേറ്റർ സാൻ




ഫ്രാൻസിസ്കോ ബേ ഏരിയയിലെ മലയാളി സമൂഹത്തിന്റെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും ഉല്ലാസത്തിനും സഹായകമായ വിവിധ പരിപാടികൾക്ക് വേദിയാകും വിധത്തിൽ ആഴ്ചയിലെ എല്ലാ ദിവസവും പ്രവർത്തിക്കുന്ന രീതിയിലാണ് കേരള ഹൗസിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നത്.

4,500 ചതുരശ്ര അടി വലിപ്പമുള്ള ഒരു സാമൂഹിക സാംസ്കാരിക കേന്ദ്രം. കുട്ടികൾക്ക് സുരക്ഷിതമായ കളിസ്ഥലം, സ്പോർട്സിനും ഗെയിമുകൾക്കുമുള്ള സൗകര്യം, അത്ലറ്റിക്സിനുള്ള ഗ്രൗണ്ട് എന്നിവ അടങ്ങിയ കേരള ഹൗസ് സമുച്ചയത്തിന്റെ പ്രവർത്തനം സത്രീകളും കുട്ടികളും ഉൾപ്പെടെ എല്ലാ പ്രായത്തിലുള്ളവർക്കും ഒന്നിച്ചു ചേരാനും വിവിധ പരിപാടികൾക്കും ഉള്ള വേദിയാകും ഇതെന്ന് ബേ മലയാളി പ്രസിഡണ്ട് ലെബോൺ മാത്യു, സെക്രട്ടറി ജീൻ ജോർജ്, ട്രഷറർ സുഭാഷ് സ്കറിയ എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. മലയാളി സമൂഹത്തിന് ഒരു മഹത്തായ നേട്ടമായ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ സഹകരിച്ച ബേ മലയാളി ബോർഡ് ഓഫ് ഡയറക്ടേഴ്സ്, സന്നദ്ധ പ്രവർത്തകർ, സുഹൃത്തുക്കൾ, സ്പോൺസേഴ്സ് എന്നിവരുടെ സമർപ്പണവും പിന്തുണയും വിലമതിക്കാനാവാത്തതാണെന്ന് ഇവർ ഓർമ്മിപ്പിച്ചു.

# ക്രിസ്മസിനെ വരവേല്ക്കാനൊരുങ്ങി കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചസ്

ജോർജ് തുമ്പയിൽ

ന്യൂയോർക്ക്: കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചസ് (സി.ഐ.ഒ.സി) ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾക്കായി ഒരുങ്ങുന്നു. ബ്രൂക്ലിൻ, ക്വീൻസ്, ലോങ് ഐലൻഡ് ഏരിയയിലെ പള്ളികളുടെ നേതൃത്വത്തിൽ ഡിസംബർ 29-ന് ഞായറാഴ്ച 4.30-ന് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിൽ (സ്കൂൾ ഹൗസ് റോഡ്, ലെവിടൗൺ) ആഘോഷങ്ങൾക്ക് തുടക്കമിടും. സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്ത ക്രിസ്മസ് സ്നേഹസന്ദേശം നല്കും.

വിവരങ്ങൾക്ക്: പ്രസിഡണ്ട് ഫാ. ജോൺ തോമസ് ആലുംമൂട്ടിൽ (516 996 4887), സെക്രട്ടറി ഫിലിപ്പോസ് സാമുവേൽ (917 312 2902), ട്രഷറർ ജോൺ (സജി) താമരവേലിൽ (917 533 3566). ഓഡിറ്റർ-മിനി കോശി, വൈസ് പ്രസിഡണ്ടുമാർ ഫാ. ഡോ.സി.കെ. രാജൻ, ഫാ. ജോർജ് മാത്യു, ഫാ. തോമസ് പോൾ, ഫാ. ഗ്രിഗറി വർഗീസ്, ഫാ. ജോർജ് ചെറിയാൻ, ഫാ. ഏബ്രഹാം ഫിലിപ്പ്, ഫാ.ഡോ. എബി ജോർജ്, ഫാ. ജെറി വർഗീസ്. ക്വയർ ഡയറക്ടർ-ഫാ. ജോർജ് മാത്യു, ക്വയർമാസ്റ്റർ-ജോസഫ് പാപ്പൻ, ക്വയർ കോ-ഓർഡിനേറ്റർ സിസി മാത്യു എന്നിവരും പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സായി മോൻസി മാണി, ഗ്രേസി മോഹൻ, എത്സിക്കുട്ടി മാത്യു എന്നിവരും പ്രവർത്തിക്കുന്നു.

# അമൃത് ഒന്നാം പദ്ധതി; കേരളം പൂർത്തിയാക്കാനുള്ളത് 947.91 കോടിയുടെ പദ്ധതികൾ

ന്യൂഡൽഹി: കേന്ദ്രസഹായത്തോടെ സംസ്ഥാനങ്ങൾ നടപ്പാക്കുന്ന ഒന്നാം അമൃത് പദ്ധതിയുടെ കാലാവധി അവസാനിച്ച് ഒരു വർഷം കഴിഞ്ഞപ്പോഴും കേരളം പൂർത്തിയാക്കാനുള്ളത് 947.91 കോടി രൂപയുടെ പദ്ധതികൾ. അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്) പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ ഒൻപത് നഗരങ്ങളിൽ 1111 പദ്ധതികളാണ് ആസൂത്രണം ചെയ്തത്. ജലവിതരണം, മലിനജല സംസ്കരണം, കാന നവീകരണം, നഗര ഗതാഗതം, നഗര സൗന്ദര്യവൽക്കരണം എന്നീ മേഖലകളിലാണു പദ്ധതികൾ പ്രഖ്യാപിച്ചത്. കേന്ദ്രം 50 ശതമാനം, സംസ്ഥാന സർക്കാർ 30 ശതമാനം, തദ്ദേശ സ്ഥാപനം 20 ശതമാനം എന്നിങ്ങനെയാണു പദ്ധതിവിഹിതം. ഇതിൽ കേന്ദ്രസർക്കാർ വിഹിതമായ 1,161.20 കോടി രൂപ കേരളത്തിനു പൂർണമായും കൈമാറി. 1111 പദ്ധതികൾ ടെൻഡർ വിളിച്ചതിൽ 1105 പദ്ധതികളാണ് കരാറായത്. ഇതിൽ 139 പദ്ധതികൾ ഇനിയും പൂർത്തിയായിട്ടില്ല.

275.62 കോടി രൂപയുടെ പദ്ധതികൾക്കു പ്രാഥമിക ജോലി പോലും ആരംഭിച്ചിട്ടില്ല. ഭൂമിയേറ്റെടുക്കലിലെ കാലതാമസം കാലാവസ്ഥാ മാറ്റം, അനുമതി ലഭിക്കാനുള്ള കാലതാമസം, വിദഗ്ധരായ കരാറുകാരുടെയും നിർമാതാക്കളുടെയും അഭാവം തുടങ്ങിയ കാരണങ്ങളാലാണു പദ്ധതി വൈകുന്നതെന്നാണു കേരളം കേന്ദ്രത്തിനു നൽകിയ വിശദീകരണം.

പദ്ധതി നിർവഹണത്തിൽ 99.65 ശതമാനം തുക ചെലവിട്ടു കണ്ണൂർ കോർപറേഷനാണു മുന്നിൽ. ഏറ്റവും പിന്നിൽ കൊല്ലം കോർപറേഷൻ (49.72 ശതമാനം).

2015–ൽ അഞ്ച് വർഷത്തേക്ക് ആരംഭിച്ച പദ്ധതി 2021–ൽ അവസാനിക്കേണ്ടതായിരുന്നെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ രണ്ട് വർഷംകൂടി നീട്ടിയിരുന്നു.

ഒരു വർഷംകൂടി ലഭിക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിക്കാതെ കേന്ദ്രം രണ്ടാം അമൃത് പദ്ധതിക്കു കഴിഞ്ഞ വർഷം തുടക്കമിട്ടു. ജലവിതരണം, മലിനജലസംസ്കരണം, ജലസ്രോതസ്സുകളുടെ നവീകരണം എന്നീ മൂന്നു മേഖലകൾ മാത്രമാണു രണ്ടാം അമൃത് പദ്ധതിയിലുള്ളത്.

അതേസമയം, പണം ചെലവിട്ടതിൽ പിന്നിലാണെങ്കിലും ആകെ പദ്ധതികളിൽ 83.47 ശതമാനം പൂർത്തിയാക്കിയെന്നു കേരളത്തിന് അവകാശപ്പെടാം. കേരളത്തിലെ അടിസ്ഥാന സൗകര്യവികസനരംഗത്തു പദ്ധതിവഴി നേട്ടമുണ്ടാക്കാനായി.

## ദിലീപിന്റെ 'വിഐപി ദർശനം': ദേവസ്വം ഉദ്യോഗസ്ഥർക്ക് നോട്ടീസ്

തിരുവനന്തപുരം: ശബരിമലയിൽ നടൻ ദിലീപിനു വിഐപി പരിഗണന നൽകിയെന്ന ആക്ഷേപത്തിൽ നാല് ദേവസ്വം ഉദ്യോഗസ്ഥർക്കു നോട്ടീസ്.

ഉദ്യോഗസ്ഥർക്കു വീഴ്ചയുണ്ടായതായി കണ്ടെത്തിയെന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് പറഞ്ഞു. വിശദീകരണം കേട്ടശേഷം തുടർനടപടി സ്വീകരിക്കും. മറ്റുള്ളവർക്കു കുറച്ചുനേരത്തേക്കു ദർശനം തടസപ്പെട്ടെന്ന് വിജിലൻസ് കണ്ടെത്തി. അഡ്മിനിസ്ട്രേറ്റർ ഓഫീസർ, എക്സിക്യൂട്ടീവ് ഓഫീസർ, രണ്ടു ഗാർഡുമാർ എന്നിവർക്കാണ് നോട്ടീസ്.

ദിലീപിന്റെ വിഐപി ദർശനത്തിൽ ദേവസ്വം ബോർഡിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം നേരിടേണ്ടി വന്നിരുന്നു. ഹരിവരാസന സമയത്ത് മറ്റുള്ളവർക്കു ദർശനം വേണ്ടേ എന്നു ചോദിച്ച കോടതി ദിലീപ് നിന്നതുകൊണ്ട് ആർക്കും മുന്നോട്ടു പോകാനായില്ലെന്നു വിമർശിച്ചു. കാര്യങ്ങൾ നിയന്ത്രിക്കേണ്ടതിന്റെ ഉത്തരവാദിത്വം ദേവസ്വം ബോർഡിനാണെന്നും കോടതി ഓർമിപ്പിച്ചു.

ശ്രീകോവിലിനു മുന്നിൽ നിൽക്കുന്ന ആൾ വിഐപി ആണെങ്കിൽ പിന്നിൽ നില്ക്കുന്നവർക്കു ദർശനം സാധിക്കില്ല. ഇത് അനുവദിക്കാനാകില്ലെന്നു കോടതി പറഞ്ഞു. ഹരിവരാസന സമയത്തു പരമാവധി ഭക്തർക്കു ദർശനം നൽകാനാണു ശ്രമിക്കേണ്ടത്.

കുട്ടികൾക്കും സ്ത്രീകൾക്കും ദർശനത്തിനു മതിയായ സൗകര്യം ലഭിക്കണം. ഇക്കാര്യം നിയന്ത്രിക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വമെന്നും ഹൈക്കോടതി ഓർമിപ്പിച്ചു.

സോപാനത്തെ സിസിടിവി ദൃശ്യങ്ങൾ പെൻഡ്രൈവിലാക്കി ഹാജരാക്കാൻ ജസ്റ്റിസുമാരായ അനിൽ കെ. നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരുടെ ദേവസ്വം ബെഞ്ച് നിർദേശിച്ചു. വിഷയം വീണ്ടും പരിഗണിക്കും. വിശദമായ സത്യവാങ്മൂലം നൽകാനും ദേവസ്വം ബോർഡിന് നിർദേശമുണ്ട്.

## ആറ് പള്ളികൾ ഓർത്തഡോക്സ് സഭയ്ക്ക് കൈമാറണം: സുപ്രീംകോടതി

ന്യൂഡൽഹി: പള്ളിത്തർക്ക വിഷയത്തിൽ എറണാകുളം, പാലക്കാട് ജില്ലകളിലായുള്ള ആറ് പള്ളികളുടെ ഭരണം ഓർത്തഡോക്സ് സഭയ്ക്കു കൈമാറാൻ സുപ്രീംകോടതി നിർദേശം. ഈ പള്ളികളിലെ പൊതുസൗകര്യങ്ങളായ ശ്മശാനം, സ്കൂളുകൾ, ആശുപത്രികൾ എന്നിവ എല്ലാ വിഭാഗത്തിലുള്ളവർക്ക് ലഭ്യമാക്കണമെന്നും ജസ്റ്റിസുമാരായ സൂര്യകാന്ത്, ഉജ്ജ്വൽ ഭുയാൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഇതു സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിക്കാൻ ഓർത്തഡോക്സ് സഭയോട് കോടതി നിർദേശിച്ചു.

2017-ലെ സുപ്രീംകോടതി വിധി മാനിക്കാൻ യാക്കോബായ സഭയോട് ആവശ്യപ്പെട്ട കോടതി ഉത്തരവ് നടപ്പാക്കാൻ സഹകരിക്കാത്തത് എന്തുകൊണ്ടാണെന്നും ചോദിച്ചു. കോടതി വിധി നടപ്പാക്കാൻ ശ്രമിക്കാതിരുന്ന പോലീസിനെയും കോടതി വിമർശിച്ചു. പള്ളി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഒക്ടോബറിലെ കേരള ഹൈക്കോടതി നിർദേശത്തിനെതിരെ കേരള സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥരും യാക്കോബായ സഭയിലെ ചില അംഗങ്ങളും സമർപ്പിച്ച ഹർജികളിലാണ് സുപ്രീംകോടതിയുടെ വിധി.

## ഫ്രാൻസിസ് മാർപാപ്പയ്ക്ക് ഇലക്ട്രിക് പോപ്പ് മൊബീൽ

വത്തിക്കാൻ: ഫ്രാൻസിസ് മാർപാപ്പയുടെ പൊതുസന്ദർശനവേളയിലെ ഉപയോഗത്തിനായി പുതിയ ഇലക്ട്രിക് പോപ്പ് മൊബീൽ സൗജന്യമായി നിർമിച്ചു നൽകി ജർമൻ ആഡംബര വാഹന നിർമാണ കമ്പനിയായ മെഴ്സിഡസ് ബെൻസ്.

2030-ഓടെ വായുമലിനീകരണമില്ലാത്ത വാഹനങ്ങൾ മാത്രം ഉപയോഗിക്കാനുള്ള തീരുമാനമെടുത്തിട്ടുള്ള



മെഴ്സിഡസ് കമ്പനി സമ്മാനിച്ച ഇലക്ട്രിക് പോപ്പ് മൊബീലിനു സമീപം ഫ്രാൻസിസ് മാർപാപ്പ.

വത്തിക്കാനിൽ മാർപാപ്പയുടെ ആവശ്യത്തിനായി ഇലക്ട്രിക് ജി-ക്ലാസ് അടിസ്ഥാനമാക്കി പ്രത്യേകമായി നിർമിച്ചതാണ് ഈ വാഹനം.

മാർപാപ്പയുടെ ആഗ്രഹപ്രകാരം കമ്പനി സിഇഒ ഓല കല്ലേനിയൂസ് ഉൾപ്പെടെ, വാഹനനിർമാണത്തിൽ ഏർപ്പെട്ട എല്ലാ തൊഴിലാളികളും വാഹനം കൈമാറിയ ചടങ്ങിൽ പങ്കെടുത്തു. ജൂബിലിവർഷത്തിന്റെ കൂടി പശ്ചാത്തലത്തിലാണ് പുതിയ പോപ്പ് മൊബീൽ നിർമിച്ചു നൽകാൻ കമ്പനി തീരുമാനിച്ചത്. മാർപാപ്പയ്ക്കായി ഇത്തരമൊരു സേവനം ചെയ്യാൻ സാധിച്ചത് വലിയൊരു ബഹുമതിയായാണു തങ്ങൾ കാണുന്നതെന്ന് മെഴ്സിഡസ് ബെൻസ് സിഇഒ ഓല കല്ലേനിയൂസ് പറഞ്ഞു.

1930 മുതൽ കഴിഞ്ഞ ഏതാണ്ട് നൂറു വർഷത്തോളമായി മാർപാപ്പമാരുടെ യാത്രകൾക്കുപയോഗിക്കുന്ന വാഹനങ്ങളുമായി ബന്ധപ്പെട്ട് തങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു. 1930-ൽ പതിനൊന്നാം പിയൂസ് മാർപാപ്പയ്ക്കാണ് മെഴ്സിഡസ് ആദ്യമായി പോപ്പ് മൊബീൽ നൽകിയത്.

നിലവിൽ പ്രത്യേകം തയാറാക്കിയ ജി-ക്ലാസ് വാഹനമാണു മാർപാപ്പ പൊതുസന്ദർശന വേളകളിൽ ഉപയോഗിക്കുന്നത്. എന്നാൽ അതിൽ പെട്രോളാണ് ഇന്ധനമായി ഉപയോഗിക്കുന്നത്.

ഫ്രാൻസിസ് മാർപാപ്പയുടെ പ്രത്യേകമായ ആവശ്യങ്ങൾ കൂടി പരിഗണിച്ച്, കമ്പനിയുടെ വിവിധ പ്ലാന്റുകളിൽനിന്നുള്ള വിദഗ്ധർ ഉൾപ്പെടുന്ന സംഘം കഴിഞ്ഞ ഒരു വർഷത്തെ പരിശ്രമത്തിനൊടുവിലാണ് പുതിയ പോപ്പ് മൊബീൽ നിർമിച്ചത്.

മാർപാപ്പയുടെ യാത്ര ആയാസരഹിതമാക്കുക എന്ന ഉദ്ദേശ്യത്തോടെ എളുപ്പത്തിൽ വട്ടം കറങ്ങാൻ സാധിക്കുന്ന സീറ്റാണ് ഇതിലുള്ളത്. കുറഞ്ഞ വേഗതയിൽ സഞ്ചരിക്കാനായി പ്രത്യേകമായി ഒരുക്കിയതാണ് SCV1 (വത്തിക്കാൻ സിറ്റി സ്റ്റേറ്റ് 1) എന്ന നമ്പറോടുകൂടിയ ഈ വെള്ളനിറത്തിലുള്ള വാഹനം.

# CELINE CHACKO

## "A WOMEN WITH GRACE AND PASSION FOR CHRIST"

Sister Celine Chacko was born on 1957 as the daughter of Mr. &Mrs. Ouseph and Mary Joseph at Karimannor, Thodupuzha, Idduki District, Kerala, and South India.

She was a devoted Catholic believer and even wanted to be a Catholic nun. But during her college life, she was involved in politics and was the vice chairman for the college election. While studying for her Bachelors, she had the opportunity to hear the Gospel from different groups. The Spirit of God was pricking her conscious and while listening to a Hindu convert sister named Salila, she realized the fact to confess her sins to Jesus and accepted Jesus Christ as her personal Savior in 1977.

While doing her BSc nursing at Post Graduate Institute, Chandigarh, she shared the Gospel to many others and encouraged many to accept Christ and many even took water baptism. Her true and genuine passion to share the Gospel with others strengthened her more and she honestly dedicated her life to serve the Lord with great commitment.

Celine Chacko devoted her

**Joseph Kurian, Houston**

entire life to serve the Lord, share the Gospel to others, encouraged many unbelievers to accept Christ and embolden many to live for



Christ. Sister Celine is a wonderful person with a kind heart, soft and gentle voice, soothing smile and one who exhibits strong faith in Christ.

Sister Celine married Pastor K.C Chacko in 1984 and migrated to US in 1985. As a Pastors wife for almost forty years she has been a strong pillar behind the ministry of her husband in Canada and USA. She fulfills a unique call, carries a special burden, and deserves a level of appreciation and honor that seldom expressed in our Churches. Her intercession carrying the burdens of the members, endurances, wisdom, compassion, care are very important for the success of her husband's ministry.

Pastor K.C Chacko is currently the Senior Pastor of IPC Bethel Church in Houston, Texas. She is a great inspiration and support to her husband in his Ministry. In 2000, Celine was diagnosed with cancer but God miraculously healed her fully and she has been used by God in various ways for His glory.

As a leader, Celine has taken many responsibilities in Churches, City Fellowships and Conferences. She has always excelled as a spiritual leader among the sisters Ministry in various levels. She has been a powerful spiritual leader and mentor to many sisters in different Churches and Communities. She is a good role model to many other sisters, women leaders and encouraged and empowered many to take leadership in different spiritual activities

(see page 30)

# യുദ്ധത്തിന്റെ പരിണിതഫലങ്ങൾ അനുഭവിക്കുന്നത് കുട്ടികൾ: കൈലാഷ് സത്യാർഥി

കൊച്ചി: യുദ്ധവും അക്രമവും ലോകത്ത് വർധിച്ചുകൊണ്ടിരിക്കുകയാണെന്നും യുദ്ധത്തിന്റെ ഉത്തരവാദിത്വം കുട്ടികൾക്കല്ലാതിരുന്നിട്ടുകൂടി അതിന്റെ പരിണിതഫലങ്ങളും ദുരന്തങ്ങളും അവരാണ് കൂടുതൽ അനുഭവിക്കേണ്ടിവരുന്നതെന്നും നൊബേൽ പുരസ്കാര ജേതാവ് കൈലാഷ് സത്യാർഥി.

റോട്ടറി ഇന്റർനാഷണൽ സൗത്ത് ഏഷ്യ സോണുകളുടെ ഗവർണർമാരുടെ സമ്മേളനമായ റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024-ൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മാനസികമായും ശാരീരികമായുമെല്ലാം നന്മചെയ്യാൻ തയാറാകുകയും തിരികെ എന്തെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിക്കാതിരിക്കുകയും വേണം. റോട്ടറി ക്ലബ് പോലുള്ളവ നിർവഹിക്കുന്ന നന്മ ലോകത്തിന് ആവശ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സമാപന ദിവസമായ ഡിസംബർ എട്ടിന് രാവിലെ 9.30-ന് ശശി തരൂർ എംപി സമ്മേളനത്തെ അഭിസംബോധന ചെയ്തു. കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെന്ററിൽ നടക്കുന്ന റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024-ൽ ഇന്ത്യക്കുപുറമേ ശ്രീലങ്ക, നേപ്പാൾ എന്നിവിടങ്ങളിലെ ആയിരത്തോളം ഗവർണർമാരും മുൻകാല, നിയുക്ത ഗവർണർമാരും നേതാക്കളുമാണ് പങ്കെടുക്കുന്നത്.

## പുതിയ ശ്രേഷ്ഠ കാതോലിക്കാ ബാവാ

(3-ാം പേജിൽനിന്നും)

സഭാ സമിതികളുടെ അഭ്യർത്ഥന അംഗീകരിച്ചതായി ഡിസംബർ എട്ടിന് മലേക്കുരിശ് ദയറായിൽ കുർബാന മധ്യേ അദ്ദേഹം അറിയിച്ചു. വൈകുന്നേരം സഭാ സുന്നഹദോസിലും ഇക്കാര്യം വ്യക്തമാക്കി.

ശാരീരിക അവശതകളെത്തുടർന്നു ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നു സഭയുടെ ഭരണപരമായ ചുമതലകൾ മെത്രാപ്പൊലീത്തൻ ട്രസ്റ്റി, യാക്കോബായ സഭ മലങ്കര മെത്രാപ്പൊലീത്ത എന്നീ നിലകളിൽ ജോസഫ് മാർ ഗ്രിഗോറിയോസ് വഹിച്ചു വരികയായിരുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ നാലാം തലമുറക്കാരനാണു ജോസഫ് മാർ ഗ്രിഗോറിയോസ്.

മുളന്തുരുത്തി മാർത്തോമ്മൻ ഇടവകയിൽ പെരുമ്പിള്ളി ശ്രാമ്പിക്കൽ പള്ളത്തിട്ടയിൽ വർഗീസിന്റെയും സാറാമ്മയുടെയും മകനായി 1960 നവംബർ 10-നു ജനിച്ചു.

## കൺവൻഷൻ ചെയർ

(24-ാം പേജിൽനിന്നും)

മാസ്റ്റേഴ്സ് ബിരുദധാരിയായ ജോയി ഇട്ടൻ സ്കൂൾതലം മുതൽ രാഷ്ട്രീയ ജീവിതം തുടങ്ങി. സ്കൂളിൽ ലീഡറായി. പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ താലൂക്ക് കെ.എസ്.യു പ്രസിഡണ്ട്, തുടർന്ന് കെ.എസ്.യു സ്റ്റേറ്റ് ജനറൽ സെക്രട്ടറി, കെപിസിസി മെംബർ, യൂത്ത് കോൺഗ്രസ് എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി, കേരളാ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, വിവിധ ട്രേഡ് യൂണിയനുകളുടെ നേതാവ്, കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ അങ്ങനെ പോകുന്നു സ്ഥാനമാനങ്ങൾ. ജോയി ഇട്ടൻ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡണ്ടായിരുന്നപ്പോൾ മികവുറ്റ പ്രവർത്തനം കാഴ്ചവെക്കുകയും അസോസിയേഷനെ മികച്ച തലത്തിലേക്ക് എത്തിക്കാൻ ഇതിലൂടെ ജോയി ഇട്ടന്റെ പ്രവർത്തനത്തിനു സാധിച്ചിട്ടുമുണ്ട്.

ഫൊക്കാന ചാരിറ്റി ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നമുക്കു സുപരിചിതമാണ്. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിലധികമായി അമേരിക്കൻ മലയാളി സംഘടനാ രംഗത്ത് സജീവമായ ജോയി ഇട്ടൻ തന്റെ ജന്മനാടായ ഊരമനയിൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും പിന്നീടത് വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്ത വ്യക്തിയാണ്. ഇതിനോടകം ഒൻപത് വീടുകൾ നിർമ്മിച്ചു നല്കിയ അദ്ദേഹം അർഹതയുള്ളവർക്ക് സഹായം എത്തിക്കുന്നതിൽ എന്നും മുൻപന്തിയിലാണ്. അഞ്ച് നിർദ്ധനരായ യുവതികളുടെ വിവാഹം നടത്തിക്കൊടുക്കുകയും മൂന്ന് നേഴ്സിങ് വിദ്യാർത്ഥികൾക്ക് പഠനസഹായം നല്കി ജോലി വാങ്ങി നല്കുകയും ചെയ്തു. എട്ടോളം മിടുക്കരായ നിർദ്ധനരായ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ എല്ലാ സഹായവും നല്കുകയും ചെയ്ത ജോയി ഇട്ടൻ മറ്റുള്ളവരുടെ വേദനകൾ കാണുകയും കേൾക്കുകയും ചെയ്യുകയും അവയ്ക്ക് ഉചിതമായ പരിഹാരം കാണുവാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തി കൂടിയാണ്. സാമൂഹിക പ്രവർത്തനത്തിനും ചാരിറ്റി പ്രവർത്തനത്തിനും നിരവധി പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്. ജോയി ഇട്ടന്റെ പ്രവർത്തന മികവ് ഫൊക്കാന കേരളാ കൺവൻഷൻ ഒരു ചരിത്രമാകും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ഫൊക്കാനയെ പുതിയ പ്രവർത്തന ശൈലിയിലൂടെ ജനഹൃദയങ്ങളിലേക്ക് ആകർഷിക്കത്തക്ക വിധത്തിൽ മാറ്റം വരുത്തിയുള്ള പ്രവർത്തനവുമായി മുന്നോട്ടു പോകുമ്പോൾ ഫൊക്കാന അതിന്റെ ജന്മനാടായ കേരളത്തിൽ നടത്തുന്ന കൺവൻഷൻ ജോയി ഇട്ടന്റെ നേതൃത്വത്തിൽ കുറ്റമറ്റതും ചരിത്രപരവുമായ ഒരു കൺവൻഷൻ ആയിരിക്കുമെന്നതിൽ സംശയമില്ലെന്ന് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജു, ജോ. സെക്രട്ടറി മനോജ് ഇടമന, ജോ. ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീ. ജോ. സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീ. ജോ. ട്രഷർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ് മറ്റ് കമ്മിറ്റി മെംബേഴ്സ് എന്നിവർ അറിയിച്ചു.

## സെക്രട്ടറി ധാക്കയിൽ

(3-ാം പേജിൽനിന്നും)

സന്ദർശിക്കുന്ന ഏറ്റവും മുതിർന്ന ഇന്ത്യൻ ഉദ്യോഗസ്ഥനാണ് മിശ്രി. ബംഗ്ലാദേശിലെ താല്ക്കാലിക സർക്കാരിൽ വിദേശകാര്യ മന്ത്രിയുടെ ചുമതലയുള്ള തൗഹിദ് ഹുസൈനുമായും അദ്ദേഹം ചർച്ച നടത്തും. ഇരുരാജ്യങ്ങളുടെയും ബന്ധത്തിലുണ്ടായ ഇടർച്ച പരിഹരിക്കാൻ മിശ്രിയുടെ സന്ദർശനത്തിനു കഴിയുമെന്ന് തൗഹിദ് ഹുസൈൻ വ്യക്തമാക്കി.

## മാർ ജോർജ് കൂവക്കാട്ട് കർദിനാളായി

(ഒന്നാം പേജിൽ നിന്നും)

ഇവരെ കർദിനാൾ പദവിയിലേക്ക് ഉയർത്തുന്നതായി ഓരോരുത്തരുടെയും പേരുകൾ ചൊല്ലി മാർപാപ്പ അറിയിച്ചു. പിന്നീട് കർദിനാൾമാർ വിശ്വാസ പ്രമാണം ചൊല്ലി സഭയോടും അതിന്റെ പാരമ്പര്യത്തോടുമുള്ള വിധേയത്വം പ്രഖ്യാപിച്ചു.

തുടർന്ന് കർദിനാൾമാർ ഓരോരുത്തരായി മാർപാപ്പയ്ക്കു മുന്നിലെത്തി വിധേയത്വം പ്രഖ്യാപിച്ചു. ക്രിസ്തുവിനോടും തിരുവചനങ്ങളോടും റോമിലെ പരിശുദ്ധ സിംഹാസനത്തോടും വാക്കിലും പ്രവൃത്തിയിലും മരണം വരെയും വിശ്വസ്തത പുലർത്തുമെന്നും ദൈവമഹത്വത്തിനും വിശ്വാസസംരക്ഷണത്തിനുംവേണ്ടി രക്തം ചിന്താൻ തയാറാണെന്നുമുള്ള പ്രതിജ്ഞ കർദിനാൾമാർ ചൊല്ലി.

പുതുതായി സ്ഥാനമേൽക്കുന്ന 21 കർദിനാൾമാരും മാർപാപ്പയ്ക്കു സമീപം എത്തി തലപ്പാവും മോതിരവും നിയമന പത്രവും (ബൂള) ഏറ്റുവാങ്ങി. ഇരുപതാമനായാണ് മാർ ജോർജ് കൂവക്കാട്ട് എത്തിയത്.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തുടങ്ങിയവരും കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ നേതൃത്വത്തിൽ പ്രത്യേക സംഘവും ചങ്ങനാശേരി അതിരൂപതയിൽനിന്നുള്ളവരും പങ്കെടുത്തു.

പുതിയ കർദിനാൾമാർ എട്ടിന് രാവിലെ 9.30-ന് (ഇന്ത്യൻ സമയം രണ്ട് മണി) ഫ്രാൻസിസ് മാർപാപ്പയ്ക്കൊപ്പം സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ കുർബാന അർപ്പിച്ചു.

ആർച്ച് ബിഷപ് മാർ തോമസ് തറയിലും മാർ ജോസഫ് പെരുന്തോട്ടവും സഹകാർമികരായി.

മാർ ജോർജ് കൂവക്കാട്ടിന് കർദിനാൾ പദവി ലഭിക്കുന്നത് ഇന്ത്യയ്ക്കു മുഴുവൻ അഭിമാനമാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്രൈസ്തവർക്കാകെ അഭിമാനമാണു സ്ഥാനലബ്ധിയെന്ന് മുഖ്യമന്ത്രി പിണറായി വിജയനും പറഞ്ഞു.

## CELINE CHACKO

**(from page 29)**

As an Evangelist, sister Celine has been tirelessly working to bring many to Christ. She has taken numerous mission trips to many different Nations and share the Gospel to many unbelievers and many souls have been added to the kingdom of God. She has conducted ten (10) medical camps as a means to share the gospel in different tribal colonies in West Bengal. Celine also did gospel mission work in Turkey with Korean organization named (INTERCP) and West Africa and few Muslims accepted Christ as their Savior.

Her extra ordinary life and dedication to serve Jesus Christ has achieved great things for the expansion of the kingdom of God and she has touched and transformed many through her graceful and loving approach to share the love of Christ with others. God healed and blessed this wonderful servant of God especially the last twenty five years (25) cancer free.

The Bible has many incidents of the helpfulness of people whose names are not given, but they did many good things, the young boy whose breads and fish Jesus used to feed many John (6:9),the owner of the house Jesus and disciples had the last supper ( Luke 22:11), the boy who saved Paul's life ( Acts 23:16-22). In our world today, there are many who receive no recognition, who never get their names published, but they are the one who faithfully intercede for others, give to the poor and needy, dedicate themselves to serve others, patiently suffer for Christ, courageously witness Christ to co-workers, neighbors, friends etc., In heaven the last shall be first ( Mathew 19:30). "It is better to be faithful than famous"

Thank God for this wonderful person and May the Lord bless her more to deliver many others in this world and around us who are weak, wounded, worrying, heartbroken, discouraged and live without hope. May the grace of God cover this servant of the Lord and enable her to fulfill His will in her life and to fight well, finish well and run well till God calls her home.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
IMPERIAL BALLROOM
MAJESTIC BALLROOM
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us

